# അദ്ധ്യായം – നാല്

# ബാലനാടകങ്ങൾ: 'പുഷ്പകിരീട'ത്തിനു ശേഷം

പ്രതിപാദ്യത്തെപ്പോലെ പ്രധാനമാണ് പ്രതിപാദനവും. ബാലഹൃദയങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയുന്ന വിധത്തിൽ പദങ്ങളും വാക്യങ്ങളും ലളിതമാക്കേണ്ടതുണ്ട്. കുട്ടികളുടെ പദസമ്പത്ത് പരിമിതമാണെന്ന വസ്തുത മറന്നുപോകാതെ വേണം ബാലനാടകരചന നിർവ്വഹിക്കുവാൻ. കുട്ടികൾക്കുവേണ്ടി നാടകരചന നിർവ്വഹിക്കുന്നവർ നിശ്ചയമായും അവരുടെ മന:ശാസ്ത്രം കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. കുട്ടികളുടെ സന്തോഷങ്ങൾ, സങ്കടങ്ങൾ, കുസൃതിത്തരങ്ങൾ, കളികൾ, അവരുടെ സംശയങ്ങൾ, അജ്ഞതകൾ, സ്വപ്നങ്ങൾ തുടങ്ങിയവയെല്ലാം വിവേചനപൂർവ്വം കൂട്ടിയിണക്കിയാൽ രസകരങ്ങളായി തോന്നുന്ന നാടകങ്ങളുണ്ടാക്കാം. ദ്രുതഗതിയിലുള്ള ചലനങ്ങളാണ് കുട്ടികൾക്കിഷ്ടം. ബാലനാടകരചന അതീവശ്രദ്ധയോടെ ചെയ്യേണ്ടതായ പ്രവൃത്തിയാകണം.

മലയാള ബാലനാടകവേദിയുടെ ചരിത്രം പരിശോധിക്കുമ്പോൾ ജി.ശങ്കരപ്പിള്ളയുടെ 'പുഷ്പകിരീട'ത്തിനു ശേഷം ജന്മം കൊണ്ടിട്ടുള്ള നാടകങ്ങൾ നിരവധിയാണ്. മലയാള ബാലനാടകചരിത്രത്തിൽ ശ്രദ്ധേയമായ ഇടം നേടിയ ബാലനാടകകൃതികളുടെ ലഘുവിശകലനമാണ് ഈ അദ്ധ്യായത്തിൽ സാധ്യമാക്കാൻ ശ്രമിച്ചിരിക്കുന്നത്.

## 4.1. 'കുഞ്ഞിക്കാലുകൾ' (1973)

മുതിർന്നവരുടെ തെറ്റിനെ സ്നേഹം കൊണ്ടു തിരുത്തുന്ന സത്യസന്ധത നിറഞ്ഞ നാടകമാണ് പി. നരേന്ദ്രനാഥ് എഴുതിയ 'കുഞ്ഞിക്കാലുകൾ'[1]. തൃശൂർ ഫൈൻ ആർട്സ് സൊസൈറ്റി ആദ്യമായി രംഗത്തവതരിപ്പിച്ച ഈ നാടകം ചുമ്മാർ ചൂണ്ടൽ സംവിധാനം ചെയ്തു. ലത, അനിത, സാവിത്രി, രാധ, ശ്രീപാർവതി, ലതിക, പ്രസാദ്, മോഹൻദാസ്, പ്രദീപ്, ബാബു, ഡേവിസ് എന്നീ കുട്ടികളും കലാമണ്ഡലം സുന്ദരനാരായണൻ, ചുമ്മാർ ചൂണ്ടൽ, ലീലാ കൃഷ്ണൻ തുടങ്ങിയവരും നാടകത്തിൽ അഭിനയിച്ചു. കലാമണ്ഡലം ഹൈദരാലിയായിരുന്നു സംഗീതസംവിധായകൻ. എറണാകുളത്തുള്ള ബാലനാടകസംഘമായിരുന്ന 'കുഞ്ഞിക്കാലുകൾ തിയറ്റേഴ്സ്' ആർട്ടിസ്റ്റ് പി. ജെ. ചെറിയാൻെറ നേതൃത്വത്തിൽ ഈ നാടകം അവതരിപ്പിക്കുകയുണ്ടായി.

സ്നേഹത്തിനു മുന്നിൽ ഏതു കഠിനമനസ്സും കീഴടങ്ങും. മനുഷ്യനായി ജീവിക്കാൻ എം. ബി. ബി. എസ്സും. എം. ഡിയും കൊണ്ടാവില്ല. മനുഷ്യത്വം കൂടി വേണമെന്നു ശശി തൻെറ അച്ഛൻ ഡോ. തമ്പിയെ പഠിപ്പിക്കുകയാണ്. ശശിയെന്ന നിഷ്കളങ്കബാലൻെറയും ഒരു കുടുംബത്തിനു വേണ്ടി പ്രാണൻ കളയാൻ പോലും തയ്യാറായ വേലുമ്മാൻ എന്ന മനുഷ്യൻെറയും ജീവിതത്തിലൂടെയാണു നാടകം വളരുന്നത്.

രംഗവേദി ഡോ. തമ്പിയുടെ വസതിയാണ്. മനസ്സിൽ സ്നേഹം നിറഞ്ഞ പുഞ്ചിരി സൂക്ഷിക്കുന്ന എഴുപതുവയസ്സുകാരൻ വേലുമ്മാനും

എട്ടുവയസ്സുകാരൻ ശശിയുമാണ് മുഖ്യകഥാപാത്രങ്ങൾ. വെറുമൊരു വേലക്കാരനെന്നതിനുമപ്പുറം ആ വീട്ടിൽ വേലുമ്മാൻ മറ്റാരൊക്കെയോ ആണെന്നുള്ള യാഥാർത്ഥ്യം നാടകത്തിലുടനീളം നിറഞ്ഞു നിൽക്കുന്നുണ്ട്. കുട്ടിയായിരിക്കുമ്പോൾ ശശീടച്ഛനേം അയാൾ ഉത്സവം കാണിക്കാൻ കൊണ്ടുപോയിട്ടുണ്ട്. കുട്ടിക്കാലത്ത് ശശിയുടെ അച്ഛൻ വേലുമ്മാന്റെ ചുമലിൽ കയറിയിരുന്നിട്ട് തനിക്ക് ആനപ്പുറത്തുകയറണമെന്നു പറഞ്ഞിട്ടുള്ളത് വേലുമ്മാൻ കൗതുകത്തോടെ ഓർമ്മിക്കുകയും ശശിയുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു. വേലുമ്മാന്റെ നെഞ്ചത്തു കിടന്നാണ് ശശിയുടെ അച്ഛൻ വളർന്നത്. അയാൾ ഉരുട്ടിക്കൊടുത്ത ചോറുരുള കഴിച്ചാണ് അച്ഛൻ വലുതായത്, ഡോക്ടറായത്. എന്നാൽ വേലുമ്മാവനു വയസ്സായപ്പോൾ കണ്ണു കാണാൻ വയ്യാതായി. ശശീടച്ഛനു അയാളെ കണ്ടുകൂടാതായി. കിഴവനായ അയാളുടെ മുഖത്തുനോക്കി ഒരു നല്ല വാക്കു പോലും പറഞ്ഞിരുന്നില്ല. ശശിയും അമ്മയും അങ്ങനെയല്ല. തൊട്ടതിനൊക്കെ അയാളെപ്പറ്റി അച്ഛൻ കുറ്റം പറയുമ്പോഴും ശശിയും അവന്റെ അമ്മ മാലതിയും അച്ഛനോടൊപ്പം നിൽക്കാൻ തയ്യാറാകുന്നില്ല.

ശശിയുടെ സുഹൃത്തുക്കളിൽ ചാമിയും വ്യത്യസ്തനാണ്. അവന്റെയച്ഛൻ മീൻപിടിത്തക്കാരനാണ്. മുഷിഞ്ഞ ഷർട്ടും കീറിയ ട്രൗസറുമാണവന്റെ വേഷം. സമ്പന്നരായ സന്തോഷും വിമലയും ചാമിയെ കളിയാക്കുമ്പോഴും അവനു തീരെ വൃത്തിയില്ല, അടുത്തു വരുമ്പോൾ മീൻ നാറുമെന്നു പറയുമ്പോഴും, ചാമിയെന്ന ഉജ്ജ്വലകഥാപാത്രം ശക്തമായ മറുപടി നൽകുന്നുണ്ട്. കൂട്ടുകാർ ചാമിയെ കളിയാക്കുമ്പോൾ ശശിയാണ് അവന്റെ രക്ഷയ്ക്കെത്തുന്നത്. കലോത്സവത്തി

നായുള്ള നാടക പരിശീലനത്തിൻെറ ഭാഗമായി ശശിയും ചാമിയും ചേർന്നൊരുക്കിയ നമ്പൂര്യച്ഛൻെറയും ഉണ്ണിനമ്പൂതിരിയുടെയും ഹാസ്യ രംഗം നാടകത്തിൻെറ രസം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നുണ്ട്.

പനി പിടിച്ചു കിടക്കുന്ന വേലുമ്മാനെ ഒന്നു പരിശോധിക്കാൻ ശശിയുടെ അച്ഛൻ ഡോക്ടർ തമ്പി മനസ്സുവയ്ക്കുന്നില്ല. അയാൾക്കു വേണ്ടി പ്രാണൻ കളയാൻപോലും തയ്യാറായ വേലുമ്മാൻ അയാളുടെ കാഴ്ചപ്പാടിൽ കിഴവനും വൃത്തികെട്ടവനും തൊലി ചുക്കിച്ചുളിഞ്ഞ് കണ്ടാലറയ്ക്കുന്ന സത്വവുമാണ്. കാഴ്ച നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വേലുമ്മാൻ തനിക്ക് ഒരു ഭാരമായിത്തീരുകയാണെന്നു ശശിയുടെ അച്ഛൻ വിശ്വസിക്കുന്നു. ഒരുകാലത്ത് അയാളെക്കൊണ്ടു പ്രയോജനമുണ്ടായിരുന്നു. എന്നാൽ നാളെ അയാൾ ഒരു കുരുടനാകുമ്പോൾ ആ വീടിനൊരു അധികപ്പറ്റായിത്തീരുമെന്നാണു ഡോക്ടറുടെ ഭാഷ്യം.

വേലുമ്മാനു കുറെ രൂപ കൊടുത്തു പറഞ്ഞുവിടാമെന്ന അച്ഛൻെറ അഭിപ്രായത്തോടു ശശിക്കു യോജിപ്പില്ല. താൻ അച്ഛനോളം വളരുകയും അച്ഛനൊരു വൃദ്ധനാകുകയും ചെയ്യുമ്പോൾ താനും അച്ഛനോടിങ്ങനെ ചെയ്താലോയെന്ന ശശിയുടെ മറുചോദ്യം ഡോക്ടർ തമ്പിയെ ഞെട്ടിക്കുന്നു. തനിക്ക് ഒഴിയാബാധയായിത്തോന്നിയ വൃദ്ധനെ ശശിയുടെ അച്ഛൻ വീട്ടിൽ നിന്നും അനാഥശാലയിലെത്തിക്കാനുള്ള ഏർപ്പാടു ചെയ്യുന്നു. അയാൾ ആ വൃദ്ധനുവേണ്ടി വാങ്ങിയ കമ്പിളിപ്പുതപ്പും മൂന്നു നാലു ഷർട്ടും ശശിയുടെ അമ്മ മാലതി നിർവ്വികാരയായി വേലുമ്മാനെ ഏൽപ്പിക്കുന്നു. വിറയാർന്ന കൈകൾ കൊണ്ട് അതു വാങ്ങി ആ വൃദ്ധൻ വിടവാങ്ങുന്നു.

വേലുമ്മാൻെറ അസാന്നിദ്ധ്യം ശശിയെ വല്ലാതെ ഉലയ്ക്കുന്നു. അവൻെറ ആരോഗ്യസ്ഥിതി വളരെ മോശമാകുന്നു. തൻെറ പുത്രൻെറ ജൽപനങ്ങളും സങ്കടങ്ങളും ഡോക്ടർ തമ്പിയെ മാനസാന്തരപ്പെടുത്തുന്നു. ഇതിനിടയിൽ ഒരു വെളിപാടു പോലെ വേലുമ്മാൻ അവിടെ വന്നു ചേരുന്നു. ശശിയുടെയും വേലുമ്മാൻെറയും വികാരനിർഭരമായ ഒത്തുചേരലോടെ നാടകത്തിനു തിരശ്ശീല വീഴുന്നു.

## 4.2. 'അ അധികം ആ' (1979)

കുട്ടികളിൽ സത്യസന്ധതയും സഹാനുഭൂതിയും വളർത്താൻ സഹായിക്കുന്ന നാടകമാണ് എബ്രഹാം ജോസഫിൻെറ 'അ അധികം ആ'[2]. ഹാസ്യത്തിൻെറ മേമ്പൊടി നിറച്ചാണ് നാടകകൃത്ത് പ്രമേയത്തെ സമീപിച്ചിരിക്കുന്നത്. ഒരു കള്ളമൊളിക്കാൻ പല കള്ളം പറയേണ്ടി വരുമെന്നും, സത്യമാണു ശരിയെന്നും ഈ നാടകം കുട്ടികളെ ബോധ്യപ്പെടുത്തുമെന്നുറപ്പാണ്. തികച്ചും ലളിതമായ കുടുംബാന്തരീക്ഷത്തിലാണ് നാടകം അരങ്ങേറുന്നത്. രവി, അമ്മ, ബാബു, കുട്ടപ്പൻ എന്നിവരാണു കഥാപാത്രങ്ങൾ.

രവിയുടെ പഠനമുറിയാണു രംഗപശ്ചാത്തലം. മേശപ്പുറത്തും താഴെയുമായി നോട്ടു പുസ്തകങ്ങൾ ഒരടുക്കും ചിട്ടയുമില്ലാതെ കിടക്കുന്നു. മേശയ്ക്കു മുകളിൽ തല കുമ്പിട്ടു കിടന്നുറങ്ങുകയാണു രവി. ഇതിനിടയിൽ അവൻെറ അമ്മ പ്രവേശിക്കുന്നു. ഉറക്കത്തിൽ നിന്നും പൂർണ്ണമായി ഉണരാതെ "താൻ രൂപാ അങ്ങു കൊടുത്തുവെന്നു" രവി പറയുന്നു. ആർക്കാണു രൂപ കൊടുത്തതെന്ന അമ്മയുടെ ചോദ്യത്തിൻെറ

ആവർത്തനത്തിനിടയിൽ (അ + അ)$^2$ എത്രയാണെന്നു ആലോചിക്കുകയാണെന്നും ബീജഗണിതത്തിലെ സൂത്രവാക്യങ്ങളെല്ലാം ഇപ്പോൾ മലയാളത്തിലാണു പഠിപ്പിക്കുന്നതെന്നും രവി പറയുന്നു.

പഠിക്കാനെന്നും പറഞ്ഞു മുറിക്കകത്തു കയറിയിരുന്ന് തൂങ്ങുന്നതും രൂപയെടുത്തു കണ്ടവർക്കൊക്കെ കൊടുക്കുന്നതും ചീത്ത കൂട്ടുകെട്ടുകളിൽ ഏർപ്പെടുന്നതും നല്ല കുട്ടികളുടെ ലക്ഷണമല്ലെന്ന് അമ്മ ഓർമ്മപ്പെടുത്തുന്നു. ഇതിനിടയിൽ രവിയുടെ കൂട്ടുകാരൻ ബാബു വന്നു ചേരുന്നു. $(a+b)^2$ എത്ര എന്നെഴുതണമെന്നത് ബാബു ക്ലാസിലിരുന്ന് സംസാരിച്ചതിനു സാറു നൽകിയ ശിക്ഷയാണ്. വഴിയിൽക്കിടന്നു കിട്ടിയ അമ്പതു രൂപയുടെ പങ്കുചോദിക്കാനാണു ബാബു വന്നത്. ആ രൂപ അതിൻെറ ഉടമസ്ഥനെ ഏൽപ്പിച്ചുവെന്ന് അവൻ പറഞ്ഞ മറുപടി ബാബുവിനു തൃപ്തിയാകുന്നില്ല. അവർ തമ്മിൽ അടി മുറുകുമ്പോൾ അമ്മ കടന്നു വരുന്നു. കാര്യകാരണങ്ങൾ തിരക്കുന്നതിനിടയിൽ രവിയുടെയും ബാബുവിൻെറയും സഹപാഠി കുട്ടപ്പൻ അവിടേയ്ക്കു പ്രവേശിക്കുന്നു. ഫീസടയ്ക്കാൻ തന്ന രൂപാ കളഞ്ഞതിന് അച്ഛൻ തന്നെ ഒരുപാടു വഴക്കു പറഞ്ഞുവെന്ന് കുട്ടപ്പൻ അറിയിക്കുന്നു. രവിയിൽ നിന്നും കടമായിട്ട് അൻപതു രൂപാ വാങ്ങിയതിലും ശിക്ഷ കിട്ടിയെന്ന് കുട്ടപ്പൻ പറയുന്നു. കുട്ടപ്പൻെറ കയ്യിൽ നിന്നും വീണു പോയ രൂപ അവനു തന്നെയാണു തിരിച്ചു നൽകിയതെന്ന് രവി അറിയിച്ചപ്പോൾ തനിക്കു സമാധാനമായെന്നും തൻെറ മകൻ അത്ര മോശക്കാരനായിട്ടില്ലെന്നും അവനിൽ കുറെ നന്മകൾ ബാക്കിയുണ്ടെന്നും അതു ധാരാളം മതിയെന്നും ആ അമ്മ ആശ്വസിക്കുന്നു. എല്ലാവരുടെയും ആഹ്ലാദച്ചി

രിയോടെയാണു നാടകം സമാപിക്കുന്നത്. സദ്ശീലം വളർത്താൻ ഉത കുന്ന നാടകമാണിത്.

## 4.3. 'സന്ദർശനം' (1981)

മഹാബലിയുടെ ജീവിതത്തിലെ ഏറ്റവും ഉജ്ജ്വലമായ നിമിഷ ത്തെ ആസ്പദമാക്കി കെ. പി. ബാബുദാസ് രചിച്ച നാടകമാണു 'സ ന്ദർശനം'[3].

*"സന്ദർശനം കുട്ടികളുടെ ഒരു നാടകമാണ്. എല്ലാ അർത്ഥ ത്തിലും അങ്ങനെയായിത്തീർന്നിരിക്കുന്നു. അത്തരം ഒരു ബഹുമതി മലയാളത്തിലെ അധികം കുട്ടികളുടെ നാടകങ്ങൾക്ക് നമുക്കു കൊടു ക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്നില്ല. കുട്ടികളുടെ നാടകത്തെ പ്പറ്റി അത്രകണ്ട് ധാരണാ വൈകല്യം ആ മണ്ഡലങ്ങളിൽ വ്യാപരിക്കു ന്നവർക്കുതന്നെയുണ്ട്."*[4]

ഓണപ്പാട്ടുകളും ഓണവില്ലിൻെറ നാദവും മുഴങ്ങി നിൽക്കുന്ന രംഗപശ്ചാത്തലത്തിൽ ആൺകുട്ടികളും പെൺകുട്ടികളും വിവിധതരം കളികളിൽ ഏർപ്പെട്ടിരിക്കുകയാണ്. ആൺകുട്ടികൾ രംഗവേദിയുടെ ഒ രു ഭാഗത്ത് ഫുട്ബോൾ തട്ടിക്കളിക്കുന്നു. പെൺകുട്ടികൾ മറ്റൊരു ഭാ ഗത്ത് പലതരം കളികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ പന്ത് പിന്നരങ്ങിലേയ്ക്കു തെറിച്ചു പോകുന്നു. മനയ്ക്കലെ സർപ്പക്കാ ട്ടിലേയ്ക്കാണു പന്തു പോയത്. പൊട്ടിപ്പോയ പന്തുമായി ഇനിയെന്തു ചെയ്യുമെന്ന് ആലോചിച്ചിരിക്കുന്ന കൂട്ടുകാർക്കിടയിലേക്ക് പ്രേക്ഷക മദ്ധ്യത്തിൽ നിന്നും അമ്മാവൻ എത്തുന്നു. കുട്ടികൾ അമ്മാവനോടൊ

പ്പം നേരമ്പോക്കിനായി പാട്ടു പാടി കൈ കൊട്ടിക്കളിക്കാനാരംഭിക്കുന്നു. ആ കളി മതിയായപ്പോൾ തിരുവോണമായിട്ട് മഹാബലിയുടെ കഥ നാടകമായി അവതരിപ്പിച്ചാലെന്തെന്ന ആലോചനയുണ്ടാകുന്നു. കുട്ടികളിലോരോരുത്തരും മഹാബലി, ശുക്രാചാര്യർ, പ്രഹ്ലാദൻ, ബലിയുടെ പത്നി, സൂത്രധാരൻ ഇങ്ങനെ കഥാപാത്രങ്ങളാകാനൊരുങ്ങുന്നു. വാമനനായി അഭിനയിക്കാൻ കൂട്ടത്തിലുള്ള ഏറ്റവും ചെറിയ കുട്ടിയെ അമ്മാവൻ കണ്ടു പിടിക്കുന്നു. അവനു പേടിയാണെന്നറിയിച്ചപ്പോൾ വാമനവേഷം ആർക്കു നൽകുമെന്ന് സന്ദേഹിച്ചിരിക്കെ ഉണ്ണി നമ്പൂതിരിയെന്ന കഥാപാത്രം രംഗമദ്ധ്യത്തിലെത്തുന്നു. കാണാൻ ചന്തമുള്ള ഉണ്ണി നമ്പൂതിരിയെ കുട്ടികൾ ഇതിനു മുൻപെങ്ങും കണ്ടിട്ടില്ല. മനയ്ക്കലെ ചാർച്ചക്കാരനായ കുട്ടി ഓണമായിട്ടു വിരുന്നുണ്ണാൻ വന്നതായിരിക്കുമെന്ന് കുട്ടികൾ കരുതി. മുൻപ് നാടകം കളിച്ചിട്ടില്ലെങ്കിലും അഭിനയപരിചയമൊട്ടുമില്ലെങ്കിലും ഉണ്ണി നമ്പൂതിരി വാമനവേഷമണിയാമെന്നു സമ്മതിക്കുന്നു. കുട്ടികൾ നാടകത്തിലെ കഥാപാത്രത്തിലെ വേഷമണിയുന്നത് വേദിയിൽ വച്ചാണ്. അമ്മാവൻ അവരെ സഹായിക്കുന്നുമുണ്ട്. വളരെ ലളിതമായ വസ്തുക്കൾ ഉപയോഗിച്ചാണ് ഒരുക്കം.

ശുക്രാചാര്യരുടെ നരച്ച താടിയ്ക്ക് ഉപയോഗിച്ചിട്ടുള്ളത് ഒരു വെളുത്ത തൂവലാണ്. മഹാബലിയുടെ കിരീടവും സേനാപതിയുടെ അരപ്പട്ടയും പ്ലാവില കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. രണ്ടു പഴയ കസേരകളാണ് മഹാബലിയുടെയും പത്നിയുടെയും സിംഹാസനം. ശുക്രമുനിയുടെ പീഠം ഒരു സ്റ്റൂളാണ്. പെൺകുട്ടികൾ കൊണ്ടുവരുന്ന മരച്ചില്ലകളാണ് വെൺചാമരമായിത്തീരുന്നത്. ഒരുക്കത്തിനു ശേഷം അമ്മാവൻ പ്രേക്ഷകരുടെ ഇടയിലിരുന്ന് നാടകം കാണുവാനായ് നീങ്ങു

ന്നു. പിഞ്ചോമനക്കിടാങ്ങളായ തങ്ങൾ അമ്പലപ്പറമ്പിൽ നാടകം അവ തരിപ്പിക്കുകയാണെന്ന് ഉറക്കെ പറഞ്ഞുകൊണ്ടാണ് നാടകാരംഭം.

ബലിയുടെ നാട്ടിൽ ഭിക്ഷയാചിച്ചെത്തുന്ന വാമനനു മൂന്നടി മണ്ണു ദാനം ചെയ്യുന്നതും വാമനൻ ബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തുന്നതും തുടർന്ന് ബലിക്ക് അനുഗ്രഹം ലഭിക്കുന്നതുമാണു കഥ. യുഗങ്ങൾ കഴിഞ്ഞാലും അവിടുത്തെ പ്രജകളുടെ മനസ്സിൽ മധുരസ്മരണയായി അങ്ങ് ജീവിക്കുമെന്നും മനസ്സിലും മുറ്റത്തും പൂക്കളൊരുക്കി നിറഞ്ഞ ഹൃദയത്തോടെ സ്തുതിഗീതങ്ങളും പാടി ജനങ്ങൾ എതിരേൽക്കുമെന്നും വാമനൻ ബലിയെ അനുഗ്രഹിക്കുന്നു. നാടകമവസാനിച്ചപ്പോൾ കുട്ടികളിൽ ചിലർ പിന്നരങ്ങിലും വേദിയിലും പ്രേക്ഷകർക്കിടയിലും ഉണ്ണിനമ്പൂതിരിയെത്തിരയുന്നു. അയാളുടെ പേരു ചോദിക്കാൻ കഴിയാതിരുന്നത് കഷ്ടമായിപ്പോയെന്നു വിചാരിക്കുന്നു. ഉണ്ണിനമ്പൂതിരിയുടെ പേരെന്തായിരിക്കുമെന്ന് ആശങ്കപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് വാമനൻ എന്നാണു പേരെന്ന് അമ്മാവൻ വിശദീകരിച്ചുകൊടുക്കുന്നു. മഹാബലിയെ എല്ലാവരും സ്വീകരിച്ചാദരിക്കുന്ന കാഴ്ച കണ്ട് കൺകുളിരാൻ വേണ്ടിയാണ് വാമനൻ നാടു സന്ദർശിച്ചതെന്ന് അമ്മാവൻ കുട്ടികൾക്കു പകർന്നു നൽകുന്നു.

കുട്ടികളുടെ സദസ്സു മാത്രമാണ് മുഖ്യമായും മുന്നിൽക്കാണുന്നതെന്നു തെളിയിക്കാൻ വേണ്ടി ഒന്നിലധികം സന്ദർഭങ്ങൾ നാടകത്തിൽ സന്നിവേശിപ്പിക്കാൻ നാടകകൃത്ത് മറക്കുന്നില്ല. മഹാബലിയുടെ കൂടെ വാമനൻെറയും വേഷത്തിനു നൽകിയിരിക്കുന്ന നവീനമായ വ്യാഖ്യാനം, പ്രേക്ഷകരും പ്രയോക്താക്കളുമായുള്ള നിരന്തരസമ്പർക്കത്തിലൂടെ അരങ്ങും സഭാതലവും തമ്മിൽ ഉണ്ടായിട്ടുള്ള അതിർവരമ്പു

കൾ ഭേദിക്കുന്നതിൽ കാണിച്ചിട്ടുള്ള കൗശലം-തുടങ്ങിയവയുടെ മുഴുവനർത്ഥവും മുതിർന്നവർക്കു കണ്ടെത്തുവാൻ കഴിയുന്നതാകാം. എന്നാൽ അമ്മാവനും കുട്ടികളും തമ്മിലുള്ള ആശയവിനിമയവും അവരുടെ കളികളും അതിലെല്ലാമുപരി വാമനനായിട്ടഭിനയിക്കാനെത്തുന്ന ഉണ്ണിനമ്പൂതിരിയും ബാലസദസ്സുകളെ പ്രത്യേകിച്ച് ആകർഷിക്കുമെന്നുറപ്പാണ്.

## 4.4. 'ഉണ്ടനും ഉണ്ടിയും' (1985)

വിശ്വാസവഞ്ചന മഹാപാപമെന്നും വിശ്വസിക്കുന്നവനെ സ്നേഹിക്കണമെന്നും അങ്ങനെ ചെയ്താൽ മനസ്സ് ഒരു ദിവ്യപ്രപഞ്ചമായിത്തീരുമെന്നുമുള്ള സന്ദേശമാണ് പി. നരേന്ദ്രനാഥ് രചിച്ച 'ഉണ്ടനും ഉണ്ടിയും'[5] എന്ന നാടകം കുട്ടികളുടെ സദസ്സിലേയ്ക്കെത്തിക്കുന്നത്. പന്ത്രണ്ടു വയസ്സിനു താഴെയുള്ള കുട്ടികൾക്കായി രചിച്ചിട്ടുള്ളതാണ് ഈ നാടകം. നാടൻ മട്ടിലുള്ള വേഷവും കുട്ടികൾ കൊട്ടുന്ന ചെറിയ ചെണ്ടയും ഇലത്താളവും തെങ്ങിൻ പൂക്കുലയും സിംഹത്തിന്റെ പൊയ്മുഖവുമാണ് ഈ നാടകാവതരണത്തിനു അവശ്യം വേണ്ടത്. ഉണ്ടൻ, ഉണ്ടി, സിംഹക്കുട്ടി, ചെണ്ട കൊട്ടുന്ന കുട്ടി, ഇലത്താളം കൊട്ടുന്ന കുട്ടി, സൂത്രധാരൻ, പാട്ടു പാടുന്ന കുട്ടി എന്നിവരാണു കഥാപാത്രങ്ങൾ. സൂത്രധാരന്റെ രംഗപ്രവേശത്തോടെ നാടകം ആരംഭിക്കുകയായി. നാടകത്തിന്റെ പ്രമേയം പ്രസിദ്ധമായ ഒരു നാടോടിക്കഥയാണ്.

വിറക് ഒടിക്കുവാൻ കാട്ടിലേക്കു പോകാനുള്ള സമയമായെന്നു പരസ്പരം അറിയിച്ചുകൊണ്ട് ഉണ്ടനും ഉണ്ടിയും അണിയറയിലെത്തുന്നു. കാട്ടിലെത്തി വിറകുശേഖരിച്ചാൽ അപ്പം തിന്നാം. സഹോദരീസ

ഹോദരന്മാരായ ഉണ്ടിയും ഉണ്ടനും കഷ്ടപ്പെട്ടുണ്ടാക്കിയതാണ് ഇരുപതു നെയ്യപ്പം. അപ്പമുണ്ടാക്കാൻ അരിയിടിച്ചു പൊടിച്ചത് ഉണ്ടനാണെങ്കിൽ പൊടിയും ശർക്കരയും കൂട്ടിക്കുഴച്ച് അപ്പത്തിനുള്ള മാവുണ്ടാക്കിയത് താനാണെന്നാണ് ഉണ്ടിയുടെ വാദം. ഒടുവിൽ ഉണ്ടിയുടെ തേങ്ങിക്കരച്ചിലിനു വിധേയനായി അവൾക്കു പന്ത്രണ്ടപ്പം നൽകാൻ ഉണ്ടൻ തീരുമാനിക്കുന്നു. അപ്പപ്പൊതിയും വെട്ടുകത്തിയുമായി അവർ കാട്ടിൽ പ്രവേശിക്കുന്നു. കാട്ടിൽ നിന്നും വിറകു ശേഖരിച്ച ശേഷം അവർ നെയ്യപ്പപ്പൊതി അഴിച്ച് അപ്പം തിന്നു തുടങ്ങുന്നു. ഇനി രണ്ടപ്പം മാത്രമേ ശേഷിക്കുന്നുള്ളൂവെന്നു ഉണ്ടി പറയുന്നു. ഇതിനിടയിൽ രണ്ടു കയ്യിലും പൂക്കുല തുള്ളിച്ചുകൊണ്ട് ഉറക്കെ ശബ്ദിച്ച് ഉണ്ടൻെറയും ഉണ്ടിയുടെയും മുൻപിലേക്ക് സിംഹക്കുട്ടിയുടെ വരവായി. എന്തിനാണു പേടിക്കുന്നതെന്നും താനൊന്നും ചെയ്യുകയില്ലെന്നും ഒരു പ്രത്യേക വാസനയറിഞ്ഞു വന്നതാണെന്നും സിംഹം പറഞ്ഞു. സിംഹക്കുട്ടിക്ക് ഉണ്ടി അപ്പം നൽകുന്നു. അടുത്ത ദിവസവും കുറച്ച് അപ്പം നൽകണമെന്നും അതിൻെറ ചെലവിലേക്കാവശ്യമായ കാശായി കാൽ വെള്ളി ഉറുപ്പിക തരുന്നുവെന്നും സിംഹക്കുട്ടി അറിയിച്ചു.

വിറകുകെട്ടു തലയിൽ വച്ച് വീട്ടിലെത്തിയ ഉണ്ടനും ഉണ്ടിയും അടുത്ത ദിവസം അപ്പം നിർമ്മിച്ച ശേഷം കാട്ടിലേക്കു തിരിച്ചു. സിംഹക്കുട്ടി എത്തിച്ചേരാൻ ഇനിയും താമസിക്കുമെന്നു പറഞ്ഞ് അവർ അപ്പം ആർത്തിയോടെ തിന്നുവാൻ തുടങ്ങി. അങ്ങനെ കൊതി കൊണ്ടും വിശപ്പു കൊണ്ടും അവർ അപ്പം തിന്നു തീർത്തു. ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ സിംഹക്കുട്ടി പ്രത്യക്ഷപ്പെടുന്നു. വിശ്വാസവഞ്ചന ചെയ്തുവെന്നും സുഹൃത്തായ തന്നെ ചതിച്ചുവെന്നും പറഞ്ഞ് സിംഹക്കുട്ടി കോപത്തോടെ അവരുടെ കഴുത്തിൽ പിടി മുറുക്കുന്നു.

തങ്ങളുടെ തെറ്റുകൾ മനസ്സിലായെന്നും ഇനി ആരെയും വഞ്ചിക്കു കയില്ലെന്നും സത്യം ചെയ്തപ്പോൾ സിംഹക്കുട്ടി പറഞ്ഞതിപ്രകാരമാണ്.

*"നിങ്ങൾ കുട്ടികളാണ്. ഞാനും നിങ്ങളെപ്പോലെ ഒരു കുട്ടിയാണ്. മനുഷ്യരായ നിങ്ങൾക്കു കൂടുതൽ ബുദ്ധിയും വിവേകവുമുണ്ട്. എന്നിട്ടും നിങ്ങൾ മറ്റുള്ളവരെ ചതിക്കുന്നു."* [6]

സിംഹത്തിൻെറ മനസ്സ് എത്ര വിശാലമാണെന്നു ബോധിച്ച ഉണ്ട നും ഉണ്ടിയും തെറ്റിനു പ്രായശ്ചിത്തം ചെയ്യാനും കഷ്ടപ്പെട്ടായാലും ഇരുപത് അപ്പമുണ്ടാക്കാനും ഉറപ്പിക്കുന്നു. അവർ കൂടുതൽ വിറകു ശേഖരിച്ച് അരിയും ശർക്കരയും നെയ്യും വാങ്ങി അപ്പമുണ്ടാക്കി, കാട്ടി ലെത്തിയ ശേഷം സിംഹക്കുട്ടിയെ വിളിക്കുന്നു. ഉണ്ടി ഉണ്ടൻെറ ക യ്യിൽ നിന്നും പൊതി വാങ്ങി സിംഹക്കുട്ടിയുടെ കയ്യിൽ വച്ചു. അവൻ ഒരപ്പമെടുത്ത് ഉണ്ടൻെറ നേർക്കു നീട്ടി. നിർബന്ധമായി കയ്യിൽ പിടി പ്പിച്ചു. അതുപോലെ ഉണ്ടിയുടെയും. രണ്ടു പേരുടെയും കണ്ണു നിറ ഞ്ഞു. പെട്ടെന്നവർ പൊട്ടിക്കരഞ്ഞു. സന്തോഷവും സങ്കടവും കൊ ണ്ടാണു കരഞ്ഞതെന്ന് സിംഹക്കുട്ടിയോടു പറയുന്നു. അപ്പം അസ്സലാ യിട്ടുണ്ടെന്ന് സന്തോഷത്തോടെ അറിയിച്ച സിംഹക്കുട്ടിയും ഉണ്ടനും ഉണ്ടിയും അപ്പം തിന്നുകൊണ്ട് രംഗമദ്ധ്യത്തിൽ താളാത്മകമായി ചുവടു വയ്ക്കുന്നു.

## 4.5. 'കൊച്ചുബാബു' (1985)

അദ്ധ്വാനത്തിൻെറ പ്രതീകമാണ് കൊച്ചുബാബു. തൻെറ വിദ്യാല യത്തിനു മാതൃകയും അഭിമാനവുമായി മാറിയ വിദ്യാർത്ഥിയുടെ ജീ വിതഗന്ധം നിറഞ്ഞ പ്രമേയമാണു പി. നരേന്ദ്രനാഥിൻെറ 'കൊച്ചുബാ

ബു'[7] എന്ന നാടകം മുന്നിൽ വയ്ക്കുന്നത്. അദ്ധ്വാനത്തിന്റെ മാഹാത്മ്യം വലുതാണ്. അതു തന്നെയാണ് ആത്മാഭിമാനവും. നാടകം പ്രേക്ഷകഹൃദയങ്ങൾക്കു പകർന്നു തരുന്ന സന്ദേശം ഇതാണ്. കൊച്ചുബാബുവിനെക്കൂടാതെ പണിക്കരു മാഷ്, ക്ലാസ്മാസ്റ്റർ, രമേശൻ, വിനോദ്, രാമദാസ്, ജോസഫ്, രവി, കൊച്ചുബാബുവിന്റെ ചേച്ചി, അനുജത്തി ലീല, നാലു പെൺകുട്ടികൾ, പത്രപ്രതിനിധികൾ എന്നിവരാണു കഥാപാത്രങ്ങൾ. രംഗം ഒന്നിലെ വേദി ഒരു ക്ലാസ് മുറിയാണ്. അവിടെ പ്രവേശിച്ച അദ്ധ്യാപകൻ കുട്ടികളിലാരോ ബോർഡിൽ വരച്ചിരിക്കുന്ന അണ്ണാന്റെ ചിത്രം നോക്കി ദേഷ്യപ്പെടുന്നു. സ്കൂൾ ഫൈനൽ വിദ്യാർത്ഥികളായ അവരോട് സംസ്കാരത്തോടെ പെരുമാറാൻ ആവശ്യപ്പെടുന്നു.

അണ്ണാൻ മാഷെന്നു വിളിച്ച് കുട്ടികൾ കളിയാക്കിയ പുതിയ അദ്ധ്യാപകനായിരുന്നു പിന്നീടു ക്ലാസിലെത്തിച്ചേർന്നത്. കുട്ടികൾ ചെയ്ത കുസൃതികളെ വളരെ രസകരമായി അദ്ദേഹം കൈകാര്യം ചെയ്യുന്നു. അരൂപൻ എന്ന തൂലികാനാമത്തിലെഴുതാറുള്ള പ്രസിദ്ധ സാഹിത്യകാരനായിരുന്നു അദ്ദേഹം. കൊച്ചുബാബുവിന്റെ ജീവിതദുരിതങ്ങൾ അദ്ദേഹം ചോദിച്ചറിയുന്നു. മത്സ്യത്തൊഴിലാളിയായിരുന്ന അവന്റെ അച്ഛനും അമ്മയും മരിച്ചു പോയി. ചേച്ചിയും പിന്നെ ഒരു അനുജത്തിയുമുണ്ട് ആ കുടുംബത്തിൽ. സ്കൂൾ വിട്ടാൽ ഉടനെ കൊച്ചുബാബു മീൻ കുട്ട ചുമക്കാൻ പോകും. പുലർച്ചെ മൂന്നു മണിക്ക് എഴുന്നേറ്റിരുന്നു പഠിക്കും. ഇതെല്ലാം കേട്ട മാസ്റ്റർ അദ്ഭുതാദരങ്ങളോടെ ആ കറുത്ത കുട്ടിയെ നോക്കുകയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. മാസ്റ്ററുടെ മുന്നിൽ കൊച്ചുബാബു പാടിയ പാട്ട് എല്ലാ കുട്ടികളുടെ

യും ഹൃദയം കവർന്നു. കൊച്ചുബാബുവിൻെറ കുടിലിൻെറ മുൻ വശമാണു രണ്ടാം രംഗത്തിലെ വേദി. വിശപ്പു സഹിക്കാനാകാതുള്ള അനുജൻ രവിയുടെ കരച്ചിലും അനുജത്തി ലീലയ്ക്ക് കലാസമിതി വാർഷികത്തിന് ഡാൻസ് അവതരിപ്പിക്കാൻ ആവശ്യമായ സാധനങ്ങൾ ഒരുക്കുവാനുള്ള തത്രപ്പെടലും ഹൃദയാർദ്രമായി അവതരിപ്പിച്ചിരിക്കുന്നു. ചേട്ടൻ പഠിച്ചു പാസായി ഉദ്യോഗസ്ഥനായാൽ രണ്ടു നേരവും വയറു നിറച്ചു ചോറുണ്ണാമെന്നു ദിവാസ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന അനുജത്തിയെക്കണ്ടപ്പോൾ ബാബുവിൻെറ കണ്ണു നിറയുന്നു.

ഇതിനിടയിൽ രമേശൻ, വിനോദ്, ജോസഫ് തുടങ്ങിയ കൂട്ടുകാർ അവൻെറ കുടിലിലേയ്ക്കു കടന്നു വരുന്നു. അവൻെറ ചേച്ചി നൽകിയ കിഴങ്ങു പുഴുങ്ങിയതു കൂട്ടുകാർ സംതൃപ്തിയോടെ കഴിക്കുന്നു. അനുജത്തി ലീലയും കൂട്ടുകാരികളും നൃത്തത്തിൻെറ പരിശീലന ഭാഗമായി നടത്തിയ അവതരണത്തെ അഭിനന്ദിച്ചുകൊണ്ട് എല്ലാവരും കൈയടിച്ചു നിൽക്കവേ കൊച്ചുബാബുവിൻെറ വീടന്വേഷിച്ചെത്തിയ പത്രപ്രവർത്തകരെക്കണ്ട് അദ്ഭുതപ്പെടുന്നു. കൊച്ചുബാബുവിന് പത്താം ക്ലാസു പരീക്ഷയിൽ ഒന്നാം റാങ്കു കിട്ടിയ വാർത്തയുമായാണ് അവർ വന്നു ചേർന്നിരിക്കുന്നത്. കൊച്ചുബാബുവിൻെറ ജീവചരിത്രക്കുറിപ്പും ഫോട്ടോയും ആവശ്യപ്പെട്ടു നിൽക്കെ മാസ്റ്ററും അവിടെ വന്നെത്തുന്നു. അദ്ധ്വാനത്തിൻെറ പ്രതീകമായ കൊച്ചുബാബുവിൻെറ അപ്പോഴുള്ള വേഷം സുന്ദരമാണെന്നും അതാണു പത്രത്താളുകളിൽ അച്ചടിച്ചു വരേണ്ടതെന്നും മാസ്റ്റർ പറയുന്നു. അങ്ങനെ സ്കൂളിൻെറ അഭിമാനമായി മാറുന്നതോടൊപ്പം കൊച്ചുബാബു എന്ന കുട്ടിയുടെ ജീവിതപ

രിവർത്തനത്തിന്റെ നനുത്ത മുഖം കൂടി നാടകകൃത്ത് ചിത്രീകരിക്കുന്നു.

## 4.6. 'വല്മീകം' (1989)

തമസാനദിയുടെ തീരത്തു മരക്കൊമ്പിൽ ഉല്ലസിച്ചു കഴിയുന്ന ഇണപ്പക്ഷികളിലൊന്നിനെ ക്രൂരനായ വനവേടൻ അമ്പെയ്തു വീഴ്ത്തിയപ്പോൾ ആ രംഗം കണ്ട് ആർദ്രമായ ആദികാവ്യം പാടിയ വാല്മീകിയുടെ ജീവിതകഥയാണ് കെ. തായാട്ട് കുട്ടികൾക്കായി എഴുതിയ 'വല്മീകം'[8] എന്ന നാടകം. മനശ്ശക്തിയെക്കാൾ വലിയ ശക്തിയെന്തുണ്ടെന്നു കുഞ്ഞുങ്ങളോടു ചോദിക്കുന്ന മുത്തശ്ശിയാണ് അവർക്കു മൺപുറ്റിൽ നിന്നും പുറത്തുവന്ന രാമായണകാരന്റെ കഥ പറഞ്ഞു കൊടുക്കുന്നത്. മുത്തശ്ശിയും കഥ കേൾക്കുന്ന കുട്ടികളും ആ മഹർഷിമാരും കാട്ടാളനും യാത്രികരായ രണ്ടു ബ്രാഹ്മണയുവാക്കളുമാണ് നാടകകഥാപാത്രങ്ങൾ.

കുട്ടികൾ കളിച്ചു തിമിർക്കുന്ന വഴിയോരത്താണു നാടകം തുടങ്ങുന്നത്. കളിയ്ക്കിടയിൽ കൂട്ടത്തിലൊരാൾ അകലെ നിന്നും ബദ്ധപ്പെട്ടുവരുന്ന മുത്തശ്ശിയെ കാണുന്നു. മുത്തശ്ശിയെ മൃദുവായി തള്ളിത്തള്ളി മരത്തണലിലെത്തിച്ച് കഥ പറയാൻ ശാഠ്യം പിടിക്കുന്ന കുട്ടികൾക്കിടയിലാണു 'വല്മീകം' നാടകം അരങ്ങേറുന്നത്. രത്നാകരൻ എന്ന കാട്ടാളൻ വല്മീകത്തിൽ നിന്നും പുറത്തു വന്ന് വാല്മീകിയായിത്തീർന്ന കഥ അങ്ങനെ കുട്ടികൾ പ്രേക്ഷകർക്കു മുൻപാകെ അവതരിപ്പിക്കുന്നു. മുത്തശ്ശി കഥ പറഞ്ഞു നടന്നകലുമ്പോൾ കുട്ടികൾ വാല്മീകി മഹർഷിയെന്ന സങ്കൽപത്തിലും പക്ഷിയെ അമ്പെ

യ്തു വീഴ്ത്തിയ കാട്ടാളനെ ശാസിക്കുന്ന സ്വരത്തിലും പ്രേക്ഷകർക്ക് അർദ്ധാഭിമുഖമായി നിന്ന്, വലതുകൈ ഉയർത്തി ഒരേ സ്വരത്തിൽ സ്ഫുടമായും സംഗീതാത്മകമായും മാനിഷാദ ആലപിക്കുന്നു. ഉജ്ജ്വലമായ പ്രകാശധാരയിൽ തിളക്കമാർന്നു നിൽക്കുന്ന കുട്ടികളെ പ്രേക്ഷകർ കണ്ടുകൊണ്ടിരിക്കുമ്പോൾ നാടകത്തിനു തിരശ്ശീല വീഴുന്നു.

## 4.7. 'ആനബോറൻ' (1990)

ബാലവേല ചെയ്യിച്ച് പണം തട്ടിയെടുക്കുന്ന സാമിയാരിൽ നിന്നും സ്വാതന്ത്ര്യത്തിൻെറ ലോകത്തിലേക്ക് കടന്നെത്തുന്ന രണ്ടു കുട്ടികളുടെ ജീവിതയാത്രയാണ് പി. എൻ. ചന്ദ്രൻ രചിച്ച 'ആനബോറൻ'[9] എന്ന നാടകം. രംഗവേദി ഒരു കടപ്പുറമാണ്. അവിടെ വന്നിരിക്കുന്ന ആളുകളുടെ അവ്യക്തമായ സംസാരവും വിൽപനക്കാരുടെ വായ്ത്താരികളും പശ്ചാത്തലത്തിൽ കേൾക്കാനാകുന്നു. ഭാഗ്യക്കുറി വിൽക്കുന്ന ഉണ്ണിയും നിലക്കടല വിൽക്കുന്ന ഉമയുമാണ് നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ. മുഷിഞ്ഞു നാറിയ വസ്ത്രങ്ങൾ ധരിച്ച ആ കുട്ടികൾ കച്ചവടം ചെയ്തു കിട്ടുന്ന പണം മുഴുവൻ സാമിയാരെന്ന തട്ടിപ്പുകാരനു നൽകണം. നന്നേ ചെറുപ്പത്തിലേയാണു സാമിയാര് ഉമയെ പിടിച്ചുകൊണ്ടു വന്ന് കാലൊടിച്ച് തെണ്ടാൻ പറഞ്ഞയച്ചത്. ഉമയെ മുടന്തിപ്പെണ്ണെന്നു കളിയാക്കി വിളിക്കുമ്പോൾ അവൾ ഉണ്ണിയെ തിരിച്ചു കളിയാക്കുന്ന പേരു തന്നെയാണു നാടകനാമവും–'ആനബോറൻ'.

ഓണദിവസം കടൽത്തീരത്തു കച്ചവടം ചെയ്യുന്ന അവർക്കിടയിൽ ഭംഗിയായി വസ്ത്രധാരണം ചെയ്ത ബൈജു എന്ന കുട്ടി ഓടി വന്ന് ഉമയിൽ നിന്നും മൂന്നു പൊതി കടല വാങ്ങുന്നു. അവർ പരസ്പരം പരി

ചയപ്പെടുന്നു. തങ്ങളുടെ യാതന നിറഞ്ഞ ജീവിതാനുഭവങ്ങൾ ഉണ്ണിയും ഉമയും അവനു മുന്നിൽ അവതരിപ്പിക്കുന്നു. സാമിയാർ നൽകുന്ന കപ്പ പുഴുങ്ങിയതും ഗോതമ്പു കഞ്ഞിയും കഴിച്ചുകൊണ്ടുള്ള ജീവിതവും കഞ്ചാവിനും മദ്യത്തിനും അടിമയായ അയാൾ നടത്തുന്ന ക്രൂരമായ ഉപദ്രവങ്ങളും പുറത്തു വരുന്നു. സാമിയാരുടെ മുമ്പിലിരുന്ന് കേമമായി ചിരിച്ചതിന് അയാൾ തീക്കൊള്ളികൊണ്ട് തൻെറ കവിളിൽ കുത്തി. അതു പഴുത്തു വീങ്ങി കവിളത്തുണ്ടായ പാട് അവൻ കാണിച്ചു കൊടുക്കുന്നു.

കഥാഗതി മാറുന്നത് ബൈജുവിൻെറ സ്വർണ്ണമാല കാണാതാകുന്നതോടെയാണ്. ഉണ്ണിയാണു മോഷ്ടാവെന്നു പോലീസുകാരനായ അവൻെറ അച്ഛൻ തെറ്റിദ്ധരിക്കുന്നുണ്ടെങ്കിലും പൂഴിയിൽ നിന്നും മാല കണ്ടെടുത്തപ്പോൾ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുന്നു. ഉണ്ണിയുടെയും ഉമയുടെയും തേങ്ങലുകൾ അയാളിൽ കുറ്റബോധമുണ്ടാക്കി. അവരുടെ ദുരിതങ്ങൾ തിരിച്ചറിഞ്ഞ ബൈജുവിൻെറ അച്ഛൻ ഒരു രക്ഷകനായി അവതരിക്കുന്നു. അവർക്കു നല്ല വസ്ത്രവും ഭക്ഷണവും നൽകി തങ്ങളോടൊപ്പം ചേർക്കുവാൻ തീരുമാനിക്കുന്നതോടെ ഉണ്ണിയെന്ന ആനബോറൻെറ മുഖത്ത് സന്തോഷം നിറയുന്നു.

## 4.8. 'പാൽപ്പായസം' (1993)

ജയപ്രകാശ് കുളൂർ 1993 ൽ തയ്യാറാക്കിയ കുട്ടികളുടെ നാടകമാണിത്. പരിഹാസത്തിൻെറ മേമ്പൊടിയോടൊപ്പം ജീവിതയാഥാർത്ഥ്യത്തിൻെറ നോവുകൾ കൂടി 'പാൽപ്പായസം'[10] വിളിച്ചുണർത്തുന്നുണ്ട്. ഒരു കുടുംബപശ്ചാത്തലത്തിലാണ് നാടകം. വീടിൻെറ ഉമ്മറത്താണു

നാടകം നടക്കുന്നത്. അച്ഛനും അമ്മയും നാലാം ക്ലാസിൽ പഠിക്കുന്ന മകനും ഉൾക്കൊള്ളുന്ന കുടുംബം. അമ്മ ഏതോ വാരിക വായിച്ചുകൊണ്ടിരിക്കെ മേശമേൽ ചാടിക്കളിക്കുന്ന ഒരു എട്ടുകാലിയുടെ ചലനം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന മകനിലൂടെയാണു നാടകം തുടങ്ങുന്നത്. ചാടിക്കളിക്കുന്ന എട്ടുകാലി തന്റെ ആജ്ഞ അനുസരിച്ചാണ് അതു ചെയ്യുന്നതെന്നാണ് അവന്റെ ഭാവം. അമ്മ വായന തുടർന്നുകൊണ്ടിരിക്കെ എട്ടുകാലിയെപ്പിടിച്ച് അതിന്റെ കാലുകൾ പിഴുതെറിഞ്ഞ് രസിക്കുന്നുണ്ട് മകൻ. എട്ടുകാലി, ഏഴുകാലി, ആറുകാലി, അഞ്ചുകാലി... ഒടുവിൽ കാലില്ലാത്ത എട്ടുകാലിയോടു അവൻ ചാടാനാവശ്യപ്പെടുകയാണ്.

*മകൻ: "ഇപ്പം നോക്കമ്മേ. ഞാൻ ചാടാൻ പറഞ്ഞാലും അതു ചാടുന്നില്ല. എത്ര ഉറക്കെപ്പറഞ്ഞിട്ടും കാര്യമില്ല. കണ്ടോ ചാടുന്നില്ല. എന്തെന്നറിയോ ഈ എട്ടുകാലിക്കിപ്പം ചെവി കേൾക്കില്ല. എട്ടു കാലിലാ ചെവി. അവനിപ്പം കാലില്ല. അതുകൊണ്ടു ചെവി കേൾക്കില്ല."*[11]

നാടകകൃത്ത് കുട്ടിയുടെ നേരമ്പോക്കു സംഭാഷണത്തിലൂടെയാണു ജീവിതയാഥാർത്ഥ്യങ്ങൾ പകർത്തുന്നത്. കുട്ടി വായിക്കുന്ന മലയാളം പാഠപുസ്തകത്തിലൂടെ അവരുടെ വീട്ടിലെ ദാരിദ്ര്യം തിരിച്ചറിയാനാകുന്നുണ്ട്. കപ്പടമീശക്കാരനായ അച്ഛൻ സഞ്ചിയുമായി അവിടെ എത്തുന്നതോടെ നാടകത്തിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള സഞ്ചാരമായി. പാൽപ്പായസം ഉണ്ടാക്കാനാവശ്യമുള്ള പാലും അരിയും പഞ്ചസാരയും മുന്തിരിയും കിസ്മിസും എല്ലാം കൊണ്ടാണ് അച്ഛന്റെ വരവ്. മകനോടു കിന്നരിച്ചുകൊണ്ടു നിൽക്കാതെ വേഗം പോയി പാൽപ്പായ

സമുണ്ടാക്കാൻ അച്ഛൻ അമ്മയോടു പറയുന്നു. പാൽപ്പായസമുണ്ടാക്കുന്നതെങ്ങനെയെന്നു വാരികയിൽ വായിച്ച് തുപ്പലും വിഴുങ്ങിക്കഴിഞ്ഞിരുന്ന അമ്മ പാൽപ്പായസമുണ്ടാക്കാനൊരുങ്ങുമ്പോൾ നാടകത്തിലേക്കു മറ്റു കഥാപാത്രങ്ങളുടെ വരവായി. പാൽപ്പായസത്തിന്റെ മണം മെയിൻ റോഡു വരെ എത്തുമ്പോൾ ഭിക്ഷക്കാരൻ, യുവാവ്, മദ്ധ്യവയസ്കൻ... ഇങ്ങനെ പുറത്തു നിന്നു പലരും വരുന്നു. മകൻ കുറുമ്പുകാണിച്ച് അവരെ ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഫലിച്ചില്ല. തന്നിലേക്കു തന്നെ ഒതുങ്ങി, സ്വകാര്യസുഖം ആസ്വദിക്കാൻ ശ്രമിക്കുന്ന പുതിയ ലോകത്തിനു ഒത്തുചേരലിന്റെയും ഒരുമിച്ചിരുന്നു ഭക്ഷിക്കുന്നതിന്റെയും സുഖം പകർന്നുതരുന്ന ലളിതപാഠം ഈ നാടകത്തിൽ ഉൾച്ചേരുന്നു.

## 4.9. 'മിണ്ടാപ്പൂച്ച' (1993)

ജയപ്രകാശ് കുളൂർ 1993 ൽ പ്രസിദ്ധപ്പെടുത്തിയ നാടകമാണിത്. വിശേഷ് എന്ന കുസൃതിക്കാരൻ കുട്ടിയിലൂടെയാണു 'മിണ്ടാപ്പൂച്ച'[12]യുടെ കഥ മുന്നേറുന്നത്. ചെറുഗൃഹങ്ങളെപ്പോലും ഉപഭോഗസംസ്കാരം നിശ്ശബ്ദമായി വിഴുങ്ങുന്നതിന് ഒരുദാഹരണമാണ് ഈ നാടകം. വിശേഷിനെക്കൂടാതെ അച്ഛൻ ഗോപാലൻകുട്ടി മേനോൻ, അമ്മ തങ്കമണി, മുത്തച്ഛൻ പാക്കൻ നായർ, വേലക്കാരൻ കുട്ടപ്പൻ, മനോരോഗവിദഗ്ദ്ധൻ എന്നിവരും കഥാപാത്രങ്ങളായെത്തുന്നു. രാവിലെ ഉമ്മറത്ത് പത്രം വായിച്ചുകൊണ്ടും പല്ലു തേച്ചുകൊണ്ടുമിരിക്കുന്ന ഗോപാലൻകുട്ടി മേനോന്റെ മുന്നിൽ മുഖം വീർപ്പിച്ചെത്തുന്ന തങ്കമണിയുടെ സംഭാഷണത്തോടെ നാടകം ആരംഭിക്കുന്നു. അപ്പുറത്തെ വീട്ടിൽ

വാങ്ങിയ വി. സി. ആറിൻെറയും ഇപ്പുറത്തെ വീട്ടിൽ വാങ്ങിയ മാരുതിയുടെയും കണക്കു പറഞ്ഞ് സ്വന്തം വീട്ടിലൊരു ടി. വി. വന്നു ചേരാത്തതിൻെറ സങ്കടം പങ്കുവയ്ക്കുന്നു.

അച്ഛനും അമ്മയും തമ്മിലുള്ള പതിവു പരിഭവങ്ങൾക്കിടയിൽ പുത്രൻ വിശേഷ് ഉറക്കച്ചടവോടെ രംഗത്തു വന്ന് സ്റ്റൂളിലിരിക്കുന്നു. മുത്തച്ഛൻ പാക്കൻ നായരും അച്ഛനും അമ്മയും അവനോടു ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി ലഭിക്കാതാകുന്നതോടെ വിശേഷിൻെറ മൗനത്തെച്ചൊല്ലി അവർ ആശങ്കപ്പെടുന്നു.

*"ചില കുട്ടികൾ അങ്ങനെയാ. പെട്ടെന്നൊരു ദിവസം മിണ്ടാതാകും. സിദ്ധി കൂടുന്നതാ"*[13]

എന്ന മുത്തച്ഛൻെറ അഭിപ്രായപ്രകടനം കൂടിയായപ്പോൾ ആശങ്ക ഭയമായി മാറുന്നു. വേലക്കാരൻ കുട്ടപ്പൻെറ സൂത്രവും വിശേഷിൻെറ അച്ഛൻ കൊണ്ടു വരുന്ന മനശ്ശാസ്ത്രഡോക്ടറും മറ്റെല്ലാവരും പരാജയപ്പെട്ടു നിൽക്കുമ്പോൾ:

*"ദാ ഇപ്പോൾത്തന്നെ നേരം പന്ത്രണ്ടു മണിയാവാറായി. മോനൊരു വാക്കു മിണ്ടീട്ട്... ചെന്നുറങ്ങ്.. പ്ലീസ്.. മോനെ എടാ.. നിന്നെ ഞാൻ എപ്പോഴെങ്കിലും തല്ലിയതിൻെറ ദേഷ്യമാണെങ്കിൽ ദാ എന്നെയും നാലു തല്ലിക്കോ. ആരും ഇല്ല. എന്നെ ചീത്ത വിളിക്കണോ, വിളിച്ചോ. ചെവി നുള്ളണോ? ഇഷ്ടം പോലെ പിച്ചിക്കോ. എനിക്കറിയാം, നിൻെറ വാശിയാ ഇതൊക്കെ."*[14]

എന്ന് വിശേഷിൻെറ അച്ഛൻ സങ്കടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അവൻ സ്റ്റൂളിൽ നിന്നും മെല്ലെ എഴുന്നേറ്റ് പോകുമ്പോൾ മണി പതുക്കെ പന്ത്രണ്ടടിക്കുന്നു. അപ്പോൾത്തന്നെ വിശേഷ് സംസാരിക്കാൻ തുടങ്ങുന്നു. അവനെന്താണു പറ്റിയതെന്നുള്ള അച്ഛൻെറ ചോദ്യ ത്തിന് വിശേഷ് നൽകുന്ന മറുപടിയാണ് നാടകത്തിൻെറ കാതലായ വശം.

*"ഒന്നും പറ്റീട്ടല്ല. അങ്ങനെ എന്നെയാരും പറ്റിക്കാനും നോക്ക ണ്ട. ഞാൻ അച്ഛൻ പറയണതൊക്കെ കേട്ടിട്ടല്ലേ. മിണ്ടീട്ടില്ലന്നേയു ള്ളൂ. അച്ഛൻ പറഞ്ഞില്ലേ ഇരുപത്തിനാലുമണിക്കൂറ് മിണ്ടാതെ പറ ഞ്ഞതുപോലെ കേട്ടാൽ.. ഈ വീട്ടിലൊരു ടി.. വി. വാങ്ങിച്ചോണ്ടു വ രൂന്ന്. ഇപ്പം വാങ്ങിച്ചോണ്ടു വരണം."*[15]

നർമ്മവും രസകരമായ നാടകീയമുഹൂർത്തവും നിറഞ്ഞ നാടക ത്തിൽ വിശേഷിനു ഈ ബുദ്ധി പറഞ്ഞുകൊടുത്തത് അമ്മയാ ണെന്നും അമ്മയ്ക്ക് ഇതേ ബുദ്ധി പറഞ്ഞു കൊടുത്തത് അച്ഛനാ ണെന്നും വേലക്കാരൻ കുട്ടപ്പനും ഡോക്ടറും അറിഞ്ഞിട്ടാണ് ഇതൊ ക്കെച്ചെയ്യതെന്നുമായപ്പോൾ ഒരു ടി. വി. വീട്ടിലെത്തുകയെന്ന ചെറിയ കാര്യത്തിനുമപ്പുറം നാടകത്തിൻെറ ആശയം വളരുന്നു.

## 4.10. 'നാറ്റം' (1993)

കുട്ടികളുടെ നാടകമെന്നതിനുമപ്പുറം മുതിർന്നവരിലേക്കുകൂടി ചേക്കേറുന്ന നാടകമാണു ജയപ്രകാശ് കുളൂരിൻെറ 'നാറ്റം'[16]. രാജകൊ ട്ടാരത്തിൻെറ വാതിൽക്കൽ നിൽക്കുന്ന രണ്ടു പാറാവുകാരുടെ സംഭാ

ഷണത്തിലൂടെയാണു നാടകം ആരഭിക്കുന്നത്. കൊട്ടാരത്തിൻെറ അ കത്തു നിന്നു വരുന്ന കാറ്റിനാണു നാറ്റം. കൊട്ടാരം തന്നെ ചീഞ്ഞു നാറിത്തുടങ്ങിയിരിക്കുന്നു. കുറച്ചു കാലമായി എല്ലാവരും ഈ പ്രശ്നം അനുഭവിക്കുന്നുണ്ട്. എന്നാൽ ആരും ഇതെന്തുകൊണ്ടാണെന്നു പറയു ന്നില്ല. പറഞ്ഞാൽ തല പോകും. നാറ്റം വരുന്നത് രാജാവിൻെറ വാ യിൽ നിന്നാണ്. നാറ്റമുണ്ടെന്നു സൂചിപ്പിച്ച രാജ്ഞിയെ നാടു കട ത്തി. ഒരു രാജ്ഞിയുടെ ഗതി അതാണെങ്കിൽ തൻെറ ഗതി എന്തായി രിക്കുമെന്നാണു മന്ത്രിയുടെ ആശങ്ക. പാറാവുകാരനും മന്ത്രിയുമായു ള്ള സംഭാഷണത്തിനിടയിൽ കാറ്റിലൊഴുകിയെത്തിയ നാറ്റം സഹിക്കാ നാകാതെ പാറാവുകാരിൽ ഒരാൾ ഓക്കാനിക്കുന്നു. രാജാവു മട്ടുപ്പാ വിൽ നിന്നും ഇതു കാണുന്നു. രാജാവിനു വായ്നാറ്റമുണ്ടെന്ന ഒരു ആരോപണം നാട്ടിൽ ആരോ പറഞ്ഞു പരത്തിയിരിക്കുന്നു. രാജാവി നും സംശയമില്ലാതില്ല. പക്ഷേ, സ്വന്തം വായ്നാറ്റം അറിയാനുള്ള കഴി വ് രാജാവിനില്ലല്ലോ.

പ്രജകളൊക്കെ അസ്വസ്ഥരായിരിക്കെ രാജാവു മന്ത്രിയോട് ത ൻെറ വായ്നാറ്റം ഉള്ളതാണോ ഇല്ലാത്തതാണോയെന്നു തിരയുന്നു. ഉ ള്ളതാണെന്നു പറഞ്ഞ പാറാവുകാരനെ അങ്ങു ശിക്ഷിച്ചില്ലേയെന്നു അഭിപ്രായപ്പെട്ട മന്ത്രിയോടു തൻെറ മുഖത്തു നോക്കി തനിക്കു വാ യ്നാറ്റമുണ്ടെന്നു പറയാൻ വെറും പാറാവുകാരന് എങ്ങനെ ധൈര്യം വന്നുവെന്നും അതുപോലൊരുത്തൻ താൻ രാജാവായിരിക്കുമ്പോൾ ജീ വിച്ചിരുന്നുകൂടായെന്നുമായിരുന്നു രാജാവിൻെറ അഭിപ്രായം. ഇല്ലെന്നു പറഞ്ഞവൻെറ തല കൊയ്യാനിടയായ കാരണം തിരക്കിയപ്പോൾ, അ വൻ കള്ളനാണെന്നും സത്യത്തെ തീരെ വിലമതിക്കാത്തവനാണെന്നും

സ്വന്തം രക്ഷയ്ക്കുവേണ്ടി എന്തും പറയാൻ മടിക്കാത്തവനാണെന്നും അങ്ങനെയുള്ളവനു പിന്നെ തലയുടെ ആവശ്യമില്ലെന്നുമായിരുന്നു രാജാവിന്റെ മറുപടി. രാജാവിന്റെ വായ മണത്തു സത്യാവസ്ഥ പറഞ്ഞുകൊടുത്തില്ലെങ്കിൽ പ്രജകൾ തന്നെ പിച്ചിച്ചീന്തുമെന്നും അതുകൊണ്ടു തന്റെ തലകൊയ്തുകൊള്ളൂവെന്നും മന്ത്രി പറയുന്നു. ഇതിനു രാജാവു നൽകിയ മറുപടി നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുന്നതാണ്. 'നാറ്റ'മെന്ന ബാലനാടകം മലിനമായിക്കൊണ്ടിരിക്കുന്ന സമകാല രാഷ്ട്രീയസാമൂഹികജീവിതച്ചുറ്റുപാടുകളുടെ പൊയ്മുഖം പുറത്തു കൊണ്ടുവരുന്നു.

*"നീ എന്റെ വായ മണത്തെന്നും പക്ഷേ കടുത്ത ജലദോഷമായതിനാൽ മണം അറിയാൻ പറ്റിയിട്ടില്ല എന്നും പറയണം. പൊതുജനമല്ലേ. അവർ വിശ്വസിച്ചുകൊള്ളും. അവരുടെ അസ്വസ്ഥത അവസാനിക്കും. നാറ്റക്കേസ് കുറച്ചു കാലത്തേക്കു മാറിക്കിട്ടും. പിന്നെ നമുക്ക് ആലോചിക്കാം. എനിക്കു മിടുക്കനായ ഒരു മന്ത്രിയെക്കിട്ടിയല്ലോ."*[17]

സ്വന്തമായി അഭിപ്രായമില്ലാത്ത ശരിക്കും തെറ്റിനും, സത്യത്തിനും അസത്യത്തിനും, നീതിക്കും അനീതിക്കും ഇടയിൽ അഭിപ്രായപ്രകടനം നടത്തുന്നവർക്കു മാത്രമേ പുതിയ ലോകത്തിൽ ജീവിക്കാനാകൂ എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ നാടകം.

## 4.11. 'പത്തുമുതൽ നാലുവരെ' (1993)

പാർട്ടികളില്ലാത്ത, വർഗ്ഗീയതയില്ലാത്ത, ശാന്തിയും സമാധാനവും നിലനിൽക്കുന്ന ഒരു വിദ്യാലയം വിഭാവനം ചെയ്തുകൊണ്ടാണ് വി. ആനന്ദക്കുട്ടൻ നായർ 'പത്തുമുതൽ നാലുവരെ'[18] നാടകം രചിച്ചിരിക്കുന്ന

ത്. നമ്മുടെ നാട്ടിൻ പുറത്തെ ഒരു വിദ്യാലയത്തിൽ പ്രവൃത്തി ദിവസം രാവിലെ പത്തു മുതൽ വൈകീട്ടു നാലുമണിവരെയുള്ള സമയത്ത് സംഭവിക്കാവുന്നതെന്ന് കരുതുന്ന ചില ദൃശ്യങ്ങൾ ഏകദേശം ഒരു മണിക്കൂർ കൊണ്ട് അഭിനയിച്ചു തീർക്കാവുന്ന വിധം ഒതുക്കി അവതരിപ്പിച്ചിരിക്കുന്നു. കലാപകലുഷമായ ഇന്നത്തെ വിദ്യാലയങ്ങളിലെ അലങ്കോലങ്ങൾക്ക് നമ്മളെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഉത്തരവാദികളാണെന്ന് നാടകകൃത്ത് വിശ്വസിക്കുന്നു. അതുകൊണ്ട് ഒരാൾ മറ്റൊരാളിൽ പഴി ചാരി മേനി നടിക്കുന്നതിൽ അർത്ഥമില്ല. ഭാവി തലമുറയെ ദോഷകരമായി ബാധിക്കുന്ന ആ വിപത്തിനെ ഇനിയും കണ്ടു നിൽക്കാനാവില്ല. സമൂഹമനസാക്ഷിയെ തൊട്ടുണർത്തി ആ ദുരവസ്ഥയിലേക്കു ശ്രദ്ധ തിരിക്കാനും അതിനൊരു പരിഹാരം കാണാനുമാണ് നാടകകൃത്ത് ലക്ഷ്യമിട്ടിട്ടുള്ളത്.

കബീർ, വിഷ്ണു, ജോസ്, വാസു, ബാബു, ബാബുവിന്റെ അനുയായികളായ വിദ്യാർത്ഥികൾ, ചായക്കടക്കാരൻ, സ്കൂളിലെ പ്യൂൺ രാമൻ നായർ, ചുറുചുറുക്കുള്ള വിദ്യാർത്ഥിനി ശാന്തി, മിനി എന്നിവരാണു കഥാപാത്രങ്ങൾ. നാട്ടിൻ പുറത്തെ വിദ്യാലയത്തിലെ ഒരു ക്ലാസ് മുറിയാണു രംഗം. പ്രാർത്ഥനയ്ക്കുള്ള ഒറ്റമണി മുഴങ്ങുമ്പോൾ കുട്ടികൾ കൂട്ടമായി എഴുന്നേറ്റ് വന്ദേമാതരം ചൊല്ലുന്നു. നവോദയയിൽ പഠിച്ചിരുന്ന വിഷ്ണു പുതിയ വിദ്യാലയത്തിലെത്തിപ്പെട്ടതിന്റെ കഥ കൂട്ടുകാർ ചർച്ച ചെയ്യുന്നു. വിഷ്ണുവിന്റെ ഇംഗ്ലീഷ് കലർന്ന ഭാഷ കൂട്ടുകാർക്ക് അത്ര രസിക്കുന്നില്ല. ക്ലാസിൽ ടീച്ചർ വരാത്തതിന്റെ കാരണം കൂട്ടുകാരി ശാന്തി പറയുന്നുണ്ട്. ടീച്ചർ വീടു തോറും കയറി ആളുകളുടെ കണക്കെടുക്കുകയാണത്രെ.

ജോസിൻെറ അഭിപ്രായത്തിൽ ആറു ദിവസം ദൈവം മനുഷ്യനെ സൃഷ്ടിക്കുകയും ഏഴാം ദിവസം സ്വസ്ഥമായിരിക്കുകയും ചെയ്തു. അങ്ങനെയാണു ഞായറാഴ്ച അവധിയായത്. ശനിയാഴ്ച അവധി ടീച്ചർമാർക്ക് മുണ്ടലക്കാനും വീട്ടുകാര്യം നോക്കാനും മറ്റുമായിരിക്കുമെന്ന് വാസു കണ്ടെത്തുന്നു. കുട്ടികളുടെ നുറുങ്ങു സംഭാഷണങ്ങൾക്കിടയിലാണു വിദ്യാർത്ഥിനേതാവ്  ബാബുവും സംഘവും ക്ലാസിൽ വന്നു പഠിപ്പു മുടക്കുന്ന വിവരം അറിയിക്കുന്നത്. ഡൽഹിയിലുള്ള ഒരു വിദ്യാർത്ഥിയെ പൊലീസ് മർദ്ദിച്ചതാണ് സമരാഹ്വാനകാരണം. സമരക്കാർ ശങ്കരപ്പിള്ളയുടെ ചായക്കട തല്ലിത്തകർക്കുന്നു. പരാതിയുമായി വിദ്യാലയത്തിലെത്തിയ ശങ്കരപ്പിള്ളയും പ്യൂൺ രാമൻ നായരും തമ്മിലുള്ള സംഭാഷണം ഇന്നത്തെ വിദ്യാലയാന്തരീക്ഷത്തിൽ എന്തെങ്കിലും തകർച്ചയുണ്ടെങ്കിൽ അതിലേക്കെല്ലാം വിരൽ ചൂണ്ടുന്നു. കത്തിക്കുത്തു നടക്കുന്നിടത്തു വലിഞ്ഞുകയറി പ്രാണൻ കളയാതെ വല്ല തയ്യലോ അച്ചു നിരത്തോ വർക് ഷോപ്പു പണിയോ പഠിച്ചാൽ പട്ടിണി കൂടാതെ കഴിയാമെന്നു രാമൻ നായർ കുട്ടികളോടു നടത്തുന്ന സംഭാഷണം പുതുതലമുറയ്ക്കുള്ള ഒരു അറിയിപ്പു കൂടിയാണ്.

രംഗം രണ്ടിൽ കുട്ടികളായ വാസുവും കബീറും തമ്മിലുള്ള സംഭാഷണമാണ്. സംഘടിക്കേണ്ടതിൻെറ ആവശ്യകതയായിരുന്നു വിഷയം. യുവജനോത്സവത്തിൽ ഒന്നാം സമ്മാനം ലഭിക്കാൻ വിധികർത്താക്കൾക്കു കോഴ കൊടുക്കുന്ന രക്ഷാകർത്താക്കളെ നാടകകൃത്ത് കണക്കിനു പരിഹസിക്കുന്നുണ്ട്. സഹോദരിക്ക് നൃത്തമത്സരത്തിൽ ഒന്നാം സമ്മാനം കിട്ടിയത് സഹോദരിയുടെ നൃത്താദ്ധ്യാപകൻ വയ്യാവേലിപ്പിള്ളയുടെ ശിഷ്യൻ കുഞ്ചിതപാദം പിള്ളയായിരുന്നു നൃത്ത

മത്സരത്തിൻെറ വിധികർത്താവ് എന്നതുകൊണ്ടു മാത്രമാണെന്ന് വിഷ്ണുവും ഉറപ്പിച്ചു പറയുന്നു. വിദ്യാർത്ഥികൾ മാത്രമല്ല അദ്ധ്യാപക രും മിന്നൽപ്പണിമുടക്കു നടത്തുന്നതിൽ വിരുതന്മാരാണെന്ന് നാടകകൃ ത്ത് സൂചിപ്പിച്ചിട്ടുണ്ട്. കോപ്പിയടി പിടിച്ച അദ്ധ്യാപകനെ പിരിച്ചയ യ്ക്കുവാൻ വിദ്യാർത്ഥി ഐക്യം സിന്ദാബാദ് വിളിക്കുന്ന ബാബു എ ന്തിനും ഏതിനും സമരമുറ സ്വീകരിക്കാൻ വെമ്പുന്ന പുതിയ തലമുറയുടെ അടയാളമാകുന്നു.

വിദ്യാലയത്തിൽ ശാന്തിയും സമാധാനവും നിലനിർത്താൻ സ്കൂ ളിലെ കുട്ടികളുടെ രക്ഷാകർത്താക്കൾ ഒരുമിച്ചു പ്രവർത്തിക്കണമെ ന്നും അതിന് അനുയോജ്യമായ വിധം കുട്ടികളെ വീട്ടിലും പുറത്തും നിയന്ത്രിച്ചുകൊള്ളാമെന്നും രക്ഷാകർത്തൃസംഘടന ഉറപ്പു നൽകുന്നു. വിദ്യാലയാന്തരീക്ഷം സമാധാനപരമാക്കുന്നതിന് ഹെഡ്മാസ്റ്റർ അവർ കൾ സ്വീകരിക്കുന്ന ഏതു നടപടിയെയും സ്വാഗതം ചെയ്യുന്നതായി അറിയിക്കുന്നു. രക്ഷാകർത്താക്കളെല്ലാം പ്രതിജ്ഞാപത്രത്തിൽ ഒപ്പു വയ്ക്കുന്നു. പള്ളിക്കൂടത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കാര്യം നേതാക്കന്മാരല്ല രക്ഷാകർത്തക്കളാണു തീരുമാനിക്കേണ്ടതെന്നു രാമൻ നായർ ബാബുവിനെ ഓർമ്മപ്പെടുത്തുമ്പോൾ എല്ലാ കുട്ടികൾക്കുമുള്ള ഒരു താക്കീതായി അതു മാറുന്നു. പഠിപ്പു മുടക്കും ഇറങ്ങിപ്പോക്കും ഇല്ലാതെ പഠിക്കാനും പഠിപ്പിക്കാനും ഉതകുന്ന അന്തരീക്ഷമൊരുക്കു മെന്ന ഉറപ്പോടെ കുട്ടികൾ കൂട്ടായ്മയുടെ ഗാനം പാടുന്നു. പാട്ട് അവ സാനിക്കുമ്പോൾ ദേശീയഗാനം പാടാനുള്ള മണിനാദം മുഴങ്ങുന്നു. കുട്ടികൾ എഴുന്നേറ്റു നിന്നു പാടുന്നു. സ്കൂൾ ദിവസം അവസാനി ക്കുന്നു. കൂട്ട മണിനാദം മുഴങ്ങുന്നു.

## 4.12. 'അപ്രിയസത്യം' (1995)

സത്യം കേൾക്കുന്നത് എല്ലാവർക്കും എപ്പോഴും ഇഷ്ടപ്പെട്ടെന്നു വരില്ല. അതുകൊണ്ടാണു ഗുരുജനങ്ങൾ പ്രിയസത്യമേ പറയാവൂ എന്ന് ഉപദേശിച്ചത്. അതായത് കേൾക്കുന്നവർക്ക് ഇഷ്ടപ്പെടുന്ന സത്യം. നേരു പറയണമെന്ന വാശിയുണ്ടെങ്കിൽ അതു വേണ്ടതുപോലെ വേണ്ടരീതിയിൽ പറയണം. പി. ആർ. ചന്ദ്രൻ രചിച്ച 'അപ്രിയസത്യം'[19] എന്ന ബാലനാടകം നൽകുന്ന സന്ദേശം ഇങ്ങനെയാണ്. കലാപരമായ മൂല്യങ്ങളോടൊപ്പം ധാർമ്മികമായ മൂല്യങ്ങളും നാടകത്തിന് അനുഗ്രഹമാണെന്നു നാടകകൃത്ത് വിശ്വസിക്കുന്നു. കലാസ്വാദകനും രസികനുമായിരുന്ന അക്ബർ ചക്രവർത്തിയുടെ രാജസദസ്സിൽ പ്രധാനിയായിരുന്ന ഒരാളായിരുന്നു ബീർബൽ. അദ്ദേഹത്തിൻെറ വൈഭവത്തെ വെളിപ്പെടുത്തുന്ന ഒരു നുറുങ്ങു കഥയുടെ ആശയമാണ് പ്രാദേശികമായ പശ്ചാത്തലത്തിൽ ഒരുക്കിയിട്ടുള്ള നാടകത്തിൻെറ പ്രമേയം.

നാടുവാഴിയുടെ ഭവനത്തിൽ ജ്യോത്സ്യം വശമുള്ള യുവാവ് വന്നുചേരുന്നു. ജ്യോതിഷവിധിയനുസരിച്ച് അവതരിപ്പിച്ച അപ്രിയസത്യം മൂലം യുവാവ് തിരസ്കൃതനായിത്തീരുന്നു. പെരുവഴിയിലെ ഒരു കളത്തട്ടിൽ വിഷാദത്തോടെയിരിക്കുന്ന യുവാവിനരികിൽ വന്നെത്തിയ വൃദ്ധനോടു തൻെറ സമയദോഷത്തെക്കുറിച്ചു യുവാവു പറയുന്നു. അതു സമയദോഷമല്ല, മറിച്ച് വിവരദോഷവും അനുഭവക്കുറവുമാണെന്നായിരുന്നു വൃദ്ധൻെറ കണ്ടെത്തൽ. യഥാർത്ഥത്തിൽ ആ യുവാവിനു പ്രായോഗികജീവിതത്തിൽ വലിയ പിടിപാടുണ്ടായിരുന്നില്ല. എഴുപതു വയസ്സുകാരനായ വൃദ്ധന് അനുഭവമാണു ഗുരു. എല്ലാം ഗ്രന്ഥങ്ങളിൽ നിന്നും അതേപടി പകർത്തിയാൽ അപകടമുണ്ടാകുമെന്നും ബുദ്ധിയും

യുക്തിയും നമ്മൾ പ്രയോഗിക്കണമെന്നുമുള്ള വൃദ്ധൻെറ ഉപദേശം യുവാവിനോടൊപ്പം പ്രേക്ഷകർക്കുമുള്ള ഉപദേശമാണ്.

നാടുവാഴി ജീവിച്ചിരിക്കുമ്പോൾത്തന്നെ അടുത്ത ചില ബന്ധുക്കളും പ്രിയങ്കരരായ ചിലരും മരിക്കുമെന്നാണ് യുവാവ് നാടുവാഴിയോട് ജ്യോതിഷവിധിപ്രകാരം പറഞ്ഞത്. കളം മാറിപ്പോയെന്നും കണ്ടുപറഞ്ഞത് ഗണിതവിധിയായിരിക്കാം-പക്ഷേ മുഖത്തു നോക്കി അപ്രിയസത്യം പറഞ്ഞുവെന്നും സത്യം പറയണമെന്ന് നീതിബോധമുള്ള യുവാവ് അതു പറയേണ്ടതുപോലെ പറഞ്ഞാൽ മതിയെന്നും സൂചിപ്പിച്ച വൃദ്ധൻ ചെറിയ കാര്യങ്ങളെ ഊതിപ്പെരുപ്പിച്ച് മനസ്സു ചീത്തയാക്കാതെ തൻെറ കൂരയിൽ കഴിയാമെന്നു പറഞ്ഞ് യുവാവിനെ ക്ഷണിക്കുന്നു. വൃദ്ധനിൽ നിന്നുള്ള അനുഭവപാഠങ്ങൾ യുവാവ് പഠിക്കുന്നു. വൃദ്ധൻെറ നിർദ്ദേശമനുസരിച്ച് വേഷപ്രച്ഛന്നനായി നാടുവാഴി സവിധത്തിലെത്തിയ യുവാവ്, അടുത്ത ബന്ധുക്കൾ പലരും മരിച്ചാലും അങ്ങു ജീവിച്ചിരിക്കുമെന്നു പറഞ്ഞപ്പോൾ സംതൃപ്തനായ നാടുവാഴി ധാരാളം സമ്മാനങ്ങൾ നൽകുകയും മാസത്തിലൊരിക്കൽ അവിടെ എത്തിച്ചേരണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. പ്രായോഗികജീവിതത്തിൽ ചില വേഷങ്ങൾ കെട്ടേണ്ടിവരും. അത് അന്യർക്ക് ഉപദ്രവം ഉണ്ടാകാതിരുന്നാൽ മതി. വൃദ്ധൻ യുവാവിന് ഇങ്ങനെ ഉപദേശം നൽകുന്നു. പ്രിയസത്യവും അപ്രിയസത്യവും. അതിൽ പ്രിയം തോന്നുന്നതേ പറയാവൂ.

## 4.13. 'പൂതവും കുട്ടികളും' (1996)

ഇടശ്ശേരി ഗോവിന്ദൻ നായരുടെ 'പൂതപ്പാട്ടി'[20]ൽ ഉണ്ണിയെ പിടിച്ചുകൊണ്ടു പോകുന്ന പൂതത്തിൻെറ കഥയാണു പറയുന്നത്. പഴയ കഥ

യ്ക്കും പഴയ കാലത്തിനുമപ്പുറം കുട്ടികളെ പിടിച്ചുകൊണ്ടു പോകുന്ന പുതിയ പൂതങ്ങൾ നമുക്കു ചുറ്റുമുണ്ടെന്നും അത്തരം പൂതങ്ങൾ കവർന്നെടുത്തു കൊണ്ടുപോകുന്നത് കുട്ടികളെയും കുട്ടിത്തത്തെയും ശൈശവത്തിൻെറ മാധുര്യത്തെയുമാണെന്ന് കെ. പി. എസ്. പയ്യനെടം 'പൂതവും കുട്ടികളും'[21] നാടകത്തിലൂടെ അറിയിക്കുന്നു. പണ്ടത്തെ പൂതങ്ങൾ കുട്ടികളെ മാത്രമേ പിടിച്ചിരുന്നുള്ളൂ. ഇപ്പോഴത്തെ പൂതങ്ങൾ ആദ്യം പിടിക്കുന്നത് മുത്തശ്ശിമാരെയാണെന്നു നാടകകൃത്ത് മുത്തശ്ശിയുടെ സംഭാഷണത്തിലൂടെ പറഞ്ഞുവയ്ക്കുന്നുണ്ട്. കുട്ടികളും മുത്തശ്ശിയും പൂതവുമാണ് ഈ നാടകത്തിലെ കഥാപാത്രങ്ങൾ.

കൂട്ടുകാരനെത്തേടിത്തളർന്ന കുട്ടികൾ നിരാശരായി മുത്തശ്ശിയുടെ അടുത്തെത്തുന്നു. നാലാം ക്ലാസിൽ സി. ഡിവിഷനിൽ പഠിക്കുന്ന ആനന്ദൻ എന്ന അവരുടെ പ്രിയ കൂട്ടുകാരനെയാണു കാണാതായിരിക്കുന്നത്. കള്ളനും പൊലീസും കളിക്കുന്നതിനിടയിലാണു കാണാതായിരിക്കുന്നത്. കല്യാണിക്കുട്ടിയുടെ മകനും തീറ്റക്കൊതിയനുമായ ആനന്ദൻ വിശന്നപ്പോൾ വീട്ടിൽപ്പോയതായിരിക്കുമെന്ന് മുത്തശ്ശി അഭിപ്രായപ്പെട്ടപ്പോൾ അവൻ അവിടെയും എത്തിയിട്ടില്ലെന്ന് കൂട്ടുകാർ പറയുന്നു. എങ്കിൽപ്പിന്നെ പൂതം പിടിച്ചുകൊണ്ടു പോയതാകുമെന്നായി മുത്തശ്ശി. കുട്ടിയെ പിടിച്ചുകൊണ്ടുപോയ പൂതത്തിൻെറ കഥ, പഴയ കഥ, പഴങ്കഥ അവർ പറയാൻ തുടങ്ങി. നങ്ങേലിയമ്മയ്ക്ക് ഉണ്ണി പിറന്നതും പൊന്നുങ്കുടം പോലൊരുണ്ണിയെ ലാളിച്ചോമനിച്ചു വളർത്തിയതും പഠിക്കാൻ പോയ ഉണ്ണി സന്ധ്യയായിട്ടും തിരിച്ചു വരാതിരുന്നതും പറഞ്ഞുകൊണ്ടിരിക്കെ അരങ്ങിലെ വെളിച്ചം കുറഞ്ഞ് മുത്തശ്ശിയും കുട്ടികളും അപ്രത്യക്ഷരാകുന്നു.

രംഗം രണ്ടിലെ പശ്ചാത്തലത്തിൽ ഉണ്ണിയെ തിരഞ്ഞുനടക്കുന്ന നങ്ങേലിയമ്മയെ അവതരിപ്പിക്കുന്നു. ഉണ്ണിയെ പൂതം പിടിച്ചുകൊണ്ടു പോയതാണെന്നറിഞ്ഞ് നങ്ങേലിയമ്മ പകച്ചു നിൽക്കുന്നു. പൂതവും നങ്ങേലിയും തമ്മിലുള്ള സംഭാഷണത്തോടെ മൂന്നാം രംഗം ആരംഭിക്കുന്നു. തന്റെ ഉണ്ണിയെ തിരിച്ചുതരാൻ ആവശ്യപ്പെടുന്ന നങ്ങേലിയമ്മയെ പേടിപ്പിക്കാൻ ശ്രമിക്കുകയാണു പൂതം. നാലാം രംഗത്തിൽ മുത്തശ്ശി കഥ തുടരുന്നത് കുട്ടികൾ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കുന്നു. വേഷം മാറി നരിയായും പുലിയായും കാറ്റായും വരുന്ന പൂതവും കുറ്റികണക്കെ പേടിക്കാതെ നിന്ന അമ്മയും മുത്തശ്ശിക്കഥയിൽ നിറയുന്നു. ക്ഷീണിതനായിരിക്കുന്ന പൂതത്തെയും അരികിൽ നിൽക്കുന്ന നങ്ങേലിയെയും കാണിച്ചു കൊണ്ടാണ് അഞ്ചാം രംഗം. എവിടെ വേണമെങ്കിലും വരാം. തനിക്കു ഉണ്ണിയെക്കിട്ടിയാൽ മതിയെന്നുറപ്പിച്ചു നിൽക്കുന്ന നങ്ങേലിയമ്മയ്ക്ക് പൂതം പാറക്കെട്ടിനടിയിലുള്ള പൊന്നും മണികളും കാണിച്ചു കൊടുക്കുന്നു. വികാരവിക്ഷോഭത്തോടെ തന്റെ കണ്ണുകൾ രണ്ടും പിഴുതെടുത്ത് പൂതത്തിനു നേർക്കു നീട്ടി തന്റെ പൊന്നോമന ഇതിലും വലുതാണെന്ന് നങ്ങേലി പറയുന്നു.

കണ്ണില്ലാതായ അമ്മയുടെ മുന്നിൽ പൂതം മറ്റൊരുണ്ണിയെ മായാവിദ്യയിലൂടെ നിർമ്മിച്ചു നൽകുന്നു. നങ്ങേലിയമ്മ കരസ്പർശത്താൽ തന്റെ ഉണ്ണിയല്ല മുന്നിൽ നിൽക്കുന്നതെന്നു തിരിച്ചറിയുന്നു. പെറ്റ വയറിനെ വഞ്ചിക്കുന്ന പൊട്ടപ്പൂതത്തിനെ ശപിക്കാനൊരുങ്ങുന്നു. പൂതം ഭയന്നു നിൽക്കുമ്പോൾ പശ്ചാത്തലത്തിൽ കാതടപ്പിക്കുന്ന പാശ്ചാത്യസംഗീതം നിറയുന്നു. അരങ്ങിൽ പ്രകാശം അണയുന്നു. സംഗീതം നിലയ്ക്കുന്നില്ല. പ്രകാശം തെളിയുമ്പോൾ മുത്തശ്ശിയും കുട്ടികളും അരങ്ങിലുണ്ട്. ഇപ്പോഴും പൂതങ്ങളുണ്ടെന്നും പണ്ടത്തെ പൂതങ്ങൾ കു

ട്ടികളെ മാത്രമേ പിടിച്ചിരുന്നുള്ളൂ, ഇപ്പോഴത്തെ പൂതങ്ങൾ ആദ്യം പിടിക്കുന്നത് തങ്ങളെയാണെന്നും മുത്തശ്ശി കുട്ടികളോടു പറയുന്നു. രംഗപശ്ചാത്തലത്തിൽ പാശ്ചാത്യസംഗീതം നിറയുമ്പോൾ മുത്തശ്ശി ക്കഥകളെയും പാട്ടിനെയും കുട്ടികളിൽ നിന്നും അകറ്റുവാൻ രൂപം കൊണ്ട വർണ്ണശബളമായ, വിസ്മയിപ്പിക്കുന്ന വേഷവിധാനത്തോടു കൂടിയ ടി. വി. യുടെയും ഡിഷ് ആൻറിനയുടെയും മറ്റും രൂപത്തോടു കൂടിയ പൂതം അദൃശ്യമായ ഒരു കയറു കൊണ്ട് മുത്തശ്ശിയെ വരി ഞ്ഞു മുറുക്കുന്നു. തങ്ങൾക്കിനി കഥ പറഞ്ഞു തരാൻ ആരാനുള്ളതെ ന്നു പറഞ്ഞു വിതുമ്പുന്ന കുട്ടികൾക്ക് താനാണു കഥ പറഞ്ഞു തരു ന്നതെന്നും 'ഭീകര മാന്ത്രിക അദ്ഭുത സസ്പെൻസ് ക്രൈം ത്രില്ലർ ക ഥകളാ'ണ് അതെന്നും പുതിയ പൂതം പറയുന്നു. കളിയായ കളിയും ചിരിയായ ചിരിയും കുട്ടികളിൽ നിന്നും പുതിയ പൂതം കട്ടെടുക്കുന്നു. അംഗവൈകല്യം ബാധിച്ചതുപോലെ നിൽക്കുന്ന കുട്ടികൾക്കിടയിൽ നാടകം അവസാനിക്കുന്നു.

## 4.14. 'സങ്കടക്കൂട്' (1997)

അമ്മക്കിളിയുടെ മരണവും കുഞ്ഞിക്കിളിയുടെ നൊമ്പരവും കു ട്ടികളുടേതുകൂടിയായി മാറുന്ന ദൃശ്യമാണ് എം. കെ. മനോഹരൻെറ 'സങ്കടക്കൂട്'[22] എന്ന നാടകത്തിൽ ദർശിക്കാനാകുന്നത്. അപ്പർ പ്രൈമറി വിഭാഗത്തിലുള്ള കുട്ടികൾക്ക് രംഗവേദിയിൽ ആത്മാർത്ഥമായും അഭിനയിച്ചു ഫലിപ്പിക്കാവുന്ന നാടകമാണിത്. ഇവിടെ അരങ്ങിലെ അഭിനയത്തിനുമപ്പുറം നാടകത്തിലെ കഥാപാത്രങ്ങളെ ഉൾക്കൊണ്ട് ജീവിക്കുവാനുള്ള നിരവധി നാടകമുഹൂർത്തങ്ങൾ നാടകകൃത്ത്

ഒരുക്കിവച്ചിട്ടുണ്ട്. പാട്ടും താളവും സ്വപ്നവും യാഥാർത്ഥ്യവും ഒത്തു ചേർന്നു മുന്നേറുന്ന സങ്കടക്കൂടിലെ പ്രധാന കഥാപാത്രം ചിന്നുവാണ്.

അരങ്ങ് ഒരു വയലാണ്. കുട്ടികൾ ഒത്തുചേരുന്നതിവിടെയാണ്. അരങ്ങിന്റെ പിന്നിൽ ഉയർന്നു നിൽക്കുന്ന ഒരു തലം ഉണ്ട്. വയൽപ്പ രപ്പിന്റെ ഒരു കഷണമാണത്. കുട്ടികൾ കളിക്കാനെത്തുന്ന ഒരു സാ യാഹ്നത്തിലാണു നാടകാരംഭം. ആറു കുട്ടികൾ കഥാപാത്രങ്ങളായി വ രുന്ന നാടകത്തിലെ ഒരു പെൺ കഥാപാത്രമാണു ചിന്നു. ഗ്രാമങ്ങ ളിൽ നിന്നു പോലും അകന്നു പൊയ്ക്കൊണ്ടിരിക്കുന്ന പാടശേഖരങ്ങ ളുടെ പശ്ചാത്തലത്തിൽ നാടകകൃത്ത് ഹൃദയനൊമ്പരം നിറഞ്ഞ നാട കം പകർന്നു തരുന്നു.

തിളക്കമാർന്ന കണ്ണുകളോടെ നേരിയ ചിരികൊണ്ട് സന്തോഷ ത്തിന്റെ ചാലുകളിട്ട് മുഖവുമായി രംഗമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്ന കുട്ടി പ്രേക്ഷകർക്ക് പക്ഷിക്കുഞ്ഞിന്റെ പിറവി പരിചയപ്പെടുത്തുന്നു. ആകാശത്തിന്റെ ഇളം നീല നിറമുള്ള ഇപ്പോൾ വിരിഞ്ഞ മുട്ടയിൽ നിന്നും എണീറ്റു വന്നതുപോലെ അത്രമാത്രം ചെറുതായ കിളികളെ കാണാൻ എന്തു രസമാണെന്നു പറഞ്ഞുനിൽക്കെ പക്ഷിക്കുഞ്ഞ് ക ണ്ണു തുറക്കുന്നു. മുതിർന്നവർക്കു നിസ്സാരമെന്നു തോന്നുന്ന കാര്യ ങ്ങൾ കുട്ടികൾക്ക് എത്രയോ വലുതാണ്. മുതിർന്നവർക്ക് അറിയാനാ കാത്ത പ്രകൃതിയുടെ ഭാഷയും സൗന്ദര്യവും കുട്ടികളുമായി എത്രയോ ലയിച്ചു ചേർന്നിരിക്കുന്നു. പക്ഷി ആദ്യം കണ്ടത് അവരെയാണെന്നു കുട്ടികൾ പരസ്പരം പറയുമ്പോൾ കൂട്ടത്തിലൊരാൾ പറയുന്ന മറുപടി നാം കൗതുകത്തോടെ സ്വീകരിക്കും.

*"ആദ്യം കണ്ടത് ഈ ആകാശാ ആകാശം."*[23]

താളാത്മകമായ ചലനങ്ങൾക്കും ലളിതമായ ഗാനങ്ങൾക്കും നാട കകൃത്ത് നിരവധി ഇടങ്ങൾ നൽകിയിട്ടുണ്ട്. വരമ്പിനപ്പുറത്തുനിന്നും അവർ കേൾക്കുന്ന പക്ഷിയുടെ കരച്ചിൽ തള്ളപ്പക്ഷിയുടേതാണെന്നു ചിന്നു പറയുന്നു. ആകാശത്തേക്കു പറന്നു പോകുന്ന തള്ളപ്പക്ഷിയെ കുട്ടികളുടെ മുഖഭാവങ്ങളിലൂടെ പ്രേക്ഷകർ കാണുന്നുണ്ട്. മഞ്ഞായ മഞ്ഞും വെയിലായ വെയിലും കൊണ്ട് മടങ്ങിവരുമ്പോൾ തന്റെ കുഞ്ഞ് എവിടെയാണെന്നു തള്ളപ്പക്ഷി ആശങ്കപ്പെട്ടാൽ

*"അമ്മേടെ കുഞ്ഞതാ പൂമരക്കൊമ്പില്*
*അമ്മേടെ കുഞ്ഞതാ പച്ചിലക്കൂട്ടില്"*[24]

എന്നു പാട്ടിലൂടെ ചിരിച്ചുകൊണ്ടു മറുപടി പറയുമെന്നു കുട്ടി കൾ. അരുണിന്റെ അച്ഛൻ പട്ടാളത്തിൽ നിന്നും പിരിഞ്ഞുവെന്നും അവിടെനിന്നും വരുമ്പോൾ അച്ഛന്റെ പെട്ടിയിൽ പ്രാവിനെയും കുളക്കോഴിയെയും വെടിവയ്ക്കാനുള്ള തോക്കു കാണുമെന്നും പറയു ന്ന അരുണിന്റെ വാക്കുകൾ കുട്ടികൾ ഭയാശങ്കയോടെ ശ്രവിക്കുന്നു. അരങ്ങിലെ മങ്ങിയ വെളിച്ചത്തിൽ രംഗവേദിയുടെ മുൻഭാഗത്ത് ചിന്നു ഒരു പക്ഷിക്കുഞ്ഞിനെപ്പോലെ പതുങ്ങിയിരിക്കെ പിന്നരങ്ങിലെ വരമ്പി ലിരുന്ന് കുട്ടികൾ ഒന്നിച്ചുന്നം വയ്ക്കുകയും പക്ഷിക്കുഞ്ഞിന്റെ കര ച്ചിൽ പോലെ ചിന്നുവിന്റെ ശബ്ദം പുറത്തേയ്ക്കു വരുകയും ചെയ്യു മ്പോൾ പ്രതീകാത്മകമായ ഒരു ചിത്രം നാടകമുഹൂർത്തവുമായി കോർ

ത്തിണക്കിക്കൊണ്ട് നമുക്കു ലഭ്യമാകുന്നു. അതോടൊപ്പം ഭാവിയിലെ അപകടഗന്ധം നിറഞ്ഞ വഴികൾ ഓർമ്മപ്പെടുത്തുക കൂടി ചെയ്യുന്നു.

പട്ടാളക്കാരന്റെ മകനായ അരുൺ കുട്ടികൾക്കു നേരെ ഉന്നം പിടിച്ചു നിൽക്കുന്ന ദൃശ്യവും കുട്ടികൾ രക്ഷപ്പെടാനെന്നതുപോലെ കുതിക്കുന്ന ദൃശ്യവും പക്ഷിയുടെ കരച്ചിലും മുൻപേ സൂചിപ്പിച്ചതു പോലെ അരുതാത്തതെന്തോ സംഭവിക്കാൻ പോകുന്നുവെന്നതിന്റെ അടയാളമായി മാറുന്നു. കുട്ടികളുടെ കളിചിരികൾക്കിടയിൽ പരിഭ്രാന്തി യോടെ ഓടിയെത്തിയ ചിന്നുവും പട്ടാളക്കാർക്ക് കണ്ണിൽച്ചോരയില്ലെ ന്നും അവർ ഒന്നും ബാക്കി വയ്ക്കുകയില്ലെന്നും രാവും പകലും മുഴു വൻ തോക്കും വെടിയുണ്ടയും രക്തവുമായി കഴിയുന്നവരാണ് അവ രെന്നും അരുൺ മുന്നറിയിപ്പു നൽകുന്നുണ്ട്. അതിർത്തിയിൽ ഒരു നി ഴലനങ്ങിയാൽ അതിനെപ്പോലും അവർ വെടി വയ്ക്കും. ചിന്നു മാത്രം രംഗവേദിയിൽ ഒരു സ്വപ്നത്തിലൂടെ നടന്നുപോകുന്ന ദൃശ്യം നാടക ത്തിലെ ക്രിയാംശപ്രധാനമായ ഒന്നാണ്. വർണ്ണച്ചിറകുകൾ ഇളകുന്ന പക്ഷികളായി അരങ്ങിന്റെ വിവിധഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കുട്ടി കളും അവർക്കിടയിലൂടെ മെല്ലെ മെല്ലെ നടന്നു വരമ്പിനടുത്തെത്തി മുട്ടുകുത്തി ഇരുന്നുകൊണ്ട് വരമ്പിനോടു മുഖം ചേർത്തു വച്ച് പതിഞ്ഞ സ്വരത്തിൽ സ്വപ്നത്തിലൂടെ ചിന്നു പറയുന്ന സംഭാഷണം ശ്രദ്ധിക്കാം.

"*പക്ഷിക്കുഞ്ഞിൻറമ്മേ... പക്ഷിക്കുഞ്ഞിൻറമ്മേ.. ഈ വയൽ വര മ്പിലൂടെ അവൻ വരും. ഒരു തോക്കും തൂക്കിപ്പിടിച്ച് അവൻ വരും. നെൽച്ചെടികൾ മറഞ്ഞു നിൽക്കണേ – ആകാശത്താരു കാണാത്ത ഉയരത്തിൽ പറന്നു മറയണേ.*"[25]

പ്രേക്ഷകഹൃദയങ്ങളിൽ ശക്തമായ മുറിവു സൃഷ്ടിച്ചുകൊണ്ടാണ് ആശങ്കകളും പരിഭ്രമങ്ങളും അവസാനിക്കുന്നത്. തന്റെ അച്ഛൻ പ്രാവിനെപ്പിടിക്കാൻ പോയിട്ടു വന്നത് തള്ളപ്പക്ഷിയേയും കൊണ്ടാണെന്നും അവർ കളിക്കുന്ന വയലിൽ നിന്നും അതിനെ കിട്ടിയതാണെന്നും അരുൺ കുട്ടികളോടു പറയുന്നു. ചിറകു മുളയ്ക്കാത്ത, കൊക്കു ചുവന്നിട്ടില്ലാത്ത കുഞ്ഞുപ്പക്ഷി എവിടെയായിരിക്കുമെന്നു തിരയുന്നതിനിടയിൽ ചിന്നുവിന്റെ ദു:ഖാർദ്രമായ സംഭാഷണം കേൾക്കാം.

*"ചിന്നു: ചിറകു മുളച്ചിരിക്കും - കൊക്ക് വിടർന്നിരിക്കും. പിന്നത് മെല്ലെ പറന്നിരിക്കും. അത് പരതുകയായിരിക്കും തള്ളപ്പക്ഷിയെ - അമ്മയെ... ആരും മിണ്ടരുതേ - അതു മാത്രം പറയരുതേ - തോക്കിന്റെ കാര്യം മാത്രം പറയരുതേ."* [26]

അരങ്ങു മുഴുവൻ ചിറകടിച്ചു നീങ്ങുന്ന പക്ഷികളും അവയുടെ അവ്യക്തമായ പാട്ടും നിറയവേ നാടകത്തിനു തിരശ്ശീല വീഴുന്നു. ദു:ഖപര്യവസായിയായ നാടകമാണ് സങ്കടക്കൂട്. കുട്ടികൾക്കു സന്തോഷത്തിന്റെ സുഗന്ധം പരത്തുന്ന കളികളും കുസൃതികളും നിറഞ്ഞ രംഗഭാഷയാകണം കുട്ടികളുടെ നാടകത്തിൽ ഉണ്ടാകേണ്ടത് എന്ന വാദം ഒരു ഭാഗത്തു നിലനിൽക്കെയാണ് 'സങ്കടക്കൂട്' എന്ന വിഷാദനാടകം അരങ്ങേറുന്നത്.

## 4.15. 'ചന്തുവിന്റെ വിശേഷങ്ങൾ' (1997)

എം. കെ. മനോഹരന്റെ 'ചന്തുവിന്റെ വിശേഷങ്ങൾ'[27] ഗ്രാമത്തിന്റെ ലാളിത്യവും നൊമ്പരവും നിറഞ്ഞ നാടകമാണ്. ചന്തുവെന്ന കുട്ടിയാണ് ഈ നാടകത്തിലെ മുഖ്യ കഥാപാത്രം. ചന്തുവിന്റെ കട

വിലാണ് നാടകത്തിൻെറ മർമ്മപ്രധാനമായ ഭാഗങ്ങളെല്ലാം തന്നെ അരങ്ങേറുന്നത്. യാത്രക്കാരെ തൻെറ വള്ളത്തിൽ അക്കരെയും ഇക്കരെയും കടത്തിവിടുന്ന തൊഴിലാണ് ചന്തുവിന്. കൂട്ടുകാരോടു ചന്തു പറയാറുണ്ട്, അവനു രണ്ടമ്മയുണ്ടെന്ന്. ഒന്ന് അവൻെറ പെറ്റമ്മയും മറ്റേതു പോറ്റമ്മ പുഴയും. ചന്തുവിൻെറ സൂര്യനുദിക്കുന്നതും അസ്തമിക്കുന്നതും ആ പുഴയിലാണ്. ചന്തുവിനെക്കുറിച്ച് കുട്ടികളിലൊരാൾ ഗ്രാമത്തിൽ ഏകാധ്യാപകവിദ്യാലയം നടത്താനെത്തിയ മാഷിനോടു പറയുന്നതിങ്ങനെയാണ്.

*"അവൻ വല്ലാത്തൊരുത്തനാണു മാഷേ.. ഒരു പേടിയുമില്ല. തോണിയിലുള്ളവർ പേടിച്ചു കൂനിക്കൂടിയിരിക്കുന്നതു കാണുന്നില്ലേ.. മറ്റുള്ളവരെ വെറുതെ പേടിപ്പിക്ക്വാ അവൻ."* [28]

ചിറകുകളൊക്കെ ഒതുക്കിവച്ച് ആകാശത്തിലൂടെ അസ്ത്രം പോലെ പായുന്ന പക്ഷിയെപ്പോലെയാണ് ചന്തുവിൻെറ തോണി വരുന്നത്. അക്ഷരം പഠിക്കണമെന്നും എഴുതാനും വായിക്കാനും പഠിക്കണമെന്നും കടവിനുമക്കരെ എന്തൊക്കെയാണെന്നറിയണമെന്നും മാഷു പറഞ്ഞപ്പോൾ ചന്തുവിനു പഠിക്കാനുള്ള ആഗ്രഹമേറി. പക്ഷേ ചന്തുവിൻെറ കടത്തുപണി നിന്നാൽ പിന്നെല്ലാം നിന്നു. പിന്നെങ്ങനെ അവൻെറ വിശപ്പു മാറും? അമ്മയ്ക്ക് ആരു മരുന്നു വാങ്ങിക്കൊടുക്കും? അമ്മയുടെ അസുഖം മാറുന്നതും പഠിക്കാൻ പോകുന്നതും പട്ടണത്തിൽ വലിയ ഉദ്യോഗം കിട്ടുന്നതും വലിയ ആളായി കടവു കടന്നു വരുന്നതും അമ്മ കടവില് കാത്തു നിൽക്കുന്നതും ചന്തു ഭാവന ചെയ്യുമ്പോൾ നാടകാസ്വാദകരും ശുഭപ്രതീക്ഷയോടെ അതു നെഞ്ചിലേറ്റുന്നു. അമ്മയ്ക്ക് ഒരു കമ്പിളിപ്പുതപ്പു വാങ്ങുകയെന്നതാണ് അവൻെറ

ഏക ആഗ്രഹം. പട്ടണത്തിൽ പോകുന്ന ആരോടെങ്കിലും പറഞ്ഞ് ഒരു കമ്പിളിപ്പുതപ്പ് തൻെറ അമ്മയ്ക്കു വാങ്ങിക്കൊടുക്കാൻ അവൻ തീരുമാനിച്ചു.

*"പിരാന്ത് പിടിച്ചതുപോലെ മഴ പെയ്യുമ്പോ, എൻെറ ഒരു കീറത്തുണിം പുതച്ച് - അമ്മ എടയ്ക്കു പറയും. എൻറടുത്തോട്ട് കെടക്കൂ ചന്തൂ. അമ്മയുടെ ശീതം മാറട്ടെ. അമ്മയെ കെട്ടിപ്പിടിച്ച് കെടക്കൂ ചന്തൂ. (പെട്ടെന്ന്) എനിക്കൊരു കമ്പിളിപ്പൊതപ്പു കൊണ്ടെത്തരുമോ മാഷ് (കയ്യിലെ പൊതി നീട്ടി) പതിനെട്ടുറുപ്യ ഉണ്ട്. ഈ ഒരു കമ്പിളിപ്പുതപ്പിന് തെകയൂലെ മാഷേ."* [29]

എന്ന പ്രതീക്ഷയോടെയുള്ള ചോദ്യത്തിന് പട്ടണത്തിലേക്കു പോകാനൊരുങ്ങുന്ന മാഷ്, വാങ്ങിക്കൊണ്ടു വരാമെന്നു സമ്മതം മൂളിക്കൊണ്ട് യാത്രയാകുന്നു. രംഗം തെളിയുമ്പോൾ കടവിൽ രാത്രിയിൽ മങ്ങിയ വെളിച്ചത്തിൽ ഉയർന്ന തലത്തിലിരിക്കുന്ന ചന്തുവിൻെറ കണ്ണുകൾ കാത്തിരിപ്പിൻെറ വ്യാപ്തിയിൽ മുഴുകിയിരിക്കുന്നതാണു നാം കാണുന്നത്. കടുത്ത മഴ പെയ്തു തിമിർക്കുന്നതോടൊപ്പം മാഷു വരുമോയെന്ന ആശങ്കയും പെരുകുന്നു. സ്കൂളിൽ വരാൻ കഴിയാത്ത തനിക്ക് മാഷു പ്രത്യേകം പാഠങ്ങൾ പറഞ്ഞു തന്നതാണ്. മാഷു വരുമെന്നു തന്നെ അവൻ ഉറച്ചു വിശ്വസിച്ചു. ഓരോ ദിവസവും മഴയിൽ കുതിർന്നു കടന്നുപോയി.

രംഗം ഇരുണ്ടു തെളിയുമ്പൊൾ ചന്തുവിൻെറ വീട്ടിൽ അവനെക്കാണാൻ കാത്തിരിക്കുന്ന അമ്മയെയാണു നമ്മൾ കാണുന്നത്. കമ്പിളിപ്പുതപ്പുമായി കുട്ടികളോടൊപ്പം വരുന്ന മാഷ് ചന്തുവിനെത്തിരയുന്നു. ഒരു മഴക്കാലം മുഴുവൻ ചന്തു നനഞ്ഞു തീർത്ത് അവസാനം അവനു

പനി പിടിച്ചെന്നും മൂന്നു നാൾ മുൻപ് അവൻ മാഷിനെക്കാത്ത് കടവത്തിരുന്നു നേരം പുലർത്തിയെന്നും കുട്ടികൾ പറഞ്ഞു. നിശ്ചലമായി നിൽക്കുന്ന രംഗവേദിയിൽ ചന്തുവെന്ന വിളി ഒരു തോന്നൽ മാത്രമായി മാറുന്നു. ആ തോന്നലിലേയ്ക്ക് രംഗവാസികൾ വഴുതി വീഴുന്നു. അതു നേർത്ത ശബ്ദത്തിൽ പ്രതിധ്വനിക്കുമ്പോൾ അലകളായ് നീങ്ങുന്ന കുട്ടികളെ മറച്ചുകൊണ്ട് തിരശ്ശീല വീഴുന്നു. അമ്മയോടുള്ള കറകളഞ്ഞ സ്നേഹത്തിൻെറ അടയാളമാണു ചന്തു. നന്മയുടെയും സഹനത്തിൻെറയും പ്രതീക്ഷയുടെയും പ്രതീകമാണു ചന്തു. അതുകൊണ്ടു തന്നെ നാടകത്തിനു പറയാനുള്ളതും ചന്തുവിൻെറ വിശേഷങ്ങളാണ്.

## 4.16. 'നടക്കുന്ന മരം' (1997)

സ്നേഹത്തിൻെറ മഹത്വം ഉദ്ഘോഷിക്കുന്ന നാടകമാണു 'നടക്കുന്ന മരം'[30]. സ്നേഹത്തിനു മരണമില്ല. കഥ നടക്കുന്നതു കാട്ടിലാണ്. കാട്ടിൽ കളികളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന മൃഗക്കുട്ടികൾ ഇളകിവരുന്ന അപ്പൂപ്പൻ മരവുമായി സംവദിക്കുന്നു. ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്നേഹസമ്പന്നരായ അപ്പൂപ്പനെയും അമ്മൂമ്മയെയും ആലിന്തറ ജി. കൃഷ്ണപിള്ളയുടെ നടക്കുന്ന മരത്തിലും കാണാം. കാടിൻെറ കറയറ്റ കാന്തിയാണു കുഞ്ഞുങ്ങളെന്നും അവരുടെ കളിയാരവങ്ങളിൽ ശുഷ്കിച്ച കൊമ്പിലും പൂക്കൾ വിരിയുന്നു. പൂന്തേൻ കിനിയുന്നു. പൂമണം പതയുന്നു. കാടിനു ചന്തം വയ്ക്കുന്നു എന്നെല്ലാം അപ്പൂപ്പൻ മരം പറയുന്നുണ്ട്.

അപ്പൂപ്പൻ മരം കുഞ്ഞു മൃഗങ്ങളോട് തൻെറ കഥ പറഞ്ഞു തുടങ്ങി. കാടിൻെറ പച്ച നിറമായെടുത്ത് കാഴ്ച കണ്ണായെടുത്ത് ഒച്ച ചുണ്ടായെടുത്ത് വേഗം ചിറകായെടുത്ത് തൻെറ കൊമ്പത്തു കൂടുകൂട്ടിയ

തത്തമ്മക്കിളിയായിരുന്നു തൻെറ ഇലയിളക്കി കൊമ്പനക്കി അനക്കം വയ്പിച്ചത്. കാടിൻെറ ക്രൗര്യം തീണ്ടാത്ത കാടു കറുത്താൽ കരയുന്ന കാടിൻെറ ചന്തം ചമയ്ക്കുന്ന പൈങ്കിളി കാടിൻെറ കാവലാളായിരുന്നു. മലമുകളിൽ അപ്പൂപ്പൻ മരത്തിൻെറ വാസസ്ഥലത്തിനു തൊട്ടരികിൽ താമസിച്ചിരുന്ന വിക്രമകേസരി എന്ന ദുഷ്ടനായ സിംഹം ലക്കും ലഗാനുമില്ലാതെ മൃഗങ്ങളെ കൊന്നെറിഞ്ഞു വിനോദിച്ചിരുന്ന കാലം. അപ്പൂപ്പൻ മരം വെറും മരമായി അതൊക്കെ നോക്കി നിൽക്കുമ്പോൾ തത്തമ്മക്കിളി 'അരുത് അരുത്..' എന്നു വിലക്കും. തത്തമ്മയുടെ വിലക്കുകൾ ശ്രദ്ധിക്കാതെ വിക്രമകേസരി കടന്നു വരുന്ന മൃഗങ്ങളുടെ മേൽ ചാടിവീണുകൊണ്ടേയിരുന്നു. തനിക്കു കൊല്ലാനും തിന്നാനുമാണു മൃഗങ്ങൾ എന്നവൻ വിശ്വസിച്ചിരുന്നു.

"*വിശപ്പിനു ഭക്ഷണം തേടാം.. പക്ഷേ വെറുതെ കൊന്നെറിയൽ... നിനക്കതിനവകാശമില്ല*"[31]

എന്നു പറയുന്ന തത്തമ്മക്കിളി വേട്ടക്കാരൻ കാട്ടിലെത്തുമ്പോൾ സിംഹത്തെയും സഹായിക്കുന്നു. ദുഷ്ടൻെറ ജീവനും പൈങ്കിളി വിലമതിക്കുന്നുണ്ട്. വേട്ടക്കാരനെപ്പേടിച്ച് ഒളിക്കാൻ പോയ സിംഹമാകട്ടെ കൂട്ടത്തിലൊളിച്ചവരെക്കൂടി തിന്നൊടുക്കുന്നു. പൈങ്കിളിയുടെ ഉപദേശവാക്കുകൾ കേട്ട് പശ്ചാത്താപവിവശനായി അഭിനയിച്ച സിംഹം അതിനെ തഞ്ചത്തിൽ തലഞെരിച്ചു കൊല്ലുന്നു. വീണ്ടും വേട്ടക്കാർ വന്നണയുമ്പോൾ പൈങ്കിളിയുടെ ശബ്ദത്തിൽ മരം സിംഹത്തിനും മുന്നറിയിപ്പു നൽകുന്നു. തൻെറ വേരുകളിലൂടെ ഇല ഞരമ്പുകളിലെത്തിയ പൈങ്കിളിയുടെ ശബ്ദമായിരുന്നു അതെന്നു മരം പറഞ്ഞപ്പോൾ സിംഹം ആത്മാർത്ഥമായും ദു:ഖിച്ചു. സ്നേഹത്തിനു മരണമില്ലെന്ന

വൻ തിരിച്ചറിഞ്ഞു. ആവശ്യമില്ലാതെ ഇനി ഒരുറുമ്പിനെപ്പോലും താൻ കൊല്ലില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു. കാടിൻെറ നിയമങ്ങൾ തെറ്റുമ്പോൾ വേരുകൾ പടരണമെന്നും ഞരമ്പുകൾ തുടിക്കണമെന്നും അപ്പൂപ്പൻ മരം കുഞ്ഞുങ്ങളെ ഉപദേശിക്കുന്നു.

*"കാടിൻെറ നിയമങ്ങൾ തെറ്റുമ്പോൾ നമ്മളിൽ കാടുണർത്തുന്ന കൊടുങ്കാറ്റു വീശണം. കാടിൻെറ നന്മ പൂക്കളായ് വിടരണം. കാടിൻെറ ചന്തം കാടിനുണ്ടാക്കണം... കുഞ്ഞുങ്ങളേ.."* [32]

കാട്ടിലെ സ്നേഹഗാഥ കേൾക്കുമ്പോൾ മൃഗവും കിളിയും മരവുമൊക്കെ പരസ്പരസ്നേഹവും വേദനയുമൊക്കെ പങ്കുവയ്ക്കുമ്പോൾ കാടു നന്നായിരുന്നെങ്കിൽ എന്നു തോന്നിപ്പോകും. മരങ്ങൾ പിന്നിലേക്കു നീങ്ങി ഉയർന്ന തലത്തിൽ നിൽക്കുകയും കുട്ടികൾ ആടിക്കൊണ്ടിരിക്കുകയും മരങ്ങൾ കുഞ്ഞുങ്ങളേയെന്നു വിളിച്ചുകൊണ്ട് തൊട്ടിലാട്ടും മട്ടിൽ ചില്ലകൾ വീശി നിൽക്കുകയും ചെയ്യുന്ന അവസാന നാടകദൃശ്യം ഹൃദയഹാരിയായിത്തീരുന്നു.

## 4.17. 'തിരുതുരപ്പപ്പെരുച്ചാഴി ശൂരമഹാരാജാവ്'(1997)

അപ്പക്കഷണത്തിനാർത്തി പെരുത്ത് അപ്പപ്പോൾ ഊരാക്കുടുക്കിൽ വീണ ശൂരനെലിയുടെ കഥയാണു ആലിന്തറ ജി കൃഷ്ണപിള്ളയുടെ 'തിരുതുരപ്പപ്പെരുച്ചാഴി ശൂരമഹാരാജാവ്'[33] എന്ന നാടകം പറയുന്നത്.

*"പൊയ്യും പൊരുത്തും കൊണ്ടു നെയ്യപ്പം നേടാനാകില്ല. നേരു കൊണ്ടു നേടണം. എന്തും നേരുകൊണ്ടു നേടണം."* [34]

കുട്ടികൾ തന്നെ അവസാന ഭാഗത്തു നടത്തുന്ന ഈ സംഭാ ഷണമാണ് നാടകം നൽകുന്ന സന്ദേശം. കയ്യും മെയ്യും അനങ്ങാതെ കട്ടും കവർന്നും തട്ടിപ്പറിച്ചും പള്ള വീർപ്പിക്കാൻ ശ്രമിച്ച ശൂരനെലിയാ ണു നാടകത്തിലെ മുഖ്യ കഥാപാത്രം. നാടകകൃത്തിൻെറ ജാഗ്രത്തായ സാമൂഹ്യബോധവും വീക്ഷണവും കുട്ടികളിലേക്ക് അവരുടെ ഭാഷ യിൽ പകർന്നു നൽകാനാകുന്ന ശക്തമായ ശ്രമം കൂടിയാണ് ഈ നാട കം. വേദിയിൽ കളിച്ചുരസിച്ചെത്തുന്ന കുട്ടികൾ കാണികളെ കഥ പറ ഞ്ഞു കേൾപ്പിക്കാനൊരുങ്ങുകയാണ്. കഥ കളിച്ചു കാണിക്കാനും അര ങ്ങത്താടാനും പാടാനുമുള്ളതാണെന്നു കുട്ടികൾ പറയുമ്പോൾ, കുട്ടിക ളുടെ നാടകത്തിൻെറ യഥാർത്ഥലോകത്തിലേക്ക് പ്രേക്ഷകർ കൂടുതൽ അടുക്കുന്നു.

പഴയ കൊട്ടാരത്തിൻെറ തട്ടിൻപുറത്താണ് ആദ്യരംഗം. ഒരിട ത്തു തള്ളിയിരിക്കുന്ന ചില സാധനങ്ങളുടെ കൂട്ടത്തിൽ ഒരു വലിയ ചിത്രമുണ്ട്. രാജാവിൻെറ ചിത്രം. പഴയ പെട്ടികളും കടലാസ്സുകെട്ടുക ളും കാണാം. നാടകത്തിലെ രംഗസജ്ജീകരണം യഥാർത്ഥമല്ല. വിവിധ രംഗങ്ങളിൽ മാറി മാറി ഉപയോഗിക്കാനാകും വിധത്തിലാണ് രംഗവസ്തു ക്കളുടെ നിർമ്മിതി. രംഗക്രിയകൾ സൂചനകൾ ഉപയോഗിച്ചു വികസി ക്കുന്നു. രാജാവിൻെറ ചിത്രം അടുത്ത രംഗത്തിൽ നിലക്കണ്ണാടിയായി മാറുന്നതു തന്നെ ഉദാഹരണം.

പഴയൊരു രാജകൊട്ടാരത്തിൻെറ പരന്നു പരന്നിരുന്ന തട്ടിൻ പു റത്തെ ഒരു കൂട്ടം എലികളുടെ കഥയാണു കുട്ടികൾ പറഞ്ഞു തുട ങ്ങുന്നത്. എലികളായി വേഷം കെട്ടിയവർ വേദിയുടെ പല ഭാഗങ്ങളി ലേക്കു മറയുമ്പോൾ പേരിൽ മാത്രം ശൂരത്വമുള്ള മഹാമടിയനായ ശൂ

രനെലിയുടെ നേർക്ക് പ്രകാശം കേന്ദ്രീകരിക്കുന്നു. പകുതി മറയത്തക്ക വിധത്തിലുള്ള മുഖാവരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നതുകൊണ്ട് എലികളുടെ ഭാഗങ്ങൾ നന്നായി വ്യക്തമാകുന്നു. താഴത്തെ രാജാവിന്റെ എച്ചിൽത്തൊട്ടിയിൽ വാവട്ടം മുഴുവട്ടത്തിൽക്കിടക്കുന്ന മുഴുദോശ തിന്നാൻ ശൂരനെലിക്കു കൊതിയാണെങ്കിലും അവൻ പോകുന്നില്ല. അപ്പൂപ്പനെലി കുട്ടിയെലികൾക്കു നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്.

*"എത്ര പള്ള നെറഞ്ഞിരുന്നാലും എലിയെക്കണ്ടാൽ പൂച്ചയ്ക്കു തനിക്കൊണമെളകും. ഉം.. സൂക്ഷിച്ചു പോയി വരിൻ.."* [35]

തട്ടിന്റെ വാതിലിൽ കയറി ദോശയുമായി വരുന്ന എലികളെ കാത്തിരിക്കുകയാണു ശൂരനെലി.

*"വിശപ്പ് എന്നു പറയുന്നത് എനിക്കും നിനക്കും ഒരുപോലെയാണെന്നതിനു സംശയമില്ലെന്നും വിശക്കുന്നവൻ ചുമക്കരുത്, ചുമക്കുന്നവനു വിശന്നാലും - അതിനാൽ പൊന്നുസോദരാ നിന്റെയീ തീറ്റ ഞാൻ ചുമന്ന് നിന്റെ മാളത്തിലെത്തിക്കണമെന്നാണ് എന്റെ എളിയ ആഗ്രഹം."* [36]

ഇങ്ങനെ വാചകമടിച്ച് കൂട്ടത്തിലുള്ളവരെ കുസൃതിയിൽ പാട്ടിലാക്കുന്ന മൂഴിയൻ എന്നു പേരുള്ള എലി പുത്തൻ രാഷ്ട്രീയനേതൃനിരയുടെ പ്രതീകമാണ്. മെയ്യനങ്ങാതെ തിന്നാൻ മഹാരാജാവായാൽ മതിയെന്നു ശൂരനെലി തിരിച്ചറിയുന്നു. എല്ലു മുറിയെ പാവങ്ങൾ പണിയെടുക്കുമ്പോൾ രാജാവിനു പല്ലു മുറിയെത്തിന്നാം. പളപളത്ത സിം

ഹാസനത്തിൽ മിനുമിനുത്ത തൊപ്പിയും വച്ച് ഞെളിഞ്ഞിരിക്കുമ്പോൾ നാട്ടാരു പണിയെടുത്ത് നാടിന്റെ സ്വത്തെല്ലാം തിരുമുമ്പിൽക്കൊണ്ടു കൂട്ടിയ രാജാവിന്റെ കഥ അപ്പൂപ്പൻ പറഞ്ഞപ്പോൾ ശൂരനെലിക്കു രാജാവാകാൻ ധൃതിയായി.

*"പണിയെടുക്കുന്നവൻ പട്ടിണി കെടക്കുമ്പം രാജാവും കുടുംബവും വേണ്ടതു തിന്ന് പള്ള നെറയ്ക്കും.. തിന്ന് തിന്ന്... വേണ്ടാത്തതു കൊണ്ടെച്ചിൽത്തൊട്ടി നിറയ്ക്കും."* [37]

ഒടുക്കം സഹികെട്ട് ജനങ്ങൾ ഒന്നിച്ചിളകി. രാജാവ് ഭരണം ജനങ്ങൾക്കു വിട്ടുകൊടുത്തു. എന്നിട്ടു രാജാവും ജനമായി. ജനം തന്നെ ജനത്തിന്റെ രാജാവുമായി. ജനാധിപത്യബോധം എത്ര ഹൃദ്യമായ വിധത്തിലൂടെയാണ് അപ്പൂപ്പന്റെ സംഭാഷണത്തിലൂടെ നാടകപ്രേക്ഷകരായിരിക്കുന്ന കുട്ടികൾ ഹൃദയത്തിലേറ്റുവാങ്ങുന്നതെന്നോർക്കുക. ജനരാജാവ് ജോലി ചെയ്തേ തിന്നൂ... തിന്നാവൂ. പളപളാത്തൊപ്പിയുമായി കല്ലേപ്പിളർക്കുന്ന കൽപനയും പുറപ്പെടുവിച്ചിരുന്നാൽ എലികളുടെ രാജാവാകാമെന്നു വിശ്വസിച്ച ശൂരനെലി തട്ടിൻപുറത്തെ പഴയ ഭാണ്ഡക്കെട്ടിൽ നിന്നും കിട്ടിയ പളപളത്ത തുണിയുമായി കൊട്ടാരം തുന്നൽക്കാരനായിരുന്ന കരകൗശലം വേലപ്പന്റെ പണിപ്പുരയിലെത്തി. അയാളുടെ പണിപ്പുരയിൽക്കണ്ട ആകർഷകമായ ചിത്രവേലകൾ ചെയ്ത തലപ്പാവ് ശൂരനെലി തഞ്ചത്തിൽ കൈക്കലാക്കുന്നു. ഒരു ബാലേ പാർട്ടിയിലെ രാജാപാർട്ടിനുവേണ്ടി നീക്കിവച്ചതായിരുന്നു ആ തലപ്പാവ്. ഉച്ചച്ചൂടിൽ മാളങ്ങളിൽ മറ്റെല്ലാവരും നല്ല മയക്കത്തിൽ കഴിയവേ പടത്തിൽ നിന്നും ഇറങ്ങിവന്ന രാജാവു തന്നതാണു തലപ്പാവെന്നു ശൂര

നെലി കള്ളം പറയുന്നു. താൻ രാജാവാണെന്നു സ്വയം പ്രഖ്യാപി ക്കുന്നു.

മുഷ്കൻ, മൂഴിയൻ എന്നിവർ ശൂരൻെറ ദിവാൻജിയും സേനാനി യുമായി മാറുന്നു. കാലിന്മേൽ കാലും വച്ചിരുന്ന അവരുടെ മുന്നിൽ തീറ്റക്കൂമ്പാരം വന്നു നിറയുന്നു. മരച്ചീനിയും നെല്ലും അരിയുമൊക്കെ തിരുമുൻപിൽ അർപ്പിക്കാത്തവരെയും തന്നെ എതിർക്കുന്നവരെയും പഴയ തകരട്ടിന്നിലടച്ചു പൂട്ടിയുട്ടു അവരുടെ മാളം അടിച്ചു നിരത്തി ക്കളയുമെന്നു അവർ ഭീഷണിപ്പെടുത്തുന്നു. ദുര മൂത്ത ശൂരരാജാവ് മനുഷ്യരുടെ രാജാവാകാൻ തീരുമാനിക്കുന്നു. ആപത്തിൽ നിന്നും ആ പത്തിലേക്കുള്ള പോക്കാണിതെന്നു പറയുന്ന അപ്പൂപ്പനെലിയുടെ മുന്ന റിയിപ്പ് ശൂരനും കൂട്ടരും അവഗണിക്കുന്നു. രാത്രി, കുറ്റാകൂരിരുട്ടിൽ ശൂരപ്പട രഹസ്യമായി താഴോട്ടു മാർച്ചു ചെയ്ത് കൊട്ടാരം വളഞ്ഞ് കൂർ ക്കം വലിച്ചുറങ്ങുന്ന കൊട്ടാരം സൂക്ഷിപ്പുകാരൻെറ കേശവും മീശയും കരണ്ടു കരണ്ടു നിർവ്വീര്യമാക്കുന്നു.

കൊട്ടാരവും സിംഹാസനവും പിടിച്ചെടുക്കാൻ ശൂരപ്പടയുമായെ ത്തിയ ശൂരനെലിക്കു മുന്നിൽ പഴയൊരു എലിക്കെണിയും അതിൽക്കു രുത്ത അപ്പക്കഷണവുമുണ്ടായിരുന്നു. കമ്പുകളും കൊടികളുമായി മാർ ച്ചു ചെയ്തു വന്ന ശൂരപ്പടയുടെ ശ്രദ്ധ മുഴുവൻ അപ്പക്കഷണത്തിൽ കേ ന്ദ്രീകരിച്ചു. പക്ഷേ ശൂരനെലിയുടെ കൊതി ശൂരപ്പടയെ നിശ്ചലരാ ക്കി. അപ്പക്കഷണത്തിനാർത്തി പെരുത്ത ശൂരനെലിയും മുഷ്കനും മൂ ഴിയനും ഒരുമിച്ച് അപ്പക്കഷണത്തിനടുത്തേയ്ക്കു ചാടുന്നു. ഊരാക്കെ ണിയിൽ അകപ്പെടുന്നു. അത്യാർത്തി ആപത്തെന്ന ഗുണപാഠമാണ്

'തിരുതുരപ്പപ്പെരുച്ചാഴി ശൂരമഹാരാജാവ്' എന്ന നാടകം ബോധ്യപ്പെടുത്തുന്നത്.

## 4.18. 'ആനച്ചിലന്തികൾ' (1997)

കുട്ടികളുടെ നാടകത്തിൻെറ യഥാർത്ഥലോകത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്ന നാടകമാണ് ആലിന്തറ ജി. കൃഷ്ണപിള്ളയുടെ 'ആനച്ചിലന്തികൾ'[38]. തൻെറ രചനകളിലെല്ലാം സംഘക്രിയകൾക്കും, പാട്ടുപാടിക്കൊണ്ടുള്ള അവതരണങ്ങൾക്കും, കൂട്ടായ്മയുടെ അർത്ഥം കൊണ്ടുള്ള കഥാപ്രകടനങ്ങൾക്കും ഇട നൽകാറുള്ള നാടകകൃത്തിൻെറ രചനാപാടവം ആനച്ചിലന്തികളിലും ആവർത്തിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ ഇഷ്ടം തോന്നുന്ന നാടോടിക്കഥകൾ, മൃഗകഥകൾ, അദ്ഭുതസംഭവങ്ങൾ, പാട്ടുകൾ, താളം തുടങ്ങിയവ നാടകത്തിലുടനീളം നിറഞ്ഞു നിൽക്കുന്നു. കുട്ടികളുടെ ഭാവനാലോകത്തെ നന്നായി ഉണർത്തുവാനൊരുങ്ങുന്ന കളി, ശബ്ദം, ചലനം, ക്രിയ എന്നിവ നിറഞ്ഞതാണ് ആനച്ചിലന്തികൾ. അവരുടെ മാനസികോല്ലാസത്തിനെ പരിപോഷിപ്പിക്കുന്നതിൽ നാടകകൃത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വെറുതെ കഥയവതരിപ്പിച്ചു പോകുന്നതിനുമപ്പുറം കളിയും കാര്യവും ചേർന്ന സർഗ്ഗാത്മകനാടകരചനാരീതിയാണ് ആനച്ചിലന്തികളിൽ തെളിഞ്ഞു നിൽക്കുന്നത്. ചാട്ടത്തിലും ഓട്ടത്തിലും ആട്ടത്തിലും കേമന്മാരാകാൻ ശ്രമിച്ച് വലിയവനാകാൻ ഒരുമ്പെട്ട ചിലന്തികളുടെ കഥയാണ് ആനച്ചിലന്തികൾ.

*"കാട് കരയുവാനുള്ളതല്ല*

*കരുത്തുകൾ ഒരുമിപ്പിക്കൂ...*

*ഒത്തു പിടിച്ചാൽ... മലയും മറിക്കാം..*

*കരുത്തു കൊരുത്തു കൊരുത്ത്*

*പൊരുത്ത് കരുത്തുണ്ടാക്കുക നാം..*" [39]

കുരങ്ങനും മരങ്ങളും ചേർന്നു പാടുന്ന ഗാനഭാഗങ്ങളിൽ ഈ നാടകത്തിന്റെ സന്ദേശവും ഗുണപാഠവും നിറഞ്ഞു നിൽക്കുന്നു. കാട്ടിലെ കഥയാണീ നാടകം. എന്നാൽ നാടകത്തിലെ നിരവധി മുഹൂർത്തങ്ങൾ നാട്ടിലെ കഥയെക്കൂടി ഓർമ്മിപ്പിക്കും. കാണികളുടെ ഇടയിലൂടെയാണ് എല്ലാ കഥാപാത്രങ്ങളും വേദിയിലെത്തുന്നത്. കഥാപാത്രത്തിന്റെ സ്വഭാവം വിട്ട് കൈയിലുള്ള കളിവാദ്യങ്ങൾ കൊട്ടി വായ്ത്താരി ചൊല്ലിക്കളിച്ചാണ് അവരുടെ നീക്കം. പശ്ചാത്തലവാദ്യങ്ങളുയരുമ്പോൾ നടന്മാർ കഥാപാത്രങ്ങളായി പരിണമിക്കുന്നു.

പക്ഷികളും മൃഗങ്ങളും മനുഷ്യനും ഇഴചേർന്നുപോകുന്ന നിരവധി നാടകീയമുഹൂർത്തങ്ങൾ നിറഞ്ഞതാണീ നാടകം. ആടിക്കളിച്ചു വേദിയിൽ നിറയുന്ന മരങ്ങളോടൊപ്പം ഇലകൾ കടിച്ചും തൂങ്ങിക്കളിച്ചും ഓടിയും ചാടിയും കടന്നുവരുന്ന മുയലുകൾ, മരത്തിനു ചുവട്ടിൽ പഴങ്ങൾ തേടി, പെറുക്കി കടിച്ചെറിഞ്ഞും കരണം മറിഞ്ഞും ഗോഷ്ടി കാണിച്ചും കാണികളെ രസിപ്പിക്കുന്ന കുരങ്ങന്മാർ, മയിലാട്ടത്തിനൊപ്പം രസിച്ച് താളം ചവിട്ടുന്ന പക്ഷികളും മൃഗങ്ങളും. ഇങ്ങനെ ചടുലമായ ഒരു വേദിയിലേക്ക് അവരുടെ സ്വൈരം കെടുത്താനായി വേട്ടക്കാരൻ എത്തുന്നതോടെ നാടകഗതി മാറുന്നു. പ്രായത്തിന്റെ അവശതയാൽ വില്ലേന്തിയ കൈകൾക്കു വിറയൽ വന്ന വേട്ടക്കാരനു കാഴ്ചയും കുറവാണ്. മൃഗങ്ങളുടെ പിറകേ ഓടാൻ വയ്യാതെ വിഷമിച്ചി

രിക്കുന്ന അയാൾ തഞ്ചത്തിലെങ്ങനെ ഒരു മാനിനെപ്പിടിക്കാമെന്നു കാത്തിരിക്കുമ്പോഴാണ് വലയൻ, കൊമ്പൻ, നൂലൻ, മുള്ളൻ എന്നെ ചിലന്തികളുടെ ഞാൻ.. ഞാൻ.. ഞാൻ... എന്നുറക്കെയുള്ള തർക്കം ശ്രദ്ധിക്കുന്നത്.

ആനയ്ക്കും ആടിനും സിംഹത്തിനും പുലിയ്ക്കും നെയ്യാനാകാത്ത വല തങ്ങൾക്കു മാത്രമേ നെയ്യാനാകൂ എന്ന് പരസ്പരം പറഞ്ഞു ഞെളിയുന്ന ചിലന്തികളിലെ ഒരുമയില്ലായ്മയാണ് പ്രശ്നമായിത്തീരുന്നത്. തമ്മിലടിച്ചു തളർന്നു വീണ ചിലന്തികളിൽ ആർക്കാണു കേമത്തമെന്നു വെളിപ്പെടുത്താൻ അവർ തന്നെ പരദേവതയോടു പ്രാർത്ഥിക്കുന്നു. പരദേവതയെ നേരിട്ടു കണ്ടിട്ടില്ലാത്ത ചിലന്തിക്കൂട്ടങ്ങൾക്കിടയിൽ വേട്ടക്കാരൻ ആ വേഷമായി അവതരിക്കുന്നു. കാടു വാഴുന്ന സിംഹത്തേക്കാൾ തടിമാടനാനയേക്കാൾ മല്ലൻ കരടിയേക്കാൾ വലുപ്പമുണ്ടാകണമെങ്കിൽ പരദേവതയുടെ അനുഗ്രഹം വേണമെന്നു അയാൾ ചിലന്തികളെ ബോധ്യപ്പെടുത്തുന്നു. പെരുത്ത കാലുകളുള്ള ആനച്ചിലന്തികളായി സിംഹത്തെത്തോൽപിച്ച് കരടിയെത്തോൽപ്പിച്ച് കടുവയെത്തോൽപ്പിച്ച് കാടടക്കി വാഴാൻ പരദേവതയായി വേഷമിട്ട വേട്ടക്കാരൻ അവരെ അനുഗ്രഹിക്കുന്നു.

അടുത്ത ദിവസം ഇരുളുമ്പോൾ കാടിനു നടുക്കുള്ള മൈതാനത്ത് പരദേവത ഇറങ്ങി വരുമെന്നും അവനവൻെറ കഴിവിനനുസരിച്ച് മൃഗങ്ങളെ എത്തിച്ചാൽ ആനച്ചിലന്തികളായി മാറുമെന്നും മൃഗങ്ങളെക്കൊണ്ടുവരുമ്പോൾ അവയുടെ കണ്ണു കെട്ടാൻ മറക്കരുതെന്നും വേട്ടക്കാരൻ പരദേവത പറയുന്നു. സ്വയം ഞെളിഞ്ഞ് രാജാവായി അഭിന

യിച്ച ചിലന്തികൾ, വേട്ടക്കാരൻെറ ഉപദ്രവമുള്ളവർ പരദേവതയെക്കാണണമെന്ന് അറിയിക്കുന്നു. പുക പോലെ കാണുന്ന പരദേവതയെ തെളിഞ്ഞു കാണാൻ കണ്ണു മൂടിക്കെട്ടിയാൽ മതിയെന്നും രണ്ടു കണ്ണും കുത്തിത്തയ്ക്കണമെന്നും ചിലന്തികൾ വെളിപ്പെടുത്തുന്നു. ശബ്ദം മാറ്റി ഉറഞ്ഞു തുള്ളി പരദേവത പറയുന്നതായി ഭാവിച്ച് ചിലന്തികൾ നടത്തുന്ന അരുളപ്പാടുകൾ അപ്പാടെ വിശ്വസിച്ചുകൊണ്ട് മൃഗങ്ങൾ മൂടിക്കെട്ടിയ കണ്ണുകളുമായി തപ്പിത്തടഞ്ഞ് മൈതാനത്തെത്തുന്നു. വേട്ടക്കാരൻ വല മുറുക്കുന്നു. വല നന്നേ മുറുകി മൃഗങ്ങൾ രക്ഷപ്പെടില്ലെന്നു ബോധ്യമായപ്പോൾ വേട്ടക്കാരൻ പൊട്ടിച്ചിരിക്കുന്നു. വേട്ടക്കാരൻെറ ചതി ചിലന്തികൾ മനസ്സിലാക്കിയത് അപ്പോഴാണ്.

"*മൃഗങ്ങളേ... കരയരുത്... കാടു കരയുവാനുള്ളതല്ല.... കരയരുത്... പ്രവർത്തിക്കൂ...*" എന്നു കാറ്റും *"കരയരുത്, പ്രവർത്തിക്കൂ... കരുത്തുകൾ ഒരുമിപ്പിക്കൂ.. ഒത്തു പിടിച്ചാൽ മലയും മറിക്കാം...*"[40]

എന്നു മരങ്ങളും ഉപദേശിക്കുമ്പോൾ മൃഗങ്ങൾ ഒത്തൊരുമിച്ച് വലയെ മുറിക്കുന്നതിനായി ശ്രമിക്കുകയും അതു വിജയിക്കുകയും ചെയ്യുന്നു. കാര്യം കാണാൻ പരദേവതയായി കള്ളവേഷമണിഞ്ഞ വേട്ടക്കാരനെ വിശ്വസിച്ച് ആനച്ചിലന്തികളാകാനും കാട്ടിലെ രാജാവാകാനും മോഹിച്ച ചിലന്തികൾക്ക് തങ്ങളുടെ തെറ്റ് ബോധ്യമാകുന്നു.

കൂട്ടുകാർക്കു കുരങ്ങൻ നൽകുന്ന ഈ ഉപദേശം കരുത്തു കൊരുത്തു പെരുത്തു കരുത്തുണ്ടാക്കാൻ കൊതിക്കുന്ന മൃഗങ്ങളുടെ കഥ നാടകം കാണുന്ന പ്രേക്ഷകർക്കു നൽകുന്ന സാരോപദേശമാണ്.

## 4.19. 'ഞങ്ങൾ ദേശാടനക്കിളികൾ' (1997)

പരസ്പരസ്നേഹം, പരോപകാരം തുടങ്ങിയ സദ്ശീലങ്ങൾ കുട്ടികളിൽ വളർത്തുവാൻ ഏറെ സഹായിക്കുന്ന നാടകമാണ് എം. ശിവപ്രസാദിൻെറ 'ഞങ്ങൾ ദേശാടനക്കിളികൾ'[41]. ശങ്കരമ്മാവൻ കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്ന കഥയിലൂടെയാണു നാടകം വളരുന്നത്. അവതരണത്തിലുള്ള പുതുമയാൽ നാടകത്തിലെ ഓരോ രംഗവും ചടുലമാണ്. ക്ലാസ് മുറിയിലിരുന്ന കുട്ടികൾ അദ്ധ്യാപകനോടൊപ്പം ഗ്രാമീണ ഗ്രന്ഥശാലയിൽ ശങ്കരമ്മാവൻ അവതരിപ്പിക്കുന്ന കഥ കേൾക്കാൻ ഓടിയണയുന്നു. കാലാവസ്ഥ മാറുന്നതിനനുസരിച്ച് ദേശാന്തരഗമനം ചെയ്യുന്ന ദേശാടനപ്പക്ഷികളിൽ ഒരിനമാണ് മീവൽപ്പക്ഷികൾ. ഇവയുടെ ജന്മനാട് ഈജിപ്താണ്. നാട്ടിൽ വസന്തമാകുമ്പോൾ ഇവ കൂട്ടത്തോടെ അവിടെയെത്തും. ശരത്കാലമാകുമ്പോൾ തിരികെപ്പോകുകയും ചെയ്യും. മീവൽപ്പക്ഷിയുടെയും രാജകുമാരൻെറയും ഹൃദയാർദ്രമായ കഥ ശങ്കരമ്മാവൻ പറഞ്ഞു തുടങ്ങി. വസന്തകാലം കഴിഞ്ഞ് ശരത്കാലാരംഭമായപ്പോൾ ഈജിപ്തിലേക്കു പോകാനൊരുങ്ങിയ മീവൽപ്പക്ഷികളാണു വേദിയിൽ. തണുപ്പുകാലമാരംഭിച്ചു എന്നും നാട്ടിലേക്കു പോകാമെന്നും പക്ഷി നേതാവു പറയുന്നു. മറ്റു പക്ഷികളെല്ലാം യാത്രയായപ്പോൾ ഒരു പെൺപക്ഷി മാത്രം ഒറ്റപ്പെടുന്നു.

രംഗമദ്ധ്യത്തിൽ ഒരു പ്രതിമ മാത്രം. അത് ഒരു സന്തോഷവാനായ രാജകുമാരൻെറ പ്രതിമായാണ്. അതിനു ചുവട്ടിലിരുന്ന മീവൽപ്പക്ഷിയുടെ തലയിലും മുഖത്തും രാജകുമാരൻെറ കണ്ണുനീർത്തുള്ളികൾ വീണ് ചിറകു നനഞ്ഞപ്പോൾ മീവൽപ്പക്ഷി കാരണം തിരക്കി. ജീവിച്ചിരുന്ന കാലത്ത് ഒരിക്കൽപ്പോലും കരഞ്ഞിട്ടില്ലാത്ത താൻ ദു:ഖം കട

ന്നു വരാത്ത കൊട്ടാരത്തിലായിരുന്നു കഴിഞ്ഞിരുന്നത്. കൂട്ടുകാരൊത്തു കളിക്കുവാൻ മനോഹരമായ പൂന്തോട്ടമുണ്ടായിരുന്നു. ചുറ്റിനും ഉയർന്ന കരിങ്കൽ മതിൽ ആയിരുന്നതുകൊണ്ട് പുറത്ത് എന്തു നടക്കുന്നുവെന്നു കാണാൻ കഴിഞ്ഞിരുന്നില്ല. എല്ലാവരും സന്തോഷവാനായ രാജകുമാരൻ എന്നു വിളിച്ചുകൊണ്ടിരിക്കെ ഒരു ദിവസം താൻ മരിച്ചു. അങ്ങനെ അവർ സന്തോഷവാനായ രാജകുമാരന്റെ പ്രതിമ നിർമ്മിച്ച് ഉയരത്തിൽ നിർത്തി. തുടിക്കുന്ന ഹൃദയത്തിന്റെ സ്ഥാനത്ത് ഇപ്പോഴുള്ളത് കാരിരുമ്പു കൊണ്ടുള്ള ഹൃദയമാണ്. ഇന്നത്തെ മനുഷ്യരുടെ ജീവിതം കണ്ട് തന്റെ ഹൃദയം ഉരുകിപ്പോകുന്നുവെന്ന് മീവൽപ്പക്ഷിയോടു രാജകുമാരൻ പറഞ്ഞു.

വിശപ്പും ദാഹവും കൊണ്ട് ഉറങ്ങിപ്പോയ കുട്ടിയെക്കണ്ട് ദു:ഖിച്ച രാജകുമാരൻ, തന്റെ കാലുകൾ കരിങ്കല്ലിൽ ഈയം ഉരുക്കി ഒഴിച്ച് ഉറപ്പിച്ചിരിക്കുന്നതിനാൽ വാൾപ്പിടിയിലുള്ള രത്നം അവനു നൽകുവാൻ രാജകുമാരൻ മീവൽപ്പക്ഷിയോട് അപേക്ഷിക്കുന്നു. തന്റെ കൂട്ടുകാർ നാട്ടിൽപ്പോകാൻ കാത്തു നിൽക്കുകയാണെന്നും നൈൽ നദിക്കു മുകളിലൂടെ മഹാരാജാവിന്റെ ശവകുടീരത്തിനടുത്തെത്തിയ അവർ ഉറങ്ങാനൊരുങ്ങുകയാവുമെന്നും മീവൽപ്പക്ഷി പറഞ്ഞപ്പോൾ രാജകുമാരൻ വീണ്ടും തന്റെ അഭ്യർത്ഥന അറിയിക്കുന്നു. ഭിക്ഷക്കാരനും കുട്ടിക്കും രത്നം ലഭിച്ചപ്പോഴുണ്ടായ സന്തോഷം പക്ഷി രാജകുമാരനെ അറിയിക്കുന്നു.

നഗരത്തിലെ ഹോട്ടലിനു പുറകിൽ ദുർഗന്ധം നിറഞ്ഞ ഒരു വശത്തിരുന്നു കരയുന്ന കുട്ടിയെ രക്ഷിക്കുവാനായി രാജകുമാരന്റെ അടുത്ത അഭ്യർത്ഥന. തന്റെ ജീവനുള്ള കണ്ണുകൾക്കു പകരം വച്ചിരി

ക്കുന്ന നീലക്കല്ലുകളിലൊന്ന് ഹോട്ടലിലെ കുട്ടിക്കു കൊടുക്കുമോയെന്നു മീവൽപ്പക്ഷിയോടു രാജകുമാരൻ ആരാഞ്ഞു. അന്നു രാത്രി കൂടി അവിടെക്കഴിയാമെന്നും രാജകുമാരനെ അനുസരിക്കാമെന്നും പക്ഷേ, അടുത്ത ദിവസം യാത്രയായില്ലെങ്കിൽ താൻ തണുത്തു മരവിച്ചു പോകുമെന്നും അറിയിച്ച മീവൽപ്പക്ഷി രാജകുമാരന്റെ വലതു കണ്ണിലെ നീലക്കല്ലെടുത്ത് കുട്ടിക്കു നൽകുന്നു.

തന്റെ ഒറ്റക്കണ്ണുകൊണ്ട് രാജകുമാരൻ നഗരാതിർത്തിയിലെ കുടിൽ കാണുന്നു. അതിസാരം ബാധിച്ച ഒരു കുട്ടിയെയും പച്ചവെള്ളം പോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരമ്മയെയും കണ്ടപ്പോൾ പക്ഷിയോടു വീണ്ടും സഹായം അഭ്യർത്ഥിക്കുന്നു. ഇടതുകണ്ണിൽ നിന്നും കൊത്തിയെടുത്ത രത്നവുമായി പക്ഷി പറന്നുപോയി അമ്മയെയും കുട്ടിയെയും സഹായിക്കുന്നു. അന്ധനും സ്നേഹനിധിയുമായ രാജകുമാരനെ വിട്ട് താനെങ്ങും പോകുന്നില്ലെന്നും തണുത്തു വിറച്ച മീവൽപ്പക്ഷി പറയുന്നു. തണുപ്പു സഹിക്കാനാകാതെ ആ കൊച്ചു പക്ഷി രാജകുമാരന്റെ പാദങ്ങളിലേക്ക് ഊർന്നു വീഴുന്നു. ഭയങ്കരമായ ഒരു ശബ്ദത്തോടെ രാജകുമാരന്റെ കാരിരുമ്പു ഹൃദയം പൊട്ടിത്തെറിക്കുന്നു. കഥ കേട്ടുകൊണ്ടിരുന്ന കുട്ടികൾക്കിടയിൽ നിന്നും 'ഞങ്ങൾ ദേശാടനക്കിളികൾ' എന്ന മർമ്മരശബ്ദം പുറപ്പെടുന്നു. അദ്ധ്യാപകനും അതോടൊപ്പം പങ്കുചേരുന്നു.

## 4.20. 'പെരുന്തച്ചന്റെ പാവ' (1999)

പുത്രസ്നേഹത്തിന്റെയും സാമൂഹികമായ അവഗണനയുടെയും ഇടയിൽപ്പെട്ട് വീർപ്പു മുട്ടിയ കഥാപാത്രമാണ് കരവിരുതിലും തച്ചുശാസ്ത്രത്തിലും അദ്വിതീയനായ പറയിപെറ്റ പന്തിരുകുലത്തിലെ പെരു

ന്തച്ചൻ. കാലം ഏറെക്കഴിഞ്ഞാണ് പെരുന്തച്ചന്റെ കഥ നടക്കുന്നതെന്നുണ്ടെങ്കിലും ദുഷിച്ചു നാറിയ ജാതി വ്യവസ്ഥയും നാടുവാഴിത്തവും സൃഷ്ടിച്ച വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷമായിരുന്നു അന്ന്. കെ. തായാട്ട് പെരുന്തച്ചന്റെ കഥ പറയുന്നതും ഈ ഒരു പശ്ചാത്തലത്തിലാണ്. പെരുന്തച്ചന്റെ ജീവിതത്തിലെ ഏറ്റവും പിരിമുറുക്കമുള്ള മുഹൂർത്തം നിറഞ്ഞ പ്രസിദ്ധമായ കഥയാണു 'പെരുന്തച്ചന്റെ പാവ'[42] എന്ന നാടകത്തിന്റെ പ്രമേയം.

പഠനപര്യടനസംഘത്തിലെ കുട്ടികൾ നിളാനദിയുടെ തീരങ്ങളിൽ നൂറ്റാണ്ടുകൾക്കു മുൻപ് ജീവിച്ചതായി പറയപ്പെടുന്ന പറയി പെറ്റ പന്തിരുകുലത്തിലെ ശ്രേഷ്ഠരായ പന്ത്രണ്ടു മക്കളുടെ ആരൂഢം അന്വേഷിച്ചു പുറപ്പെട്ടവരാണ്. വരരുചി എന്ന പണ്ഡിതശ്രേഷ്ഠനായ ബ്രാഹ്മണന് പറയസ്ത്രീയിൽ പിറന്ന മക്കളിൽ ഒരാളും മഹാശിൽപിയും ഉഗ്രപ്രതാപിയുമായ പെരുന്തച്ചൻ ജീവിച്ചിരുന്നു എന്നാണ് ഐതിഹ്യം. ആ മഹാശിൽപിയുടെ സാന്നിദ്ധ്യം കൊണ്ട് പരമപവിത്രവും അനശ്വരവുമായിത്തീർന്ന തൂതപ്പുഴയുടെ തീരത്ത് നാടകം അവതരിപ്പിക്കാനായി വന്ന കുട്ടികളുടെ യാത്രാസംഘത്തിലെ അംഗങ്ങൾ 'പെരുന്തച്ചന്റെ പാവ' എന്ന നാടകത്തിലെ കഥാപാത്രങ്ങളുടെ വേഷമിടുന്നു.

പാലം കടന്നുവരുന്ന വഴിപോക്കരുടെ മുഖത്ത് കവിൾകൊണ്ട വെള്ളം തുപ്പിയ പെരുന്തച്ചന്റെ യന്ത്രപ്പാവയുടെ പ്രകടനത്തോടെ നാടകം വികസിക്കുന്നു. രംഗവേദി ഇരുളുകയും വേഷങ്ങൾ അപ്രത്യക്ഷമാകുകയും ചെയ്യുന്നതോടെ പിന്നരങ്ങിൽ കെട്ടിയുണ്ടാക്കിയ തച്ചന്റെ മകൻ അയ്യപ്പന്റെ പാവ പാലത്തിലൂടെ നടന്നു വരുന്നു. പുത്രന്റെ പാവ തച്ചന്റെ പാവയുടെ കരണത്തടിച്ചത് തന്റെ കരണത്തടിച്ചതാ

യി തച്ചന് അനുഭവപ്പെടുന്നു. തികച്ചും നാടകീയമായ നിരവധി മുഹൂർത്തങ്ങൾ പ്രേക്ഷകർക്കു സമ്മാനിച്ചുകൊണ്ടാണ് നാടകം വികസിക്കുന്നത്. തൻെറ കൈയിലെ ഉളിമുന തൊട്ടാൽ ഏതു പൂതലിച്ച മരത്തിനും ജീവൻ വയ്ക്കുമെന്നഭിമാനിക്കുന്ന പെരുന്തച്ചന് മകൻ അയ്യപ്പൻ ഒരു വെല്ലുവിളിയായി പരിണമിക്കുമ്പോൾ അസ്വസ്ഥനാകുന്ന തച്ചൻെറ ഹൃദയമാണ് നാടകത്തിൻെറ മർമ്മബിന്ദു. അഹങ്കാരത്തിൻെറയും സ്വാഭിമാനത്തിൻെറയും വിത്ത് അൽപാൽപമായി മുളപൊട്ടുന്ന മകനോട് തച്ചൻ പറയുന്നതിങ്ങനെയാണ്.

*"അയ്യപ്പാ! നീ ജ്വലിക്കണം. തിരിയിൽ നിന്നു കൊളുത്തിയ പന്തം പോലെ. മനസ്സിലാവുന്നോ, മഠയാ? പക്ഷേ, നിനക്കു തിളക്കം കിട്ടാൻ, വെളിച്ചം തന്ന കൈത്തിരി ഊതിക്കെടുത്താൻ ശ്രമിക്കുന്നു."*[43]

ഗുരുനിന്ദ പാപമാണെന്നും ഗുരുത്വദോഷം എന്ന മഹാപാപത്തിൽ നിന്നും മോചനം നൽകാൻ ദൈവത്തിനു പോലും കഴിയാതാകുമെന്നും അതോർത്തും കരുതിയും കളിച്ചാൽ മതിയെന്നും തച്ചൻ തൻെറ പുത്രനു നൽകുന്ന ഉപദേശം നാടകം കാണുന്ന വിദ്യാർത്ഥികൾക്കുള്ള സന്ദേശവും ഉപദേശവുമാണ്.

## 4.21. 'അപ്പമരം' (1998)

കളിയും കാര്യവും ഒത്തിണങ്ങിയ കുട്ടികളുടെ നാടകമാണ് ഡി. പാണിയുടെ 'അപ്പമരം'[44]. കളിവീടു കളിച്ചും തൊട്ടു കളിച്ചും രസിച്ചിരുന്ന കുട്ടികളുടെ കളിസ്ഥലത്തേക്ക് ചിലമ്പിൻെറയും തുടിയുടെയും ശബ്ദത്തോടെ കടന്നെത്തുന്ന പൊട്ടിപ്പിശാചിൻെറ കഥയാണ് ഡി. പാണി രചിച്ച 'അപ്പമരം' നാടകം.

കഷ്ടപ്പാടുകൾക്കൊക്കെ കാരണം പൊട്ടിയാണ്. അതുകൊണ്ട് അതിനെ അകായിൽ നിന്നും കളഞ്ഞ് ശ്രീ ഭഗവതീനെ കുടിയിരുത്തും. കുട്ട്യേടത്തി അപ്പമരമായും ദീപികച്ചേച്ചി പൊട്ടിപ്പിശാചായും ഉണ്ണി കഥയിലെ നേതാവായും മാറുന്നതോടെ പൊട്ടിപ്പിശാചിൻെറ കഥ ആരംഭിക്കുകയായി. രണ്ടാം രംഗത്തിൽ വേദിയിലെ കളിവീടിനു പകരം പൂക്കാലത്തിൻെറ ഭംഗി നിറഞ്ഞ രംഗവേദിയാണ്. പൊട്ടിപ്പിശാച് ദാഹം തീർക്കാൻ ഇളം കുഞ്ഞുങ്ങളുടെ ചോര കുടിക്കും. വിശന്നു തളർന്ന കുഞ്ഞുങ്ങളെ അപ്പം കാട്ടി മയക്കി തൻെറ ഇരയാക്കി മാറ്റും. പൊട്ടിപ്പിശാചു വച്ച അപ്പമരത്തിലേക്കു നോക്കി നിൽക്കെ കുട്ടികളിലൊരാളായ കേശു അപ്പമെടുത്ത് തിന്ന് മയങ്ങി വീഴുന്നു. പൊട്ടിപ്പിശാച് യഥാർത്ഥ രൂപം കൈവരിച്ച് കേശുവിൻെറ കഴുത്തിൽ കുരുക്കിട്ടു കൊണ്ടുപോകുന്നതു കണ്ട് കുട്ടികൾക്കു നിലവിളിക്കാനേ കഴിഞ്ഞുള്ളൂ. ഉണ്ണിയുടെ അച്ഛൻ കോലോത്തു നിന്നു കൊണ്ടു വന്ന വാസനയുള്ള അപ്പം എല്ലാവർക്കും കൂടി കഴിക്കാൻ മതിയാകാത്തതുകൊണ്ട് അതു കുഴിച്ചിടാമെന്നു തീരുമാനിക്കുന്നു. മുളച്ച്, ഇലവിരിഞ്ഞ് വലിയ അപ്പമരമുണ്ടായാൽ എല്ലാവരുടെയും വിശപ്പു മാറും. വിശപ്പു മാറ്റാൻ അപ്പമരത്തിൽ ധാരാളം അപ്പങ്ങൾ ഉണ്ടെങ്കിൽ പിന്നെ പൊട്ടിപ്പിശാചിന് അപ്പം കാണിച്ചു പിടിച്ചുകൊണ്ടുപോകാൻ സാധിക്കില്ലല്ലോ.

അവർ ഒരുമിച്ചു അപ്പം കുഴിച്ചിടുന്നു. അതു മുളച്ച് ഇലവിരിഞ്ഞു മരമായി. കുട്ടികൾ സംതൃപ്തിയോടെ അപ്പം തിന്ന് മരത്തിൻെറ ചുവട്ടിൽ സുരക്ഷിതരായി ചാരിയിരിക്കുന്നു. അപ്പം തേടി വരാത്തതുകൊണ്ട് മനുഷ്യയാണുങ്ങളെക്കിട്ടാതെ അന്നം മുടങ്ങിയിരിക്കുന്ന

പൊട്ടിപ്പിശാചിലൂടെ നാലാം രംഗം ആരംഭിക്കുന്നു. ഉണ്ണിയും കൂട്ടുകാരും ഉണ്ടാക്കിയ അപ്പമരമാണ് തൻെറ കഷ്ടകാലത്തിനു കാരണമെന്ന് പൂതം കണ്ടുപിടിക്കുന്നു. അഞ്ചാം രംഗത്തിൽ മുത്തശ്ശിയുടെ വേഷത്തിൽ വന്നെത്തുന്ന പൊട്ടിപ്പിശാച് സൂത്രത്തിൽ ഉണ്ണിയെ കുരുക്കിട്ടു പിടിച്ചു കൊണ്ടു പോകുന്നു. ഉണ്ണിയെ തേടി നടക്കുന്ന കുട്ടികളും അവരുടെ സങ്കടങ്ങളും ആറാം രംഗത്തിൽ നിറയുന്നു. ഉണ്ണിക്കെന്തുപറ്റിയെന്നു അപ്പമരത്തോടു തിരക്കിയപ്പോൾ പൊട്ടിപ്പിശാചു കൊണ്ടു പോയതാണെന്നു അറിയാനായി. പൊട്ടിപ്പിശാചിൻെറ ഗുഹയിൽ കൈകൾ കെട്ടിയ നിലയിൽ കഴിയുന്ന ഉണ്ണിയിൽ നിന്നും ഏഴാം രംഗം തുടങ്ങുന്നു. അന്നത്തേയ്ക്കുള്ള ഇരയാണ് ഉണ്ണിയെന്നും അവനെക്കൊന്ന് ഇറച്ചിയും ചോരയും വെവ്വേറെ പാത്രത്തിലാക്കി വയ്ക്കുകയെന്നും പൊട്ടിപ്പിശാച് തൻെറ മകളോടു പറഞ്ഞിട്ടു കുളിക്കാൻ പോയി. ബോധം തെളിഞ്ഞ ഉണ്ണി തനിക്കറിയാവുന്ന കളികൾ പറഞ്ഞ് മകളെ പാട്ടിലാക്കുന്നു. കുളി കഴിഞ്ഞ് ഈറൻ മുടി വേർപെടുത്തി വന്ന പൊട്ടിപ്പിശാചിന് അവരുടെ മകളുടെ ഇറച്ചിയും ചോരയും കഴിക്കേണ്ടതായി വന്നു. താൻ തിന്നത് തൻെറ മകളുടെ ജീവനാണെന്നു മനസ്സിലാക്കിയ പൊട്ടിപ്പിശാച് വിലപിച്ചു തളർന്നു വീഴുന്നു.

അപ്പമരത്തിൻെറ ചുവട്ടിൽ ഉണ്ണിയെക്കാണാതെ ദു:ഖിച്ചു തല താഴ്ത്തിയിരിക്കുന്ന കുട്ടികളിലൂടെയാണ് അവസാനരംഗം തുടങ്ങുന്നത്. അവരുടെ ഇടയിലേക്ക് ഉണ്ണി ഓടിയെത്തുന്നു. എല്ലാവരും ഒരുമിച്ചാൽ പൊട്ടിപ്പിശാചിനെ നേരിടാമെന്ന് അവൻ കൂട്ടുകാരോടു പറയുന്നു. അപ്പമരം വെട്ടാനും ഉണ്ണിയെ നശിപ്പിക്കാനും ഓടിയെത്തുന്ന പൊട്ടിപ്പിശാചിൻെറ കണ്ണിൽ അവൻ മുളകുപൊടി എറിയുന്നു. കണ്ണു നീറി

ക്കരഞ്ഞു നിൽക്കുന്ന പിശാചിനോട് അവിടം വിട്ടു പോകാൻ പ്രതിജ്ഞ ചെയ്യിക്കുന്നു. ഇതോടെ 'അപ്പമരം' നാടകത്തിനു തിരശ്ശീല വീഴു ന്നു. തിന്മയെ കീഴടക്കി നന്മയുടെ വിജയം അറിയിക്കുകയാണ് ഈ നാടകം. സാരോപദേശ കഥകളിലും നാടോടിക്കഥകളിലും കാണുന്ന ഗുണപാഠാംശം അപ്പമരത്തിലും കണ്ടെത്താനാകുന്നു.

## 4.22. 'രോഹിണി' (1998)

ദൂരെ ചക്രവാളത്തിൽ ഉദിച്ചുയരുന്ന പൗർണ്ണമിച്ചന്ദ്രനെക്കണ്ട് അദ്ഭുതത്തോടെ നോക്കിയിരുന്ന രോഹിണിക്ക് അതു തുണയായെത്തുന്നതാണ് ഡി. പാണി രചിച്ച 'രോഹിണി'[45] നാടകത്തിൻെറ ഇതിവൃത്തം. നാട്ടിൻപുറത്തെ ജീർണ്ണിച്ച തറവാടിൻെറ പൂമുഖത്ത് മുല്ലയും പിച്ചകവും മറ്റു പൂച്ചെടികളും ഉള്ള മുറ്റത്ത് പാവക്കുട്ടികളുമായി കളിച്ചുകൊണ്ടിരിക്കുന്ന കൊച്ചു ബാലികയെ അവതരിപ്പിച്ചുകൊണ്ടാണ് നാടകം ആരംഭിക്കുന്നത്. ഓണക്കാലത്തു പൂവിറുക്കനൊരുങ്ങുന്ന ബാലികമാരുടെ വായ്ക്കുരവകൾക്കും ആർപ്പുവിളികൾക്കും കാതോർത്തപ്പോൾ, തൻെറ നിറം മങ്ങിയ പാവക്കുട്ടിയെ കണ്ടപ്പോൾ അവൾ അമ്മയെക്കുറിച്ച് ഓർത്തുപോയി. അമ്മയുടെ മരണശേഷം മുത്തശ്ശിയായിരുന്നു പിന്നീടുള്ള സംരക്ഷക.

പൂത്തുലഞ്ഞു നിൽക്കുന്ന ചെടികളും വള്ളിക്കുടിലുകളും നിറഞ്ഞ മായികമായ അന്തരീക്ഷത്തിലാണ് രണ്ടാം രംഗാരംഭം. ഓണപ്പാട്ടു പാടി ഉത്സാഹത്തോടെ പൂക്കൂടയിൽ പൂക്കൾ ശേഖരിക്കുന്ന രോഹിണിയെയും കൂട്ടുകാരെയും കാണാനാകുന്നു. ആകാശത്തു പ്രശോഭിക്കുന്ന ചന്ദ്രനെക്കണ്ട് അമ്പിളിമാമൻ അവരുടെ കൂടെ കളിക്കാൻ വ

ന്നിരുന്നെങ്കിലെന്ന് രോഹിണിയും കൂട്ടുകാരും അറിയാതെ കരുതിപ്പോയി. രോഹിണി ഒതുക്കുകൾ കയറി, സ്വയം മറന്ന് അമ്പിളിമാമനെ മാടിവിളിച്ചപ്പോൾ അമ്പിളി അരികിലേക്കിറങ്ങിവരാൻ തുടങ്ങുന്നു. ഭയന്നുപോയ കൂട്ടുകാരെല്ലാവരും പോയി ഒളിക്കുമ്പോൾ രോഹിണിമാത്രം എന്തു ചെയ്യണമെന്ന് അറിയാതെ നിന്നുപോകുന്നു. തന്നെ പിടിച്ചു കൊണ്ടുപോകാൻ ഒരാളിറങ്ങിവരുന്നെന്നും ഇലക്കൂട്ടിൽ ഒളിപ്പിക്കാൻ അവസരമുണ്ടാക്കണമെന്നും അവൾ അപേക്ഷിച്ചപ്പോൾ തുളസിച്ചെടികൾ രക്ഷയ്ക്കെത്തുന്നു. തന്നെ വിളിച്ചു വരുത്തിയ ബാലികയും കൂട്ടുകാരും എവിടെപ്പോയെന്നു തിരക്കിയ ശേഷം ചന്ദ്രൻ തുളസിച്ചെടിയെ തലോടി മറയുന്നു. ഒരു നാൾ അകലെ ചക്രവാളത്തിൽ ഉയർന്ന ചന്ദ്രനു നേർക്കു നോക്കി സ്വയം മറന്നു നിൽക്കവേ അമ്പിളി അവളുടെ അരികിലെത്തുന്നു. കളവും മതിൽക്കെട്ടും കടന്ന് തൻെറ ലോകത്തേക്കു വരാൻ മോഹമില്ലേയെന്നു ചോദിക്കുന്നു. അവ കടന്നു പുറത്തുവരാൻ ശ്രമിക്കുമ്പോൾ അവളുടെ കയ്യിൽ നിന്നും വാൽക്കണ്ണാടി നിലത്തു വീഴുന്നു. ശബ്ദം കേട്ട മുത്തശ്ശി ഓടിയെത്തുന്നു. കാലനും കൂടി ഇട്ടെറിഞ്ഞുപോയ പാപിനിയായ തനിക്ക് ഏക ആശ്രയമായ രോഹിണിയെ തട്ടിക്കൊണ്ടു പോകാൻ അസമയത്തെത്തിയ പഞ്ചമഹാപാപി ചന്ദ്രൻ ക്ഷയം പിടിച്ചു മരിക്കട്ടെയെന്നു ശപിക്കുന്നു.

രോഹിണിയുടെ സങ്കടമറിഞ്ഞ് അവളെ സാന്ത്വനിപ്പിക്കാൻ മാത്രമാണു താൻ വന്നതെന്ന് ചന്ദ്രൻ അറിയിക്കുന്നു. അമ്പിളിയെ ബന്ധനത്തിൽ നിന്നും മോചിപ്പിക്കുവാനും ശാപമോക്ഷം കൊടുക്കുവാനും രോഹിണി കരഞ്ഞപേക്ഷിക്കുന്നു. പശ്ചിമസമുദ്രത്തിലെ സരസ്വതീ തീർത്ഥത്തിൽ മുങ്ങിക്കുളിച്ചാൽ അർദ്ധമാസത്തേക്ക് രോഗം സുഖ

പ്പെടുമെന്നു മുത്തശ്ശി മാനസാന്തരത്താൽ പറയുന്നു. വെളിച്ചം നേർത്തു വരുമ്പോൾ ഇരുളിലേക്കു നോക്കി രോഹിണി നിൽക്കുന്നതോടെ തിരശ്ശീല വീഴുന്നു.

## 4.23. 'നെന്മണിക്കൊട്ടാരത്തിലെ എലികൾ' (1998)

ബുദ്ധിയുറയ്ക്കാത്ത മകളുടെ ജൽപനങ്ങൾ കേട്ട് നാടുവെളുപ്പിച്ച പെരുങ്കള്ളനായ രാജാവിന്റെ കഥ പറയുന്ന നാടകമാണ് ആലിന്തറ ജി. കൃഷ്ണപിള്ള രചിച്ച 'നെന്മണിക്കൊട്ടാരത്തിലെ എലികൾ'[46]. തന്റെ മകളുടെ ചിണുങ്ങിക്കരച്ചിലിനും ദുശ്ശാഠ്യങ്ങൾക്കും പരിഹാരം കാണുക മാത്രമായിരുന്നു അച്ഛൻ രാജാവിന്റെ ശ്രമം. കൊച്ചു തിരുവുള്ളത്തിലെ തിരുവാശി തീർപ്പാൻ ഗ്രാമവാസികളുടെ ജീവിതം താറുമാറാകുന്ന കാഴ്ചയോടൊപ്പം 'പല നാൾ കള്ളൻ ഒരു നാൾ പിടിയിൽ' എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന ഇതിവൃത്തവും നാടകകൃത്ത് പകർന്നു നൽകുന്നു.

നെന്മണികൊണ്ടുള്ള കൊട്ടാരം വേണമെന്ന പിടിവാശിക്കാരിയായ മകളുടെ ആഗ്രഹം നാട്ടിൽ നിന്നും നെന്മണികൾ പിടിച്ചെടുക്കാനുള്ള കൽപനയായി മാറുന്നു. പ്രജകളുടെ നിലവിളികളെയും അപേക്ഷകളെയും മറികടന്ന് നെല്ലായ നെല്ലൊക്കെ തൂത്തുവാരിയെടുക്കുന്നു. പാലിൽ നീന്തിക്കുളിക്കാൻ പാൽക്കുളം വേണമെന്ന ആഗ്രഹം വന്നപ്പോൾ നാട്ടിലുള്ള സകലമാന കറവപ്പശുക്കളെയും കണ്ടുകെട്ടി കൊട്ടാരത്തിലേക്കു കൊണ്ടുവരാനായി രാജകൽപന. പശുക്കളെ കറന്ന് പാൽ വിറ്റ് കരിക്കാടി കുടിക്കുന്നവരുടെ സങ്കടങ്ങൾ വനരോദനമായി മാറുന്നു. നെന്മണിക്കൊട്ടാരത്തിന്റെ പരുപരുപ്പു മാറ്റാൻ മുട്ടക്കരു

കോരിപ്പുരട്ടി ഭിത്തികൾ മിനുസമുള്ളതാക്കണമെന്നായിരുന്നു മകളുടെ അടുത്ത ആഗ്രഹം. അതും സാധ്യമാകുന്നു. തൻെറ നെന്മണിക്കൊട്ടാരത്തിൽ നാട്ടിലെ വിശിഷ്ടവസ്തുക്കളൊക്കെ ഉണ്ടാകണം. അതിനുവേണ്ടി കുമാരി നേരിട്ടു നാട്ടിലിറങ്ങാൻ തീരുമാനിക്കുന്നു.

പട്ടിണികൊണ്ടു ദീനം മൂത്തവരും വിത്തിനുപൊലും ഒരു മണി നെല്ല് വീട്ടിലില്ലാത്തവരും വിശപ്പു സഹിക്കാനാതെ പൊട്ടിക്കരയുന്നവരും വഴിയോരങ്ങളിൽ നിറയുന്നു. രാജകുമാരിയുടെ എഴുന്നള്ളത്തുണ്ടെന്നറിഞ്ഞ് നാട്ടുകാർ അവശേഷിക്കുന്ന വിശിഷ്ടവസ്തുക്കളിൽ പലതും അറകളിൽ ഒളിപ്പിക്കുന്നു. ജനങ്ങളിൽ നിന്നും അതു മോഷ്ടിച്ചെടുക്കുവാൻ കൊട്ടാരത്തടവറയിൽക്കഴിയുന്ന രണ്ടു പെരുങ്കള്ളന്മാരെ കൊണ്ടുവരുന്നു. അക്കൂട്ടത്തിൽ ആരാണു വലിയ കള്ളനെന്നറിയുവാൻ മലയുടെ അടിവാരത്തുള്ള നായവളർത്തുകാരനെയും അയാളുടെ വിശേഷപ്പെട്ട നായയെയും എത്തിക്കുന്നു. കാൽക്കള്ളനെങ്കിൽ കാലിലും അരക്കള്ളനെങ്കിൽ അരയിലും മുഴുക്കള്ളനെങ്കിൽ മുഖത്തും മുറുകെപ്പിടിക്കുന്ന നായയാണത്. എതിർത്താൽ കടിച്ചുകീറുന്ന പിടിവിടാത്ത നായ. പെരുങ്കള്ളനെ തൊട്ട് കൈക്കു പിടിച്ചു തരാൻ തൻെറ പാണ്ടൻ നായയോട് ഉടമസ്ഥൻ ആവശ്യപ്പെടുന്നു. നായ മണപ്പിച്ച് പിന്തിരിയുന്നു. രണ്ടു പേരും മുഴുക്കള്ളന്മാരല്ലെന്നു രാജാവിനോടു ഉടമസ്ഥൻ ഉറപ്പിച്ചു പറയുന്നു. തന്നെ നാണം കെടുത്താതെ പെരുങ്കള്ളനെ കണ്ടു പിടിക്കാൻ നായയോട് ഉടമസ്ഥൻ സ്നേഹപൂർവ്വം ആവശ്യപ്പെട്ടപ്പോൾ നായ മണം പിടിച്ച് കള്ളന്മാരെയും പരിവാരങ്ങളെയും കടന്ന് രാജാവിൻെറ അടുത്തെത്തുന്നു. മണം പിടിക്കുന്നു. പെട്ടെന്ന് കുരച്ചുകൊണ്ട് രാജാവിൻെറ മുഖത്തു തന്നെ ചാടിപ്പിടിക്കുന്നു.

ബുദ്ധിയുറയ്ക്കാത്ത കുഞ്ഞിൻെറ ജൽപനങ്ങൾ കേട്ട് നാടു വെളുപ്പിച്ച മഹാരാജാവാണു കള്ളനെന്നു സർവ്വരും തിരിച്ചറിയുന്നു. കള്ളനു കൈവിലങ്ങണിയാതെ നായ അടങ്ങില്ലെന്നു മനസ്സിലാക്കിയ രാജാവ് എത്രയും വേഗം എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുന്നു. ഉടമസ്ഥൻ രാജാവിൻെറ കയ്യിൽ വിലങ്ങണിയിക്കുന്നു. വിലങ്ങണിഞ്ഞ അച്ഛനെക്കാണാൻ നല്ല രസമെന്നു രാജകുമാരി പറയുന്നു. രംഗമദ്ധ്യത്തു നിൽക്കുന്ന രാജാവിനു ചുറ്റും പരിവാരം താളത്തിൽ ചുവടുവച്ചു കറങ്ങിനീങ്ങി അതൊരു കളിയായിത്തീരുന്നതോടെ നാടകം പൂർണ്ണമാകുന്നു.

## 4.24. 'ഗോപിയും ബാഘയും' (1998)

വിശ്വവിഖ്യാത ചലച്ചിത്രകാരനായ സത്യജിത് റേയുടെ 'ഗോപി ഗായിൻ ബാഘ ഗായിൻ' എന്ന ചലച്ചിത്രത്തെ അവലംബിച്ച് ടി. കെ. നാരായണദാസ് രചിച്ച കുട്ടികളുടെ നാടകമാണ് 'ഗോപിയും ബാഘയും'[47]. കഴുതയ്ക്കു പോലും രസിക്കാനാകാത്ത പാട്ടു പാടുന്ന ഗോപിയുടെയും അവതാളത്തിൽ മാത്രം വാദ്യം വായിക്കുന്ന ബാഘയുടെയും ജീവിതവിജയത്തിൻെറ നാടകമാണ് ഗോപിയും ബാഘയും. തൻെറ പാട്ടു കേൾക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് പാടിത്തുടങ്ങുന്ന ഗോപിയിൽ നിന്നും ചെവിപൊത്തിപ്പിടിച്ച് ഓടി രക്ഷപ്പെടുന്ന കുട്ടികളിലൂടെയാണു നാടകത്തിൻെറ തുടക്കം. താൻ പ്രയാസപ്പെട്ടു പഠിച്ച പുന്നാരപ്പാട്ടിനെ കഴുതരാഗമെന്നും വൃത്തികെട്ട പാട്ടെന്നും വിളിച്ച് കൂട്ടുകാർ കളിയാക്കിയപ്പോൾ അവൻ ഏറെ ദു:ഖിക്കുന്നു. വഴിയാത്രക്കാരായ വൃദ്ധന്മാർക്കു പോലും ആ ഗാനം സഹിക്കാനാകുന്നില്ല. ഗോപിയുടെ പാട്ട് രാജാവിനെക്കേൾപ്പിച്ചാൽ നന്നായിരിക്കുമെന്ന് അവരിലൊ

രാൾ ഉള്ളിൽ പരിഹാസം നിറച്ചു പറഞ്ഞു. കോഴി കൂവിയാൽ സ്വരം ശരിയാക്കി പാട്ടാരംഭിക്കണമെന്നും അവൻെറ പാട്ടുകേട്ട് രാജാവുണരണമെന്നും അങ്ങനെയായാൽ രക്ഷപ്പെടുമെന്നും വൃദ്ധരിൽ ഒരാൾ പറഞ്ഞു.

രാജാവിൻെറ പള്ളിയറയിൽ രാജാവുറങ്ങുമ്പോൾ, മുറിക്കു പുറത്ത് കവാത്തു നടത്തുമ്പോൾ, കോഴി കൂവുമ്പോൾ കർണ്ണകഠോരമായ പാട്ട് ഗോപി പാടിത്തുടങ്ങുന്നു. ഉറങ്ങുന്ന രാജാവും കവാത്തു നടത്തുന്ന പടയാളികളും ഞെട്ടിയുണരുന്നു. തൻെറ ഉറക്കം കളഞ്ഞവനെ പിടിച്ചുകൊണ്ടുവരാൻ രാജാവു കൽപിക്കുന്നു. ഗോപിയുടെ സ്വരം ഏതാണ്ടു കഴുതരാഗം തന്നെയാണെന്നു കാവൽക്കാർ രാജാവിനെ ബോധിപ്പിച്ചു. അവനെ കഴുതപ്പുറത്തിരുത്തി നാടു കടത്താനായി രാജകൽപന. കഴുതപ്പുറത്തു യാത്രചെയ്ത് കാട്ടിലെത്തിയ ഗോപി തൻെറ പാട്ടു കേൾക്കാൻ കഴുതയോടഭ്യർത്ഥിച്ചതോടെ അതു ജീവനും കൊണ്ട് ഓടി രക്ഷപ്പെടുന്നു. കഴുതയ്ക്കു പോലും തൻെറ പാട്ടു വേണ്ടല്ലോയെന്നോർത്ത് പെരുങ്കാട്ടിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ഗോപിയും ഗോപിക്കു പുറം തിരിഞ്ഞ് ബാഘയും രംഗമദ്ധ്യത്തിലെത്തുന്നു. താൻ വാദ്യക്കാരൻ ബാഘയാണെന്നും താൻ ചെണ്ടകൊട്ടിയപ്പോൾ എത്രയായിട്ടും ശരിയാകാത്തതുകൊണ്ട് രാജാവു ദേഷ്യപ്പെട്ട് കഴുതപ്പുറത്തിരുത്തി നാടു കടത്തിയതാണെന്നും ബാഘ പറയുന്നു. ഗോപിയുടെ പാട്ടും ബാഘയുടെ കൊട്ടും കേട്ട് കാട്ടിലെ രാജാവായ സിംഹം പോലും ഭയന്നോടുന്നു. രാത്രിയുറക്കത്തിൽ പ്രത്യക്ഷപ്പെട്ട ഭൂതരാജാവ് അവർക്ക് പാട്ടു പാടിയും കൊട്ടിയും മാളോരെ രസിപ്പിക്കാനുള്ള അനുഗ്രഹവും

ലോകം ചുറ്റാൻ മാന്ത്രികച്ചെരുപ്പുകളും വിശപ്പു മാറ്റാൻ പലഹാരങ്ങളും നൽകുന്നു.

ചെരുപ്പു ധരിച്ച ഗോപിയും ബാഘയും ആകാശത്തിലൂടെ പറന്നു പറന്ന് ഒരു ഗ്രാമത്തിലെത്തുന്നു. മൂകരായ കുട്ടികളുടെ ഗ്രാമമായിരുന്നു അത്. അവരുടെ ഇടയിൽ സംസാരശേഷിയുള്ള രണ്ടു കുട്ടികളെ കണ്ടപ്പോൾ അവിടുത്തെ രാജാവ് അവരെ സന്തോഷപൂർവ്വം സ്വീകരിച്ചു. മുൻപ് അവിടെ എല്ലാവരും സംസാരിക്കുകയും ചിരിക്കുകയും പാടുകയും ചെയ്തിരുന്നുവെന്നും പണ്ടൊരിക്കൽ താനില്ലായിരുന്ന തക്കം നോക്കി ക്രൂരനായ ഒരു ഇന്ദ്രജാലക്കാരൻ അവിടെ വന്ന് കാറ്റിളക്കി വിട്ടതുകൊണ്ട് എല്ലാക്കുട്ടികളും മൂകരായിപ്പോയതാണെന്നും രാജാവു പറയുന്നു. ഒരു നല്ല പാട്ടുകാരൻ വന്നു പാടുകയും നല്ല വാദ്യക്കാരൻ വന്നു കൊട്ടുകയും ചെയ്താൽ മാത്രമേ നാടിന്റെ നഷ്ടപ്പെട്ട ശബ്ദം തിരിച്ചു കിട്ടുകയുള്ളൂവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മഹാരാജാവിനെ സഹായിക്കുമെന്നുറപ്പുനൽകി കാപട്യമില്ലാതെ ഗോപി പാടുവാനും ബാഘ കൊട്ടുവാനും തുടങ്ങി. ഗ്രാമം മുഴുവൻ അവരോടൊപ്പം പാടാൻ ശ്രമിക്കുമ്പോൾ അതൊരു സംഘഗാനമായിത്തീരുന്നു. പടർന്നു കിടന്ന നിശ്ശബ്ദതയെ വകഞ്ഞു മാറ്റി അവരുടെ ഗാനം വായുവിൽ നിറയുന്നതോടെ നാടകം സമാപിക്കുന്നു.

## 4.25. 'രാജാവു നഗ്നനാണ്' (1998)

സത്യം പറയുന്നവന്റെ നാവരിയുന്ന രാജാവിന്റെയും അതുകൊണ്ട് സത്യം ഉറക്കെ വിളിച്ചു പറയാത്ത രാജ്യദ്രോഹികളായ ജനങ്ങളുടെയും രാജാവു നഗ്നനെന്ന സത്യം വിളിച്ചു പറഞ്ഞ ശശാ

ങനെന്ന കുട്ടിയുടെയും കഥയാണ് പി. ഗംഗാധരൻെറ 'രാജാവു നഗ്ന നാണ്'[48] എന്ന നാടകം പറഞ്ഞുവയ്ക്കുന്നത്. ലോകപ്രസിദ്ധമായ ഒരു നാടോടിക്കഥയിൽ നിന്നാണ് നാടകത്തിൻെറ ഇതിവൃത്തം ജന്മമെടു ത്തിരിക്കുന്നത്.

പണ്ടു രാജാക്കന്മാർ നാടു വാണിരുന്ന കാലം. ഒരു ദിവസം വൈകുന്നേരം വെളിമ്പറമ്പിൽ പച്ചിലപ്പന്തു കെട്ടിയുണ്ടാക്കി കളിക്കാ നൊരുങ്ങുകയാണ് കൃഷ്ണശർമ്മ, ശശാങ്കൻ, ഭാനുദത്തൻ, ചന്ദ്രസേ നൻ, ചിത്രലേഖ തുടങ്ങിയ കുട്ടികൾ. നെയ്ത്തുകാരൻെറ പുത്രനായ ശശാങ്കൻ മഹാരാജാവിൻെറ വസ്ത്രക്കൊതിയെപ്പറ്റി കൂട്ടുകാരോടു പറ യുന്നു. മഹാരാജാവിനെന്നും പുതിയ വസ്ത്രം വേണം. രാജ്യത്തെ ഓ രോ നെയ്ത്തുകാരനും അതു കൊണ്ടുവന്നു കൊടുക്കണം. രാജാവിനു വസ്ത്രമിഷ്ടമായില്ലെങ്കിൽ ചിലപ്പോൾ കൈ വെട്ടും, അല്ലെങ്കിൽ കൽത്തുറുങ്കിലടയ്ക്കും, തലവെട്ടാനും കൽപിക്കും. അതുകൊണ്ടു നെയ്ത്തുകാരൊക്കെ രാജ്യത്തു നിന്ന് കൂട്ടത്തോടെ ഒളിച്ചോടുകയാണ ത്രെ. കുട്ടികളിലൊരാളായ സോമൻെറ നെയ്ത്തുകാരനായ അച്ഛനെ രാജാവു തുറുങ്കിലടച്ചു. ഇതിനിടെ കൊട്ടാരത്തിലൊരു പുതിയ നെ യ്ത്തുകാരൻ അതിവിശിഷ്ടമായ വസ്ത്രം നെയ്യാനറിയാമെന്നു പറഞ്ഞ് സ്വയം വന്നിട്ടുണ്ടെന്നും നാളെ മുതൽ അയൽ രാജ്യക്കാരനായ അയാൾ വസ്ത്രം നെയ്തു തുടങ്ങുമെന്നും ശശാങ്കനോട് അവൻെറ അച്ഛൻ പറഞ്ഞു.

പുതിയ നെയ്ത്തുകാരൻെറ നെയ്ത്തു ശാലയാണു രണ്ടാം രംഗ ത്തിലെ വേദി. രാജാവു ഭുവനവിക്രമൻെറ മന്ത്രി പുതുവസ്ത്രത്തിൻെറ നെയ്ത്തുപണി എത്രത്തോളമെത്തിയെന്നു നിരീക്ഷിക്കാൻ വന്നെ ത്തി. അടുത്ത ദിവസം തന്നെ വിശേഷപ്പെട്ട വസ്ത്രവുമായി മഹാരാജാ

വിനെ മുഖം കാണിക്കുമെന്ന് നെയ്ത്തുകാരൻ പറഞ്ഞു. വസ്ത്രത്തിന്റെ സവിശേഷതകൾ ആരാഞ്ഞ മന്ത്രിയോട് ലോകത്തിൽ അന്നേവരെ ആരും അതുപോലെ വിശേഷപ്പെട്ട വസ്ത്രം നെയ്തിട്ടുണ്ടാവില്ലെന്നും കള്ളനും ചതിയനും രാജ്യദ്രോഹിക്കും താൻ നെയ്ത വസ്ത്രം കാണാനാകില്ലെന്നും ഓരോ ദിവസം ധരിക്കുമ്പോഴും വസ്ത്രം പുതിയതായിത്തന്നെയിരിക്കുകയും ചെയ്യുമെന്നും നേരിൽക്കാണണമെന്നും ഭവ്യതയോടെ അറിയിച്ചു. ശൂന്യമായ ഒരു താലവുമായി പ്രവേശിച്ച നെയ്ത്തുകാരന്റെ മുമ്പിൽ താൻ അതിലൊന്നും കാണുന്നില്ലെന്നു പറഞ്ഞാൽ കള്ളനും ചതിയനും രാജ്യദ്രോഹിയുമായി ചിത്രീകരിക്കപ്പെടുമെന്നു കരുതിയ മന്ത്രി മനോഹരമായ വസ്ത്രമാണതെന്നും ഇത്രയും സുന്ദരമായ വസ്ത്രം മുൻപെങ്ങും കണ്ടിട്ടില്ലെന്നും നെയ്ത്തുകാരനോടു പറഞ്ഞു.

താൻ നെയ്ത വസ്ത്രം ധരിക്കുമ്പോൾ മറ്റൊരു വസ്ത്രവും ദേഹത്തു ധരിക്കാൻ പാടില്ലെന്നു തമ്പുരാനോടു പ്രത്യേകം പറയുവാൻ നെയ്ത്തുകാരൻ മന്ത്രിയോടഭ്യർത്ഥിച്ചു. അക്ഷമനായി രാജകൊട്ടാരത്തിൽ ഉലാത്തുന്ന രാജാവിന്റെ മുൻപിലെത്തിയ മന്ത്രി നെയ്ത്തുകാരനറിയിച്ച കാര്യങ്ങൾ അതേപടി ഉണർത്തിക്കുന്നതാണു മൂന്നാം രംഗം. പട്ടുകൊണ്ടു മൂടിയ ഒരു താലവുമായി നെയ്ത്തുകാരൻ വന്നുചേരുമ്പോൾ മന്ത്രി അയാളെ രാജാവിന്റെ മുൻപിലെത്തിക്കുന്നു. താലം മൂടിയ പട്ട് സാവധാനം എടുത്തു മാറ്റിയ രാജാവ് താലത്തിൽ സൂക്ഷിച്ചു നോക്കിഞെട്ടുന്നു. താലത്തിലൊന്നും കാണുന്നില്ലെന്നു പറഞ്ഞാൽ താൻ ആരാണെന്ന സത്യം ഉറക്കെ വിളിച്ചു പറയലാകുമെന്നു കരുതിയ രാജാവ് മന്ത്രിക്കും സേവകന്മാർക്കും വസ്ത്രം കാണാൻ പറ്റുമായിരിക്കുമെന്നു കൂടി വിചാരിക്കുന്നു. വിശേഷപ്പെട്ട വസ്ത്രത്തിന്റെ സൗന്ദര്യം പ്രജകൾ

ക്കുകൂടി ആസ്വദിക്കുവാൻ അവസരമുണ്ടാക്കിക്കൊടുക്കുവാനുള്ള നെയ്ത്തുകാരൻെറ അഭ്യർത്ഥന രാജാവു മാനിക്കുന്നു.

കുട്ടികളുടെ കളിസ്ഥലമാണു രംഗം നാലിൽ. അന്നദാതാവായ പൊന്നു തമ്പുരാൻ അതിവിശിഷ്ടമായ വസ്ത്രം ധരിച്ച് അതിൻെറ ഭംഗി തൻെറ പ്രജകൾ കൂടി ആസ്വദിക്കണമെന്നു കരുതി നഗരവീഥിയിലൂടെ വന്നുകൊണ്ടിരിക്കുന്നുവെന്നും കള്ളന്മാർക്കും ചതിയന്മാർക്കും രാജ്യദ്രോഹികൾക്കും ആ വസ്ത്രം കാണാൻ പറ്റില്ലയെന്നതാണ് അതിൻെറ പ്രത്യേകതയെന്നും വസ്ത്രത്തിൻെറ മഹത്വം നേരിൽ അനുഭവിക്കാൻ പ്രജകൾ രാജവീഥിയുടെ ഇരുവശത്തു അണിനിരക്കണമെന്നുമുള്ള വിളംബരം കുട്ടികൾ ശ്രദ്ധിക്കുന്നു. രാജാവിൻെറ എഴുന്നള്ളത്തു കാണാനുള്ള ഇടം തീരുമാനിച്ച കുട്ടികൾ അവിടെപ്പോയി കാത്തു നിൽക്കുന്നു. രാജവേഷത്തിൽ നിൽക്കുന്ന രാജാവിനെക്കണ്ട കുട്ടികളിലൊരാളായ ശശാങ്കൻ രാജാവു നഗ്നനാണെന്നു വിളിച്ചു പറയുന്നു. അതു കേട്ടു കുട്ടികൾ കൂട്ടമായി ചിരിക്കുന്നു. രാജാവിൻെറ അരയിൽ ഒരു കഷണം തുണി ചുറ്റുകയാണു വേണ്ടതെന്നുകൂടി കൂട്ടിച്ചേർത്ത ശശാങ്കനെ മന്ത്രിയും പരിവാരവും ചോദ്യം ചെയ്യുന്നു.

തനിക്ക് അബദ്ധം പറ്റിയതല്ലെന്നും പറഞ്ഞതു സത്യമാണെന്നും ശശാങ്കൻ വീണ്ടും ഉറപ്പിക്കുന്നു. സത്യം ഉറക്കെ പറയാത്തവരാണു രാജ്യ ദ്രോഹികളെന്നു വിളിച്ചു പറഞ്ഞ് ഭടന്മാരുടെ പിടിത്തത്തിൽ ഞെരങ്ങുന്ന ശശാങ്കൻെറ വാക്കുകളിലേക്ക് എല്ലാവരും ഉണരുന്നു.

## 4.26. 'ജാലിയൻ വാലാബാഗ്' (1998)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ 1919ൽ ജാലിയൻ വാലാബാഗ് മൈതാനിയിൽ നടത്തിയ ഏറ്റവും ഭീ

കരമായ കൂട്ടക്കൊലയുടെയും അവിടെ രക്തസാക്ഷിത്വം വരിച്ച പേരറിയാത്ത നൂറുകണക്കിനു മനുഷ്യരുടെയും 1930 ൽ ബ്രിട്ടീഷ് ഭരണാധികാരികൾ തൂക്കിലേറ്റിയ ധീരവിപ്ലവകാരി സർദാർ ഭഗത്സിംഗിൻെറയും ചരിത്രമാണ് ലളിതമായഭാഷയിൽ കുട്ടികളുടെ നാടകമായി പി. ഗംഗാധരൻ രചിച്ച ചരിത്രനാടകം 'ജാലിയൻ വാലാബാഗ്'[49].

മുന്നരങ്ങ് ഒരു വീടിൻെറ വരാന്തയാണ്. തൻെറ ജ്യേഷ്ഠൻ തനിക്കു മഷിക്കുപ്പി തരുന്നില്ലെന്നു അനുജത്തി അമ്മാവനോടു സങ്കടം പറയുന്നു. സഹകരണമനോഭാവം നല്ലതാണെന്നും നല്ല കുട്ടികളായി മാറണമെന്നും അമ്മാവൻ ഉപദേശിച്ചുകൊണ്ടിരിക്കെ രംഗവേദിയിലേക്ക് ഒരു കുട്ടി കൂടി കൂട്ടുകാരോടൊപ്പം ഓടി വന്ന് അമ്മാവനോടു പുതിയൊരു കഥ പറഞ്ഞു തരാൻ അഭ്യർത്ഥിക്കുന്നു. അമ്മാവൻ ഒരു മഷിക്കുപ്പിക്കഥ പറഞ്ഞു തുടങ്ങുന്നു. ഒരു കാരണവും കൂടാതെ സ്വാതന്ത്ര്യസമരസേനാനികളെ അറസ്റ്റു ചെയ്യാനും വിചാരണകൂടാതെ എത്രകാലം വേണമെങ്കിലും തടവിൽ വയ്ക്കാനുമുള്ള 1919 ലെ റൗലത്ത് ആക്ടിനെതിരെ വേദിയിലുള്ളവർ മുദ്രാവാക്യം വിളിക്കുന്നു. ഡോ. കിച്ച്ലുവിനെയും സത്പാലിനെയും ഗാന്ധിജിയെയും അറസ്റ്റു ചെയ്തുവെന്ന വാർത്ത അറിഞ്ഞതോടെ പ്രതിഷേധറാലിയും പ്രകടനവും നടത്താൻ ജാലിയൻ വാലാബാഗു മൈതാനിയിൽ ഒത്തുചേരാൻ തീരുമാനിച്ച് മുദ്രാവാക്യം മുഴക്കിക്കൊണ്ട് അവർ നടന്നു നീങ്ങുന്നു.

ജാലിയൻ വാലാബാഗു മൈതാനത്തിനടുത്തുള്ള പൊലീസ് സ്റ്റേഷനാണു രംഗം മൂന്നിലെ വേദി. വെള്ളക്കാരനായ പൊലീസ് മേധാവി ജനറൽ ഡയർ പതിനായിരത്തോളം സ്വാതന്ത്ര്യസമരപ്രവർത്തകരെ അടിച്ചമർത്താനുള്ള തന്ത്രം മെനയുന്നു. തിങ്ങി നിറഞ്ഞിട്ടുള്ള പ്രതിഷേധക്കാർക്കു നേരെ അയാളും സംഘവും വെടിവയ്ക്കുന്നു.

മുദ്രാവാക്യങ്ങളുടെയും വെടിയുടെയും ശബ്ദം നിലയ്ക്കുമ്പോൾ രംഗ വേദിയിൽ ശവങ്ങൾ ചിതറിക്കിടക്കുന്നു. സ്വാതന്ത്ര്യം ജന്മാവകാശമാണെന്നും അതു തങ്ങൾ നേടുക തന്നെ ചെയ്യുമെന്നുമും ഭാരതത്തിന്റെ മോചനത്തിനായി താൻ സ്വയം സമർപ്പിക്കുമെന്നും അവിടെ നിന്നുകൊണ്ട് ഒരു പന്ത്രണ്ടു വയസ്സുകാരൻ കുട്ടി പ്രതിജ്ഞയെടുക്കുന്നു. ഒരു പിടി മണ്ണ് കയ്യിലെടുത്ത് മഷിക്കുപ്പിയിൽ സൂക്ഷിച്ചു കൊണ്ട് ഓരോ ദിവസവും തന്റെ പ്രതിജ്ഞ പുതുക്കാൻ അതുപകരിക്കുമെന്ന് അവൻ പ്രഖ്യാപിക്കുന്നു.

നാടകത്തിന്റെ അന്ത്യരംഗത്തിൽ അമ്മാവനും കുട്ടികളുമാണു രംഗവേദിയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ നടത്തിയ ഏറ്റവും ഭീകരമായ കൂട്ടക്കൊല നടന്നു പതിനൊന്നു വർഷങ്ങൾക്കു ശേഷം 1930 ൽ ബ്രിട്ടീഷ് ഭരണാധികാരികൾ തൂക്കിലേറ്റിയ ധീരവിപ്ലവകാരിയായ സർദാർ ഭഗത്സിംഗായിരുന്നു ആ കുട്ടിയെന്ന് അമ്മാവൻ കുട്ടികളോടു പറയുന്നു. ജാലിയൻ വാലബാഗ് മൈതാനത്തെയും അവിടെ രക്തസാക്ഷിത്വം വഹിച്ച നൂറു കണക്കിനു മനുഷ്യരെയും ധീരവിപ്ലവകാരി സർദാർ ഭഗത്സിംഗിനെയും ഒരിക്കലും മറക്കരുതെന്ന് അമ്മാവൻ കുട്ടികളെ ഓർമ്മപ്പെടുത്തുന്നതിലൂടെ നാടകം അവസാനിക്കുന്നു.

## 4.27. 'ചന്ദ്രശേഖർ ആസാദ് ഒരു ചരിത്രപാഠം' (1998)

സ്കൂൾ അസംബ്ലിയിൽ ബ്രിട്ടീഷ് റാണിക്ക് സ്തുതി പാടേണ്ടതിനു പകരം 'വന്ദേമാതരം' ചൊല്ലിയതിന് ഹെഡ്മാസ്റ്ററാൽ ക്ലാസിൽ നിന്നും പുറത്താക്കപ്പെട്ട ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ കലാപത്തിനു നേതൃത്വം നൽകിയ ധീരദേശാഭിമാനിയായ ചന്ദ്രശേഖർ ആ

സാദിന്റെ ജീവിതം അനുസ്മരിക്കുന്ന ലളിതമായ ബാലനാടകമാണ് 'ചന്ദ്രശേഖർ ആസാദ് ഒരു ചരിത്രപാഠം'[50]. പഞ്ചാബിലെ ഗോതമ്പുപാടങ്ങൾക്കരികെയുള്ള ഒരു കൊച്ചുവീടാണു വേദി. സ്കൂളിൽ നിന്നെത്തിച്ചേരാൻ വൈകിയ മകനോട് അമ്മ സങ്കടത്തോടെ വൈകിയതിനു കാരണം തിരക്കുന്നു. തനിക്കൊന്നും പറ്റിയില്ലെന്നും ഇന്ത്യ ആപത്തിലാണെന്നും അമ്മയെപ്പോലെ ഇന്ത്യയിലെ മുഴുവൻ അമ്മമാരുടെയും കണ്ണുനീർ താൻ കാണുന്നുവെന്നും അതു സഹിക്കാനാകുന്നില്ലെന്നും മകൻ മറുപടി പറയുന്നു.

അസംബ്ലിയിൽ ബ്രിട്ടീഷ് റാണിക്കു സ്തുതി പാടേണ്ടതിനു പകരം 'വന്ദേമാതരം' ചൊല്ലിയതിന് ഹെഡ്മാസ്റ്റർ ആസാദിനെ ക്ലാസിൽ നിന്നും പുറത്താക്കിയ വിവരം അവന്റെ കൂട്ടുകാർ തമ്മിൽ പറയുന്നു. ആസാദ് ഗാന്ധിയുടെ പ്രസംഗം കേൾക്കാൻ പോയ വാർത്തയായിരുന്നു മറ്റൊരാൾ പറഞ്ഞത്. ചന്ദ്രശേഖറിനു തല്ലുകിട്ടുമ്പോൾ അവനു കൂസലില്ലെങ്കിലും കാണുന്ന തങ്ങൾക്കാണു വിഷമമെന്നു കുട്ടികളുടെ വാക്കുകൾക്ക്, ബ്രിട്ടീഷുകാരുടെ അടിയേറ്റു ദിവസവും മരിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യഭടന്മാരെക്കുറിച്ചോർക്കുമ്പോൾ തനിക്കു ഹെഡ്മാസ്റ്ററിൽ നിന്നും കിട്ടുന്ന അടി നിസ്സാരമാണെന്ന് ആസാദ് പ്രതികരിക്കുന്നു. സർക്കാരിനെതിരെ സഹപാഠികളായ കുട്ടികളെ സംഘടിപ്പിച്ച് സ്വാതന്ത്ര്യത്തിനു വേണ്ടി പ്രചാരണം നടത്തിയതിന് നേതൃത്വം കൊടുത്തുവെന്ന കുറ്റത്തിന് ചന്ദ്രശേഖറിനു മേൽ കോടതി വിധി പറയുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ കലാപത്തിന് നേതൃത്വം കൊടുത്തു എന്നതായിരുന്നു ആരോപിക്കപ്പെട്ട കുറ്റം.

ആസാദ് എന്ന പദത്തിന്റെ അർത്ഥം അന്വേഷിച്ച ജഡ്ജിക്കു മുന്നിൽ യാതൊരു കൂസലും കൂടാതെ അതു വെളിപ്പെടുത്തുമ്പോൾ കടുത്ത ശിക്ഷയർഹിക്കുന്ന അവനു പ്രായപൂർത്തിയാകാത്തതുകൊണ്ട് പതിനഞ്ചടി നൽകാൻ വിധിക്കുന്നു. സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂള യിലേക്ക് എടുത്തുചാടിയ ആ കുട്ടി എട്ടു വർഷങ്ങൾക്കു ശേഷം ബ്രി ട്ടീഷ് പൊലീസിനാൽ വധിക്കപ്പെട്ടു. അവസാന ശ്വാസത്തിലും ''ഭാരത് മാതാ കി ജയ്'' എന്നും ''ഇൻക്വിലാബ് സിന്ദാബാദ്'' എന്നും ഉറക്കെ വിളിച്ച ചന്ദ്രശേഖർ ആസാദ് എന്ന ധീര ദേശാഭിമാനിയെ സംഘം അനുസ്മരിക്കുന്നതാണ് അവസാന ഭാഗം.

## 4.28. 'ആകാശം പൊട്ടിവീണു' (1998)

കാണാത്ത കാര്യം പറയരുതെന്നും എന്താണു കാര്യമെന്നറിയാ തെ കേട്ടതെല്ലം വിശ്വസിക്കരുതെന്നുമുള്ള ഗുണപാഠം നിറഞ്ഞ നാ ടോടിക്കഥയാണു എം. പി. കേലു രചിച്ച 'ആകാശം പൊട്ടി വീണു'[51] എന്ന കുട്ടികളുടെ നാടകത്തിന്റെ ഇതിവൃത്തം. കുട്ടൻ മുയലും മുട്ടൻ മുയലും കിടന്നുറങ്ങുമ്പോൾ 'ബ്ധും' എന്ന ശബ്ദം കേൾക്കവേ കു ട്ടൻ ആകാശം പൊട്ടി വീഴുകയാണോയെന്നു ശങ്കിച്ചു ഞെട്ടിയുണരു ന്നു. വീണ്ടും ശബ്ദം കേട്ടപ്പോൾ അവനോടൊപ്പം മുട്ടനും ഞെട്ടിയു ണർന്നു നിലവിളിച്ചു വിരണ്ടോടുന്നു.

ആകാശം പൊട്ടിവീണെന്നും ജീവൻ വേണമെങ്കിൽ ഓടിക്കൊ ള്ളണമെന്നും വാലും ചെവിയുമാട്ടി സാവധാനത്തിൽ തിന്നുകൊണ്ടിരു ന്ന ആനയോട് അറിയിച്ചപ്പോൾ അതും മുയലുകളോടൊപ്പം ഓടുന്നു. നീട്ടി ഓരിയിടുമ്പോഴാണ് കുറുക്കൻ, ആനയും മുയലും ഓടിവരുന്നതു

കണ്ടത്. ആനച്ചാരു പറഞ്ഞത് പൊട്ടത്തരമാണെന്നു പറയാൻ ശ്രമിച്ചെ ങ്കിലും ഭയം ഉള്ളിലേക്കു പടർന്നപ്പോൾ കുറുക്കനും അവരോടൊപ്പം ചേർന്നു. ഇരയും കാത്തു പതുങ്ങി നിന്ന കിണ്ടൻ കടുവയും കഴുത യും അണ്ണാനും കാക്കയും കാട്ടിലെ മറ്റു മൃഗങ്ങളും കൂട്ട നിലവിളി യോടെ ഓടുന്നു. മൃഗങ്ങളുടെ കൂട്ടനിലവിളി കേട്ട് സിംഹത്തിനോടു കഴുതയാണ് ആകാശം പൊട്ടിവീണ വാർത്ത പറഞ്ഞത്.

ആകാശം പൊട്ടിവീണതു കണ്ടോയെന്ന സിംഹത്തിന്റെ ചോദ്യ ത്തിനു കഴുതയും കടുവയും കുറുക്കനും ആനയും ഇല്ലയെന്നു തന്നെ മറുപടി പറഞ്ഞു. മുട്ടൻ മുയലാണ് ആകാശം പൊട്ടിവീണുവെന്ന വാർത്ത തന്നോടു പറഞ്ഞതെന്ന് ആന അറിയിച്ചു. ഇതിനിടയിൽ ത ന്റെ കാലിനു പിറകിലൊളിച്ച കുട്ടൻ മുയലിനെ ആന തുമ്പിക്കൈ യിൽ കോരി മുന്നിലിടുന്നു. മയിലാടും കുന്നിന്റെ ചരിവിൽ കണ്ണാടി പ്പാറയ്ക്കടുത്ത് ശബ്ദം കേട്ട ദിക്കിലേക്ക് സിംഹത്തിന്റെ നേതൃത്വ ത്തിൽ എല്ലാവരും യാത്രയായി. കണ്ണാടിപ്പാറയ്ക്കടുത്തു കിടന്നുറങ്ങു മ്പോഴാണു താൻ ആ ശബ്ദം കേട്ടതെന്നു കുട്ടൻ മുയൽ പറയുന്നു. വീണ്ടും അതേ ശബ്ദം അവിടെ നിന്നും കേട്ടപ്പോൾ കുട്ടനും മുട്ടനും ഞെട്ടിത്തെറിച്ചു വിരണ്ടോടുന്നു. ഒരാളും അനങ്ങരുതെന്ന് ആജ്ഞാ പിച്ചുകൊണ്ട് പേടിത്തൊണ്ടന്മാരായ അവരെ നിലയ്ക്കു നിർത്തി സിം ഹം തെങ്ങിന്റെ മുകളിലേക്കു നോക്കുന്നു. തെങ്ങിന്റെ മുകളിൽ ഒ രു കുരങ്ങനായിരുന്നു. അവന്റെ കയ്യിൽ നിന്നും അറിയാതെ കരിക്കു വീണു പോയതാണത്രെ. അവനെ വെറുതെ വിടരുതെന്ന് ഒച്ചയെടുത്ത മൃഗങ്ങളോടു കുരങ്ങൻ എന്തു തെറ്റാണു ചെയ്തതെന്നു സിംഹം ചോ ദിക്കുന്നു. എന്താണു കാര്യമെന്നന്വേഷിക്കാതെ കേട്ടതിൽ പാതി കേൾക്കാത്ത പാതി ഓടിയ മൃഗങ്ങളാണു വിഡ്ഢികൾ. കേട്ടതെല്ലാം

അതേപടി വിശ്വസിക്കരുതെന്ന് സിംഹം ഓർമ്മപ്പെടുത്തുന്നതോടെ എല്ലാ മൃഗങ്ങളും നാണിച്ചു തലതാഴ്ത്തി നടന്നകലുന്നു. പിന്നാലെ സിംഹരാജനും.

## 4.29. 'കറുത്ത വറ്റ്' (1998)

ലഘുവായ കാര്യത്തെ പെരുപ്പിച്ചു പറയുന്ന സമൂഹത്തെയും മാധ്യമങ്ങളെയും കണക്കിനു പരിഹസിക്കുന്ന നാടകമാണ് ആര്യൻ കണ്ണനൂർ എഴുതിയ 'കറുത്ത വറ്റ്'[52]. കൃഷ്ണൻകുട്ടിയെന്ന സ്കൂൾ വിദ്യാർത്ഥി ഛർദ്ദിച്ച ഒരു കറുത്ത വറ്റ് പറഞ്ഞു പറഞ്ഞ്, പകർന്നു പകർന്ന് ഒരാനയായിത്തീരുന്ന വാർത്തയാണു നാടകത്തിൻെറ ഇതിവൃത്തം. സ്കൂൾ പരിസരമാണു രംഗം ഒന്നിലെ വേദി. കണക്ക് എന്ന വിഷയം ഇല്ലായെങ്കിൽ നല്ല രസമായിരുന്നേനെയെന്നും ഒന്നാമത്തെ പിരീഡു തന്നെ കണക്കായതു കഷ്ടമായിപ്പോയെന്നും കണക്കു മാഷിൻെറ നുള്ളലും പിച്ചലും സഹിക്കാൻ വയ്യെന്നുമുള്ള വേവലാതികൾക്കിടയിലാണു മാഷു ലീവാണെന്നുള്ള വിവരം കുട്ടികൾ അറിയിക്കുന്നത്. അതോടെ ആനന്ദനൃത്തം ചെയ്യുന്ന കുട്ടികൾക്കിടയിൽ കൃഷ്ണൻകുട്ടി ഛർദ്ദിക്കുന്നു.

രാവിലെ കഴിച്ച വെള്ളച്ചോറാണത്രെ പ്രശ്നമുണ്ടാക്കിയത്. ഛർദ്ദിച്ചതിലെന്താണൊരു കറുത്ത സാധനമെന്നു ചോദിച്ച ഒരു കുട്ടിയോട് അതൊരു കറുത്ത വറ്റാണെന്നു കൃഷ്ണൻകുട്ടി പറയുന്നു. രണ്ടാം രംഗം ജനങ്ങളുടെ അടക്കം പറച്ചിലോടെയാണ് ആരംഭിക്കുന്നത്. കിഴക്കേപ്പാടത്തെ പാറുക്കുട്ടിയുടെ മകൻ കൃഷ്ണൻകുട്ടി കരിക്കട്ട ഛർദ്ദിച്ചുവെന്ന് അക്കൂട്ടത്തിലൊരാൾ പറയുന്നു. മറ്റൊരാൾ കരിക്കട്ടയല്ലെ

ന്നും കറുത്ത കോഴിയാണെന്നും പ്രതികരിക്കുന്നു. പിന്നീട് കോഴി ആടായി മാറുന്നു. രംഗം മൂന്നിൽ പത്രക്കാരനു പിന്നിൽ നിൽക്കുന്ന ഒരു പറ്റം ജനങ്ങളെക്കാണാം. പാലക്കാടിനടുത്തുള്ള പരുവാശ്ശേരി ഗ്രാമത്തിൽ കൃഷ്ണൻകുട്ടി ഇരുപത്തിയഞ്ചു കിലോ ഭാരം വരുന്ന ആടിനെ ഛർദ്ദിച്ച ചൂടുള്ള വാർത്തയായിരുന്നു അന്നേ ദിവസത്തെ പത്രത്തിൽ. ആകാശവാണിയിലേക്കു വാർത്ത നീങ്ങിയപ്പോൾ ആടു കുതിരയായി.

നാലാം രംഗത്തിൽ കൃഷ്ണൻകുട്ടി ഛർദ്ദിച്ച ആനയുടെ തൂക്കം തിരക്കിയെത്തിയ വാരികക്കാരെ കാണാനാകുന്നു. താനൊരു കറുത്ത വറ്റാണു ഛർദ്ദിച്ചതെന്നു ആവർത്തിക്കുമ്പോൾ ആനക്കൊമ്പിന്റെ തൂക്കത്തെക്കുറിച്ചായിരുന്നു വാരികക്കാരുടെ അന്വേഷണം. കൃഷ്ണൻകുട്ടിയുടെ മാനസികനില തെറ്റിയെന്നറിയിച്ച വാരികയുടെ ഫോട്ടോഗ്രാഫർ അവന്റെ അതേ നിലയിലുള്ള ഒരു ഫോട്ടോയെടുത്തു. തളർന്നിരിക്കുന്ന കൃഷ്ണൻകുട്ടി കൂട്ടുകാരോട് താൻ കറുത്ത വറ്റാണു ഛർദ്ദിച്ചതെന്നും നാട്ടുകാരും വീട്ടുകാരും പത്രക്കാരും ഇങ്ങനെ പറയുമ്പോൾ തനിക്കും സംശയം തോന്നുന്നുവെന്നും പറയുന്നു. ഒരു കറുത്ത വറ്റാണു കൃഷ്ണൻകുട്ടി ഛർദ്ദിച്ചതെന്നു അതിനു സാക്ഷിയായ കുട്ടി ഉറപ്പിച്ചു പറയുന്നു. സത്യത്തെ അസത്യമായിക്കാണരുതെന്ന ബോധ്യപ്പെടുത്തലാണ് 'കറുത്ത വറ്റ്'.

## 4.30. 'ഒരു പിടി നെല്ല്' (1998)

കുട്ടികൾക്കു കരുത്തും ആത്മവീര്യവും പകരാൻ സഹായിക്കുന്ന നാടകമാണ് ഏ. ആർ. ചിദംബരം രചിച്ച 'ഒരു പിടി നെല്ല്'[53]. തടിമിടുക്കുണ്ടായിട്ടും ഭയപ്പെടുന്നത് കള്ളന്റെ ലക്ഷണമാണെന്നും സൃഷ്ടി

സ്ഥിതിസംഹാരശക്തികളുള്ള കൈകൾ കൂടെയുണ്ടെങ്കിൽ പരാജയപ്പെ ടില്ലെന്നും ഈ നാടകം കുട്ടികളെ അറിയിക്കുന്നുണ്ട്. കൃഷിയുടെ മഹത്വവും അദ്ധ്വാനത്തിന്റെ ആവശ്യകതയും തിരിച്ചറിയാൻ സഹായി ക്കുന്നുമുണ്ട്. ഗുരുനാഥനാവശ്യപ്പെടുന്ന പൂജാദ്രവ്യങ്ങൾ ശേഖരിക്കുന്ന തിൽ വ്യാപൃതരാകുന്ന ശിഷ്യഗണങ്ങളെ ചിത്രീകരിക്കുന്നതാണ് നാട കാരംഭം. പ്രധാനമായും നാലു ശിഷ്യന്മാർ തമ്മിലുള്ള സംഭാഷണങ്ങ ളാണ്. ഒന്നാമനും രണ്ടാമനും അലസരായ ശിഷ്യന്മാരാണെങ്കിൽ മൂ ന്നാമനും നാലാമനും അദ്ധ്വാനശീലരാണ്. ശിഷ്യന്മാരോട് അവരുടെ വിദ്യാഭ്യാസകാലം കഴിഞ്ഞുവെന്നും ഗുരുദക്ഷിണ തന്നു പിരിയുകയേ വേണ്ടൂവെന്നും ഗുരു അറിയിക്കുന്നു. തന്റെ നല്ല ശിഷ്യന്മാർ എന്നും രണ്ടു കക്ഷികളായിരുന്നുവെന്നു മനസ്സിലാക്കിയ അദ്ദേഹം ഓരോ ക ക്ഷിക്കും ഓരോ പിടി നെല്ലു നൽകി. ഒരു വർഷത്തെ കാലാവധി കഴിയുമ്പോൾ ഓരോ ചാക്കു നെല്ലുമായി തിരികെ വരാൻ ശിഷ്യന്മാ രോടു പറയുന്നു.

ഒന്നാമനും രണ്ടാമനും ഒരു പിടി നെല്ലിൽ നിന്നും ഒരു ചാക്കു നെല്ലുണ്ടാക്കുക അസാദ്ധ്യമെന്നു കരുതി നിൽക്കുമ്പോൾ അതു വഴി വന്ന സംന്യാസിയെ പരിചയപ്പെടുന്നു. കളങ്കമില്ലാത്ത ഹൃദയത്തോടെ തന്നെ ഭജിച്ചാൽ കാണിക്കയിടുന്ന ഓരോ ധാന്യവും ഓരോ നാണ്യ വും ഒന്നു പത്തായിട്ടും പത്തു നൂറായിട്ടും തിരിച്ചു കിട്ടുമെന്നായി സം ന്യാസി. മൂന്നാമനും നാലാമനും നടന്നു നടന്ന് ഒരു വയലിനരികിലെ ത്തി. കർഷകർ കൃഷി ചെയ്തുകൊണ്ട് പാടുന്ന നാടൻ പാട്ടുകൾ അവ രും ഏറ്റു പാടുന്നു. പാടത്ത് വിത്തിടുന്നതെങ്ങനെയെന്നും കൊയ്യുന്ന തെങ്ങനെയെന്നും കർഷകർ അവർക്കു പഠിപ്പിച്ചുകൊടുക്കുന്നു.

ഒരു വർഷം കൊണ്ട് ഒരു പിടി നെല്ലിൽ നിന്നും ഒരു ചാക്കു നെല്ലു സമ്പാദിച്ച് മൂന്നാമനും നാലാമനു ഗുരു സന്നിധിയിലേക്കു യാത്ര ചെയ്യുമ്പോൾ വഴി മദ്ധ്യേ ഒന്നാമനെയും രണ്ടാമനെയും കണ്ടുമുട്ടുന്നു. വിശ്രമത്തിനിടയിൽ ഒന്നാമനും രണ്ടാമനും മൂന്നാമൻെറയും നാലാമൻെറയും നെൽച്ചാക്കു കവർന്നെടുത്ത് ഗുരുസന്നിധിയിലെത്തുന്നു. തങ്ങളുണ്ടാക്കിയ നെല്ലാണെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ നിൽക്കുമ്പോൾ ഗുരുകുലത്തിനു പോലും ചീത്തപ്പേരുണ്ടാക്കുന്നവരാണ് ഒന്നാമനും രണ്ടാമനുമെന്നു മൂന്നാമനും നാലാമനും ഗുരുവിനെ അറിയിക്കുന്നു. അദ്ധ്വാനത്തിൻെറ മഹത്വം മനസ്സിലാക്കിയവരെ ഗുരു തിരിച്ചറിയുന്നു. ആദ്യപക്ഷക്കാരെ രണ്ടാമത്തെ പക്ഷക്കാർ മുഷ്ടി ചുരുട്ടി അടിക്കാനോങ്ങിയപ്പോൾ അവർ ഗുരുവിനു പിന്നിൽ അഭയം തേടുന്നു. തടിമിടുക്കുണ്ടായിട്ടും രണ്ടാമത്തെക്കൂട്ടരെ ഭയന്ന ആദ്യകൂട്ടരോട് ഭയം കള്ളൻെറ ലക്ഷണമാണെന്നു ഗുരു അറിയിക്കുന്നു. മൂന്നാമനെയും നാലാമനെയും വാത്സല്യത്തോടെ ചേർത്തു നിർത്തി അവർ തൻെറ പ്രിയ ശിഷ്യന്മാരാണെന്നും തന്നോളം വളർന്നവരാണെന്നും സൃഷ്ടിസ്ഥിതിസംഹാരശക്തിയുള്ള കൈകളുള്ളപ്പോൾ അവർക്കു പരാജയമില്ലെന്നും അനുഗ്രഹിക്കുന്നു.

## 4.31. 'ചെണ്ടമേളം' (1999)

ഒരുമയുണ്ടെങ്കിൽ എന്തിനെയും നേരിടാനാകുമെന്ന പഴമൊഴിയുടെ കരുത്തിൽ നിന്നാണ് ആലിന്തറ ജി. കൃഷ്ണപിള്ള രചിച്ച 'ചെണ്ടമേളം'[54] എന്ന കുട്ടികളുടെ നാടകം പിറവിയെടുക്കുന്നത്. മേളഗ്രാമമെന്ന സാങ്കൽപികഗ്രാമത്തിലൂടെ മേളക്കാരുടെയിടയിൽ നിന്നും വിശപ്പും

വിഭാഗീയതയും വിദ്വേഷവും കൊണ്ട് രൂപം കൊണ്ട രാക്ഷസരൂപത്തെ അവർ തന്നെ തിരിച്ചറിയുന്നതും ഒരുമയുടെയും കൂട്ടായ്മയുടെയും പാഠം പഠിച്ചു മുന്നേറുന്നതുമാണ് നാടകത്തിൻെറ പ്രമേയം.

കഥയപ്പൂപ്പനും കുട്ടികളും വേദിയിൽ ആഹ്ലാദത്തോടെ തുള്ളിക്കളിച്ച് പാട്ടുപാടി മുന്നേറുമ്പോഴാണ് നാടകം ആരംഭിക്കുന്നത്. തോളത്തൊരു വടിയും വടിയിൽ തൂക്കിയിട്ടിരിക്കുന്ന മുഖം മൂടികളും പല വർണ്ണനാടകളുമായിട്ടാണ് കഥയപ്പൂപ്പൻെറ രംഗപ്രവേശം. കുട്ടികൾ അപ്പൂപ്പനോടൊപ്പം പാട്ടു പാടിക്കളിക്കുന്നുണ്ട്. ബാല്യവും വാർദ്ധക്യവും ഒരേ മനസ്സിൽ ഒരേ താളത്തിൽ ചുവടുവയ്ക്കുന്നത് നാടകത്തിലുടനീളം കാണാനാകും. കഥയപ്പൂപ്പൻ കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്ന കഥയിലൂടെയാണു നാടകം പുരോഗമിക്കുന്നത്. അപ്പൂപ്പനോടൊപ്പം കളിച്ചുവരുന്ന കുട്ടികൾ തന്നെയാണു മേളഗ്രാമത്തിലെ കഥാപാത്രങ്ങളും. അപ്പൂപ്പൻെറ വടിയിൽ തൂക്കിയിട്ടിരിക്കുന്ന രണ്ടു നായ് മുഖങ്ങൾ കുട്ടികളിൽ രണ്ടു പേർ എടുത്തണിയുന്നു. ആട്ടത്തിനും പാട്ടിനും കളിക്കുമൊപ്പമാണ് കുട്ടികൾ കഥാപാത്രങ്ങളായി പരിണമിക്കുന്നതും. അപ്പൂപ്പൻെറ തോളത്തെ വടിയിൽ തൂക്കിയിട്ടിരിക്കുന്ന കളിക്കോപ്പുകളും മുഖം മൂടികളും കഥാപാത്രങ്ങൾക്കു നിറവു പകരാൻ ഉതകുന്നു.

ഇനി അപ്പൂപ്പൻ കഥ പറയുകയായി. കുട്ടികൾ അതിലെ കഥാപാത്രങ്ങളായി രംഗത്തു വരികയായി. മേളഗ്രാമത്തിലെ ചെണ്ടമേളത്തിൽ കമ്പം കയറിയ തമ്പുരാനായി അപ്പൂപ്പൻ രംഗത്തു വരുന്നു. കുട്ടികൾ മേളക്കാരായി. മേളക്കാരുടെ ലയച്ചേർച്ച നന്നായി ബോധിച്ച തമ്പുരാൻ കരമൊഴിവായൊരു ഗ്രാമം അവർക്കു ദാനം ചെയ്യുന്നു. അങ്ങ

നെ മേളക്കാർക്കു കിട്ടിയ ദാനമാണു മേളഗ്രാമം. ഒടലേക്കെട്ടന്മാരുടെ യും (ചെണ്ടക്കാർ) അരേക്കെട്ടന്മാരുടെയും (മദ്ദളക്കാർ) ഒരുമയില്ലായ്മ യാണു പ്രധാന പ്രമേയം. പരസ്പരം മത്സരിച്ച്, വാശിപൂണ്ട് തമ്മിലു ള്ള ശത്രുത പെരുകുന്നു. തങ്ങളാണ് ആഢ്യന്മരെന്നും സമർത്ഥരെന്നും രണ്ടു കൂട്ടരും അവകാശപ്പെടുന്നു. മേളഗ്രാമം അവരുടേതാണെന്നു പറ ഞ്ഞ് പരസ്പരം തർക്കിക്കുന്നു. ചരിത്രത്തിൽ അവരുടെ അപ്പൂപ്പന്റെ അപ്പൂപ്പന്റെ അപ്പൂപ്പന് മേളഗ്രാമം കിട്ടിയതാണെന്നു തെളിവുകളുണ്ടെ ന്നും വാശിയോടെ അവകാശപ്പെടുന്നു. അങ്ങനെ മേളഗ്രാമം രണ്ടു ചേരിയായിത്തീരുന്നു.

ഒടലേക്കെട്ടന്മാരുടെയും അരേക്കെട്ടന്മാരുടെയും ഒരുമ നഷ്ടപ്പെട്ട പ്പെട്ടപ്പോൾ തമ്മിലുള്ള ലയം തീർന്നു. അവതാളവും അപസ്വരവും കൊണ്ട് രണ്ടു കൂട്ടരെയും ആരും മേളത്തിനു ക്ഷണിക്കാതായി. തട്ടും തട്ടും (മദ്ദളം) കണ്ടം കണ്ടം തുണ്ടം (ചെണ്ട) എന്നു കൊട്ടി വാശി മൂ ത്ത് കലി കയറി പരസ്പരമടുക്കുന്ന അവർക്കിടയിൽ ഓരോ ഭാഗ ത്തും മുരളലും കുരയുമായി നന്ദി കാണിച്ചുകൊണ്ട് നായക്കഥാപാത്ര ങ്ങൾ നിന്നു. പല ഗ്രാമക്കാരും അവരെ തള്ളി. മേളം കിട്ടാതായി. ജീ വിതം കഷ്ടിയായി. അടുപ്പിലും കലത്തിലും വല കെട്ടിത്തുണങ്ങി. പ ട്ടിണി. എങ്കിലും അവരുടെ തമ്മിലടി വർദ്ധിച്ചു വന്നതേയുള്ളൂ. ലഹള പെരുകിയതേയുള്ളൂ.

‘‘നിന്റെയൊക്കെ ചോരകൊണ്ടീഗ്രാമം ഞങ്ങൾ നനയ്ക്കു’’മെന്ന് ആയുധങ്ങളുയർത്തി ആഞ്ഞാഞ്ഞുവെട്ടി ആർത്തട്ടഹസിച്ചു വരുന്ന അവർക്കിടയിൽ ചെന്നായുടെ ബീഭത്സമുഖമുണ്ട്. ചുവന്നു തിളങ്ങു

ന്ന കണ്ണുകളും, ചുവന്നു നീണ്ട നാവും വളഞ്ഞു കൂർത്ത ദംഷ്ട്രകളുമുള്ള ഒരു സത്വം വലിയൊരു ഗർജ്ജനത്തോടെ അവർക്കിടയിൽ ചാടിവീഴുന്നു. തന്നെ ഉണർത്തുകയും തൻെറ ദാഹം വളർത്തുകയും ചെയ്തവരുടെ ചോരകുടിക്കാനാണു വന്നതെന്നു സത്വം. ചേരിപ്പോരിൻെറ അവതാളങ്ങളാണു സത്വത്തെ ഉണർത്തിയത്. ചെണ്ടക്കാർക്കു നേരെ അടുത്ത സത്വം ചെണ്ടയുടെ മാത്രം പട പട ശബ്ദം കേട്ടപ്പോൾ ചെവി പൊത്തി അസ്വസ്ഥനാകുന്നു. മദ്ദളക്കാരുടെ ശബ്ദം മാത്രം കേട്ടപ്പോഴും ഇങ്ങനെ തന്നെ പെരുമാറുന്നു. ഈ വിധം മാറി മാറി ഇരുപക്ഷത്തിനും നേരെ സത്വം അടുക്കുമ്പോൾ അതൊരു മേളമായി പരിണമിക്കുന്നു.

ചെണ്ടക്കാരുടെയും മദ്ദളക്കാരുടെയും മേളപ്പെരുക്കത്തിൽ, ഒത്തൊരുമയിൽ, ലയത്തിൽ ആസ്വാദനത്തിൻെറ പാരമ്യതയിൽ അള്ളിക്കീറാൻ നീണ്ടിരുന്ന സത്വത്തിൻെറ കൈകൾ കൂപ്പിയ സ്ഥിതിയിലേക്ക് ഇരു കൂട്ടരെയും മാറി മാറിക്കുമ്പിടുന്നു. ശാന്തി കെട്ട് ശാന്തി കെട്ട് ഭ്രാന്തനായിത്തീർന്നിരുന്ന സത്വം ശാന്തനായിത്തീരുന്നു. ഒരുമിച്ചു കൊട്ടി ഒരു രാക്ഷസനെ അടക്കിയ മേളക്കാർ ഇട കലർന്ന് ഒരു വരിയായി മാറുന്നു. ചെന്നായയുടെ ബീഭത്സമുഖാവരണം മാറി ശാന്തഭാവത്തിലുള്ള മുഖാവരണം പ്രത്യക്ഷപ്പെടുന്നു. കഥയപ്പൂപ്പൻ കുട്ടികളോടു പറയുന്നു.

*"കുട്ടികളേ, മേളഗ്രാമത്തിൽ പിന്നെ ലഹളകൾ ഉണ്ടായിട്ടേയില്ല. ഒരുമ, വാദ്യങ്ങളുടെ ഒരുമ. മേളം.. നാട്ടിലെങ്ങും വീണ്ടും, മേളക്കാരെ വിളിക്കുന്നെങ്കിൽ അതു മേളഗ്രാമക്കാർ തന്നെ മതിയെന്നായി. അവർക്ക് അംഗീകാരം തിരിച്ചു കിട്ടി. അവരുടെ പട്ടിണി മാറി.."*[55]

മേളക്കാരുടെയിടയിൽ പ്രത്യക്ഷപ്പെട്ട ആ രാക്ഷസൻ വിശപ്പിന്റെയും വിഭാഗീയതയുടെയും വിദ്വേഷത്തിന്റെയും രാക്ഷസരൂപമാണെന്നു തിരിച്ചറിയുന്നു. ഒരുമയുണ്ടെങ്കിൽ ഈ വികാരങ്ങളെല്ലാം അടക്കാനാകുമെന്ന് അവർ തിരിച്ചറിയുന്നു. പാട്ടു പാടി ആട്ടമാടി നാടകൾ വീശിക്കളിച്ച് അപ്പൂപ്പനെ വലയം ചെയ്ത് കുട്ടികൾ നീങ്ങുമ്പോൾ രംഗം ഇരുളുന്നു. മേളം പതിയുന്നു. തിരശ്ശീല വീഴുന്നു.

## 4.32. 'പൂതപ്പാട്ടിനു ശേഷം' (1999)

പാഠപുസ്തകങ്ങൾ നിറഞ്ഞ സ്കൂൾ ബാഗിന്റെയും നഗരത്തിലെ യാന്ത്രികജീവിതത്തിന്റെയും കനം പേറി കഴുതകളെപ്പോലെ നടക്കുന്ന കുട്ടികളെ സ്വാതന്ത്ര്യത്തിന്റെയും ഗ്രാമവിശുദ്ധിയുടെയും ലോകത്തിലേക്കു കൂട്ടിക്കൊണ്ടു പോകാൻ ശ്രമിക്കുന്ന പൂതത്തിന്റെ കഥയാണു ഗോപി കുറ്റിക്കോൽ രചിച്ച 'പൂതപ്പാട്ടിനു ശേഷം'[56] എന്ന നാടകം പറയുന്നത്. ഇടശ്ശേരിയുടെ പ്രസിദ്ധമായ 'പൂതപ്പാട്ടി'ന്റെ ഈരടികൾ നിറഞ്ഞു നിൽക്കുന്ന വേദിയിലാണു നാടകം തുടങ്ങുന്നത്. ഭയന്നു വിറച്ച ഒരാൺകുട്ടി രംഗമദ്ധ്യത്തിലേക്കു തെറിച്ചു വീഴുന്നു. ദംഷ്ട്രകളും കൊമ്പും അണിഞ്ഞ നാലു കറുത്ത രൂപങ്ങൾ അവനെ ലക്ഷ്യമാക്കി വരുന്നു. അവർ ആ കുട്ടിയെ ഞൊടിയിട കൊണ്ടു കടിച്ചെടുത്തു മറയുന്നു. കുട്ടിയുടെ നേർത്ത കരച്ചിലിനിടയിൽ ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ നങ്ങേലി എന്ന കഥാപാത്രം ഓടി വരുന്നു. കുട്ടിയുടെ കരച്ചിൽ ശ്രദ്ധിക്കുന്നു. അവർ ഇടയ്ക്കിടെ മാനസിക വിഭ്രാന്തിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നത് പ്രേക്ഷകർക്കു കാണാനാകുന്നു.

തൻെറ ഉണ്ണിയെ കള്ളന്മാർ ചേർന്നു തട്ടിക്കൊണ്ടു പോയതിനാൽ മാനസികവിഭ്രാന്തിയിലകപ്പെട്ട നങ്ങേലി ഉണ്ണിയെ അന്വേഷിച്ച് മകരമാസത്തിലെത്തുന്ന പൂതത്തോട് എന്തു പറയണമെന്നറിയാതെ പരവശയാകുന്നു. ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ പൂതം അതേ വേഷത്തിൽ താളാത്മകമായി ചുവടു വച്ച് എത്തിച്ചേരുന്നു. പറയൻ കുന്നിൻെറ ചുവട്ടിൽ നിന്നാരോ തൻെറ ഉണ്ണിയെ പിടിച്ചുകൊണ്ടു പോയെന്ന് നങ്ങേലി അറിയിക്കുന്നു. പൂതവും നങ്ങേലിയും ഉണ്ണിയെത്തിരക്കി യാത്ര തിരിക്കുന്നു. ഒരു കുന്നിൻ ചെരിവിലൂടെ കുറെ കുട്ടികൾ മുതുകത്തു നിറയെ പാഠപുസ്തകങ്ങൾ നിറച്ച വലിയ സ്കൂൾ ബാഗുമായി കഴുതകളെപ്പോലെ നടന്നു പോകുന്നത് അവർ കാണുന്നു. ഉണ്ണിയെത്തിരക്കി നഗരത്തിലെ ഒരു ഇംഗ്ലീഷ്മീഡിയം സ്കൂളിൻെറ കളിമുറ്റത്തെത്തുന്നു. മുതുകു കുനിഞ്ഞ അവസ്ഥയിൽ ഇംഗ്ലീഷിൽ പാടുകയും സംസാരിക്കുകയും ചെയ്യുന്നവർക്കിടയിൽ മിനിസ്റ്ററുടെ ഏകമകളും അമേരിക്കൻ ഡോക്ടറുടെ മകനുമുണ്ട്.

കുട്ടികളുടെ മുതുകിലെ ഭാരം നീക്കം ചെയ്ത പൂതം പരസ്പരം മുഖം കാണുവാനും നേരെ ചൊവ്വേ ശ്വാസം കഴിക്കാനുമുള്ള അവസരം അവർക്കു നൽകുന്നു. ഓടിയും ചാടിയും കെട്ടിപ്പിടിച്ചും ആഹ്ലാദം പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് പൂതം കഥ പറഞ്ഞു തരാമെന്നു പറഞ്ഞ് പറയൻ കുന്നിലേക്കു ക്ഷണിക്കുന്നു. അവിടെയുള്ള പൂമ്പാറ്റകളെയും മാന്തളിരിനെയും മാനിനെയും കാണിച്ചു കൊടുക്കുന്നു. കുട്ടികൾ പറയൻ കുന്നിൽ ഓടിച്ചാടിക്കളിക്കുന്നു. പെൺകുട്ടികൾ പൂവിറുത്ത് മാല കോർക്കുന്നു. ആൺകുട്ടികൾ മാങ്ങ പെറുക്കിയും മരത്തിൽ കയറിയും ആനയെക്കണ്ടും അരുവിയിൽക്കുളിച്ചും രസിക്കുന്നു. നേരം വൈകിയെ

ന്നും അടുത്തദിവസം കാണാമെന്നും പറഞ്ഞു പൂതം കുട്ടികളെ പിരിച്ചു വിടുന്നു.

കുട്ടികൾ അവരവരുടെ വീട്ടിൽ ഉറക്കത്തിൽ പൂതത്തോടു കഥ പറയാനും കൂടെ കളിക്കാനും ആവശ്യപ്പെടുന്നു. കുട്ടികളുടെ പരിഭ്രാന്തരായ ഡാഡിയും മമ്മിയും പ്രിൻസിപ്പലിനെക്കണ്ട് പരാതി പറയുന്നു. ഏതോ പൂതം കുട്ടികളെക്കൊണ്ടു പോയി കഥകൾ പറഞ്ഞു കൊടുക്കുന്നുവെന്നും മാനും മാന്തളിരും കാട്ടിക്കൊടുക്കുന്നുവെന്നും അരുവിയും മലകളും കാണിച്ചു കൊടുക്കുന്നുവെന്നും അതിൽ താൻ ഉത്തരവാദിയല്ലെന്നും പ്രിൻസിപ്പൽ അറിയിക്കുന്നു.

തങ്ങൾക്കു ഡാഡിയും മമ്മിയും ഒന്നും വേണ്ടെന്നും തങ്ങളെ വിട്ടെങ്ങും പോകരുതെന്നും കുട്ടികൾ പൂതത്തോട് അപേക്ഷിക്കുന്നു. പൂതവുമായി കുട്ടികൾ പറയൻ കുന്നിൻ കളിച്ചു രസിച്ചിരിക്കേ പുറത്തു നായ്ക്കളുടെ കുരയും പൊലീസ് വിസിലും പൂതത്തെ പിടിക്കാൻ വന്ന ഡാഡിമാരുടെ അലർച്ചയും മുഴങ്ങുന്നുണ്ട്. തങ്ങളെ രക്ഷപ്പെടുത്തൂവെന്നു ദയനീയമായിക്കരയുന്ന കുട്ടികളുടെ ശബ്ദവും ഒപ്പം മുഴങ്ങുന്നു. കുട്ടികളോടൊപ്പം രക്ഷപ്പെടുവാൻ നങ്ങേലി പൂതത്തോടഭ്യർത്ഥിക്കുന്നു. പൂതം കുട്ടികളെയും കൊണ്ട് ഗുഹയിലേക്കു കയറുന്നു. നങ്ങേലി ഗുഹയുടെ വാതിലടച്ച് ഓടി മറയുന്നു. നാലു ഭീകരരൂപങ്ങൾ ഭയാനകമായ ചുവടുവയ്പുകളോടെ രംഗത്തു നിറഞ്ഞ് ഒടുവിൽ ഗുഹയ്ക്കകത്തു കയറി കുട്ടികളെ കടിച്ചെടുത്ത് ഉയർന്ന തലത്തിലേക്കു നടക്കുന്നു. പൂതം തളർന്നിരിക്കുന്നു. ഇനി താൻ മകരമാസത്തിൽ വരില്ലെന്നും തൻെറ ഉണ്ണികളെ ഇങ്ങനെയൊരവസ്ഥയിൽ കാണാനാകില്ലെന്നും പൂതം പറയുന്നു. തൻെറ ഉണ്ണിയെ എന്നെങ്കിലും തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയിൽ താൻ പറയൻ കുന്നിൻെറ ചുവട്ടിൽ

കാത്തിരിക്കുമെന്നു നങ്ങേലി പ്രതികരിക്കുന്നതോടെ നാടകം പൂർണ്ണ മാകുന്നു.

## 4.33. 'പറന്നു വന്ന പെരുച്ചാഴി' (2000)

ദൈവഭയം നല്ലതുതന്നെ. പക്ഷേ മനസ്സിനകത്തെ കളങ്കം മാറ്റി യാലേ ദൈവാനുഗ്രഹമുണ്ടാകൂ. ആദ്യം നമ്മുടെ മനസ്സു വൃത്തിയാക്ക ണം. എങ്കിലേ മുറ്റം നന്നാകൂ. ജേക്കബ് സാംസൺ രചിച്ച 'പറന്നു വ ന്ന പെരുച്ചാഴി'[57] എന്ന നാടകം നൽകുന്ന സന്ദേശം ഇതാണ്. സാമൂ ഹിക ജീവിതത്തിൽ നാം കുറെയധികം ചിട്ടകളും മര്യാദകളും പാലി ക്കേണ്ടതുണ്ട്. ഇത് കുറെയെങ്കിലും ഇന്നു ലംഘിക്കപ്പെടുന്നു. വിദ്യാ ഭ്യാസവും പൗരബോധവും ഉണ്ടെന്ന് സ്വയം അഭിമാനിക്കുന്ന വ്യക്തിക ളിൽപ്പോലും ഈ പ്രവണത കണ്ടുവരുന്നുണ്ട്. നാട്ടിൻപുറത്തെ വീടുക ളിൽ മിക്കപ്പോഴും നടക്കുന്ന, നടക്കാനിടയുള്ള ഒരു സംഭവമാണ് നാട കത്തിൻെറ പ്രമേയം.

ശ്യാമളയുടെ വീടാണു നാടകസദസ്സ്. അനുജത്തി കമല മുറ്റം അടിച്ചുവാരിക്കൊണ്ടിരിക്കെ അപ്പുറത്തെ വീട്ടിലെ അപ്പുക്കുട്ടൻ ചേ ട്ടനും വസന്തച്ചേച്ചിയും പോയിക്കഴിഞ്ഞോയെന്നു നോക്കാൻ ചേച്ചി ആവശ്യപ്പെട്ടപ്പോൾത്തന്നെ കമലയ്ക്കു കാര്യം മനസ്സിലായി. അടിച്ചു വാരിക്കൂട്ടിയ ചവറെല്ലാം മതിലിൻെറ മുകളിൽക്കൂടി അപ്പുറത്തേക്ക് ത ള്ളിയിടാനാണ്. രണ്ടു മണിക്കൂർ മെനക്കെട്ട് വസന്തച്ചേച്ചി വൃത്തിയാ ക്കിയിട്ട മുറ്റം വൃത്തികേടാക്കേണ്ടത് കഷ്ടമല്ലേയെന്ന കമലയുടെ ചോ ദ്യത്തിന് ശ്യാമള നൽകുന്ന ഉത്തരം ശ്രദ്ധിക്കാം.

*"മറ്റുള്ളവരുടെ മുറ്റം വൃത്തിയായിക്കിടന്നിട്ട് നമുക്കെന്തു കാര്യം? നമ്മുടെ മുറ്റം വൃത്തിയാക്കിയിട്ടാൽ നമുക്കു കൊള്ളാം."* [58]

ചവറെല്ലാം അപ്പുറത്തെ വീട്ടിലേക്കു തട്ടിയിട്ട് അവർ കുളിച്ച ശേഷം അമ്പലത്തിൽ പോകുന്നു. അപ്പൂപ്പൻെറ വീടിൻെറ മുൻ വശമാണു രംഗം രണ്ടിലെ വേദി. അപ്പുക്കുട്ടനും ഭാര്യ വസന്തയും വീടിൻെറ മുറ്റത്തു നിൽക്കുന്നുണ്ട്. ചവറു മുഴുവൻ വീട്ടുമുറ്റത്താക്കിയതിനു അവർ പ്രതികാരം ചെയ്യാനൊരുങ്ങുന്നു. കമലയും ശ്യാമളയും അമ്പലത്തിൽപ്പോയി തിരിച്ചു വരുന്നതിനു മുൻപേ വസന്ത ചത്തു ചീഞ്ഞു മണം പരത്തുന്ന പെരുച്ചാഴിയെ വലിച്ചെറിയുന്നു. ചവറു കാറ്റത്തു പറന്നപ്പുറത്തു പോകുന്നതുപോലെയാണോ ചത്തു ചീഞ്ഞ പെരുച്ചാഴിയെന്നു അനുജത്തിയോടു ചോദിച്ചുകൊണ്ട് ശ്യാമള അത് അയൽ വീട്ടിലേക്കെറിയാൻ ഒരുങ്ങി നിൽക്കുമ്പോഴാണു നാണിയമ്മയെന്ന വൃദ്ധയുടെ രംഗപ്രവേശം.

താൻ കുറെ നേരമായി ചില കാഴ്ചകൾ കണ്ടുകൊണ്ടു നിൽക്കുകയായിരുന്നുവെന്നും സ്വന്തം മുറ്റം വൃത്തിയായിക്കിടക്കണമെങ്കിൽ ദിവസവും തൂത്തു കിട്ടുന്ന ചവറ് ഒരു മൂലയിൽ ഇട്ടു കത്തിച്ചു കളയുകയാണു വേണ്ടതെന്നും അല്ലെങ്കിൽ ഒരു കമ്പോസ്റ്റു കുഴിയുണ്ടാക്കി അതിലിടണമെന്നും അപ്പുറത്തു ഇപ്പുറത്തു എറിയരുതെന്നും ആ വൃദ്ധ അവരെ പഠിപ്പിച്ചു. ദൈവഭയം നല്ലതു തന്നെ പക്ഷേ മനസ്സിനകത്തെ കളങ്കം മാറ്റിയാലേ ദൈവാനുഗ്രഹമുണ്ടാകൂ. സാമാന്യ മര്യാദയും സാമൂഹിക ബോധവും സന്മാർഗ്ഗികനിഷ്ഠയും വിദ്യാർത്ഥികളിൽ

വളർത്തിയെടുക്കാൻ സഹായകമായ നാടകമാണ് 'പറന്നു വന്ന പെരുച്ചാഴി'.

## 4.34. 'മനസ്സിലെ മുറിവുകൾ' (2000)

കുട്ടികൾക്ക് നിഷ്കളങ്കതയുടെയും നന്മയുടെയും വെളിച്ചം ലഭ്യ മാകണമെന്ന ലക്ഷ്യത്തോടെ പ്രേമാനന്ദ് ചമ്പാട് രചിച്ച നാടകമാണ് 'മനസ്സിലെ മുറിവുകൾ'[59]. ദു:ഖപര്യവസായിയാണു കഥ. ഒരു കുടിലി ൻെറ വരാന്തയിൽ സന്ധ്യാസമയത്താണു കഥയാരംഭിക്കുന്നത്. 'തലമ' കളിയും 'കോട്ടി' കളിയും ചുള്ളീം കോലും ചാട്ടവും കഴിഞ്ഞ് ഓടി യെത്തുന്ന സുമതിയെന്ന ഒൻപതുവയസ്സുകാരിക്കുട്ടിയാണ് നാടകത്തി ലെ നായിക. മുത്തച്ഛനും സുമതിയും തമ്മിലുള്ള സംഭാഷണങ്ങളാ ണ് നാടകത്തിൻെറ ജീവൻ. പണ്ടത്തെക്കളികളും പണ്ടത്തെക്കാലവും ഓർത്തു നിർവൃതി കൊള്ളുന്ന മുത്തച്ഛനോടൊപ്പം സുമതിയും പങ്കുചേരുന്നു.

അച്ഛനില്ലാത്ത സുമതിയെക്കുറിച്ചോർക്കുമ്പോൾ മുത്തച്ഛ ൻെറ മനസ്സിൽ ദു:ഖം നിറയുന്നു. എല്ലാവരുടെയും പ്രകാശിക്കുന്ന മു ഖം കാണാനാണു സുമതിക്കു സന്തോഷം. അവൾ സത്യമുള്ളവളാണ്. ആരോടും മര്യാദകെട്ട് ഒന്നും പെരുമാറുകയില്ല. വല്യമ്മ സുമതിക്കു പ റഞ്ഞുകൊടുക്കുന്ന കഥയാണു നാടകമായി വികസിക്കുന്നത്. ഒരു മു ത്തച്ഛനും പെൺകുട്ടിയും രാത്രി നടന്നുപോകുമ്പോൾ പ്രത്യക്ഷപ്പെ ടുന്ന രൂപം അനുവാദമില്ലാതെ പ്രവേശിച്ചതെന്തിനാണെന്ന് അവരോടു ചോദിക്കുന്നു. താൻ വിറകു പെറുക്കാൻ കാട്ടിൽ വന്നതാണെന്നും,

വൃദ്ധൻ വഴിയറിയാതെ വിഷമിക്കുമ്പോൾ അദ്ദേഹം പറഞ്ഞ ദിക്കിലേക്ക് നടന്നതാണെന്നും മറ്റൊന്നും ഒളിപ്പിച്ചു വച്ചിട്ടില്ലെന്നും പെൺകുട്ടി ബോധ്യപ്പെടുത്തുന്നു. നിധിയെടുക്കാൻ വന്നതാണൊയെന്നു തങ്ങൾക്കു സംശയമുണ്ടെന്നും മനസ്സറിയുന്ന യന്ത്രമുപയോഗിച്ച് പരിശോധിക്കുകയാണെന്നും ആ രൂപം ഭീഷണിപ്പെടുത്തി. തനിക്കു പ്രത്യേകശക്തിയുണ്ടെന്നും തൻെറ മുന്നിൽ നിൽക്കുന്നവർ മാറിയില്ലെങ്കിൽ ദഹിച്ചുപോകുമെന്നും അവൾ പറഞ്ഞുകൊണ്ടിരിക്കെ കാറ്റുവീശുന്നു. പെൺകുട്ടിയുടെ ശക്തികൊണ്ടാണു കാറ്റെന്നു കരുതി അവളെയും വൃദ്ധനെയും കുടുക്കാൻ ശ്രമിച്ചവർ ഓടി രക്ഷപ്പെടുന്നു. കൂട്ടുകാരോടൊപ്പം കളിക്കുന്നതിനിടയിൽ ഓടിയപ്പോൾ കല്ലിൽത്തട്ടി വീണ ബിന്ദു, അവളുടെ അച്ഛനോട് സുമതി തള്ളിയിട്ടതായി പറയുന്നു. ബിന്ദുവിൻെറ നെറ്റി മുറിഞ്ഞത് അങ്ങനെയാണത്രെ. താൻ ആരോടും വഴക്കുകൂടാറില്ലെന്നു സുമതി പറഞ്ഞതൊന്നും വിലപ്പോയില്ല. ദു:ഖം താങ്ങാനാകാതെ അവൾ താഴെ വീഴുന്നു.

## 4.35. 'അപ്പൂപ്പൻ കത്തിച്ച കൈത്തിരി' (2000)

നാടകാവതരണത്തിലൂടെ ചരിത്രബോധവും പഠനവും സാധ്യമാക്കുകയെന്ന സമഗ്രമായ കാഴ്ചപ്പാടോടു കൂടി എം. ശിവപ്രസാദ് രചിച്ച നാടകമാണ് 'അപ്പൂപ്പൻ കത്തിച്ച കൈത്തിരി'[60]. അതുകൊണ്ടു തന്നെ കുട്ടികളുടെ ചരിത്രനാടകമെന്ന് ഈ നാടകത്തെ വിശേഷിപ്പിക്കാം. അഭിനയത്തിനും അവതരണത്തിനും ശബ്ദചലനങ്ങൾക്കും ധാരാളം സാധ്യതകൾ ഒരുക്കിക്കൊണ്ടാണ് നാടകരചന നിർവ്വഹിച്ചിട്ടുള്ളത്. നാടകത്തിൻെറ ക്രിയാംശപ്രധാനമായ ഭാഗങ്ങൾ ഉൾപ്പെടുത്തി ദൃശ്യാവി

ഷ്കാരം സാധ്യമാക്കുകയാണെങ്കിൽ ക്ലാസ് മുറികളിൽ ചരിത്രം പഠിക്കുന്ന കുട്ടികൾക്ക് പഠനം പാൽപ്പായസമായിത്തീരുമെന്നതിനുകൂടി തെളിവാണ് ഈ നാടകം.

നാട്ടിൻ പുറത്തെ ഗ്രന്ഥശാലയിലെ വായനാമുറിയിൽ ഒരറ്റത്ത് ഒരു അലമാരയും മറുഭാഗത്ത് ഒരു കസേരയും. അരങ്ങിൽ വെളിച്ചം പരക്കുന്നതിനു മുൻപ് അകലെ ലഹളയുടെ ആരവവും അട്ടഹാസങ്ങളും ദീനരോദനങ്ങളും. രക്ഷിക്കണേയെന്ന സ്ത്രീകളുടെ നിലവിളികൾ. വേദിയിൽ വെളിച്ചം പരക്കുമ്പോൾ ഭയന്നോടുന്ന പന്ത്രണ്ടു വയസ്സുകാരൻ അലമാരയ്ക്കുള്ളിൽ നിന്നും വെള്ളി പോലെ നരച്ചു നീണ്ട താടിയും മുടിയും അയഞ്ഞ വെള്ള വസ്ത്രവുമായി യവനപുരാണകഥാപാത്രത്തെ ഓർമ്മിപ്പിച്ചുകൊണ്ട് ചരിത്രവൃദ്ധൻ ഉണ്ണിയുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നു. പൈശാചികമായ മനുഷ്യക്കുരുതി അവസാനിക്കണമെങ്കിൽ ചരിത്രം പഠിക്കണം. മൃതമായ ഭൂതകാലത്തിനു ജീവൻ കൊടുത്ത് ചരിത്രവൃദ്ധൻ കഥ പറഞ്ഞു തുടങ്ങി. ജാതിവ്യവസ്ഥയുടെ തുടക്കം തൊഴിൽ വിഭജനത്തിൽ നിന്നുമായിരുന്നു. ക്രമേണ 'ജനനം മുതൽ ജാതി'യായി. ജാതിവ്യവസ്ഥയുടെ അടിസ്ഥാനം സാമ്പത്തികവും സുഖലോലുപതയുമായിരുന്നു.

ശൂദ്രജാതിക്കാരായ കൃഷിക്കാർ അത്യദ്ധ്വാനം ചെയ്തു മേലാളരെ പോറ്റണമായിരുന്നു. ബ്രിട്ടീഷ് ഭരണം ശൂദ്രർക്കും വിദ്യാഭ്യാസം നൽകിയതോടെ സാമൂഹിക പരിഷ്കർത്താക്കൾ ഉച്ചനീചത്വങ്ങളെ ചോദ്യം ചെയ്തു തുടങ്ങി. ആറാം രംഗത്തിൽ വരുന്ന നേതാവ് ബ്രിട്ടീഷുകാർ പോലും കാണിക്കാത്ത ക്രൂരത മേൽജാതിക്കാർ കാണിച്ചതിനെക്കുറിച്ച് അവർ പ്രതികരിക്കുന്നുണ്ട്. സ്വാതന്ത്ര്യസമരം എല്ലാ ജനവി

ഭാഗങ്ങളിലും ഉണർവ്വുണ്ടാക്കി. സാമൂഹ്യപരിഷ്കർത്താക്കളും സ്വാത ന്ത്ര്യസമര നായകന്മാരും ഉച്ചനീചത്വത്തിനെതിരെ പോരാടി. യുവാ ക്കൾ പരിഷ്കാരികളായി. ഭാഷയിലും കലയിലും ഈ മാറ്റങ്ങൾ പ്രക ടമായി. സ്വാതന്ത്ര്യം ലഭിച്ചതോടെ തീണ്ടലും തൊടീലും അവസാനി ച്ചു. ശേഷമുള്ള ചരിത്രകഥയെല്ലാം ഉണ്ണിക്കറിവുള്ളതാണെന്നും മനു ഷ്യർ വീണ്ടും ആര്യന്മാർ കുടിയേറിയ ഇരുണ്ട കാലത്തിലേക്കു പോകുന്നുവോയെന്ന ആശങ്ക മാത്രമേ ബാക്കിയുള്ളൂവെന്നും ചരിത്ര വൃദ്ധൻ പറയുന്നു.

ഉണ്ണി മെല്ലെ മുഖമുയർത്തി ഉറച്ച മനസ്സോടെ കുഞ്ഞു കൈകൾ മുകളിലേക്കുയർത്തുമ്പോൾ അകലെ വൃദ്ധന്റെ ശബ്ദം കേൾക്കാം. ഒ രു സംഘം ചേർന്ന് പണിയെടുക്കുന്നവരായി, നല്ല നാളേയ്ക്കുവേണ്ടി മുന്നേറാമെന്ന് ആഹ്വാനം ചെയ്യുന്ന ശബ്ദത്തോടൊപ്പം ദൃഢമായ ചു വടുകൾ വച്ച് ഉണ്ണി മുന്നിലേക്കു നടന്നു വരുമ്പോൾ രംഗവേദിയിൽ വെളിച്ചം പൊലിയുന്നു. അപ്പൂപ്പൻ ഉണ്ണിക്കു കത്തിച്ചുകൊടുത്ത ചരി ത്രബോധമെന്ന കൈത്തിരി അവനും പ്രേക്ഷകരും കെടാതെ സൂക്ഷി ക്കാൻ ഇടവരട്ടെ.

## 4.36. 'കിളിരൂരുളീ വാലുരുളീ' (2000)

അലസതയും മടിയും ആപത്തു വിളിച്ചു വരുത്തുമെന്ന ഓർമ്മപ്പെ ടുത്തലാണ് എം. ശിവപ്രസാദ് രചിച്ച 'കിളിരൂരുരുളീ വാലുരുളീ'[61] എന്ന കുട്ടികളുടെ നാടകം. അറിവും ബുദ്ധിയുമാണ് ശക്തിയുടെ യഥാർത്ഥ സ്രോതസ്സുകൾ. ബുദ്ധിയുള്ളവനേ ശക്തനായിരിക്കൂ. അത്തരക്കാർക്കു മാത്രമേ വിജയം നേടാനാകൂ. ഗുരുമുഖത്തു നിന്നും വിദ്യ അഭ്യസി

ച്ചാൽ മാത്രം പോരാ. ദേശാടനം നടത്തണം. മനുഷ്യജീവിതത്തിൽ നിന്നും കണ്ടും കേട്ടും അനുഭവിച്ചും പഠിക്കണം. ഗുരുവിൻെറ അരുമ ശിഷ്യരായ ഉത്തമൻെറയും മധ്യമൻെറയും കഥയിലൂടെ മേൽസൂചിപ്പിച്ച ഗുണപാഠത്തെ തിരിച്ചറിയുവാനുള്ള യാത്രയാണീ നാടകം.

കൂട്ടുകാരിൽ നിന്നും തട്ടിപ്പറിച്ചെടുത്ത ബാലമാസികയുമായി അരങ്ങിലേക്ക് ഓടിക്കയറി വരുന്ന പതിനാലുവയസ്സുകാരൻ ആൺകുട്ടി വായിക്കുന്ന കഥയാണു നാടകത്തിൻെറ ഉള്ളടക്കം. ഗുരു അഭ്യസിപ്പിക്കുമ്പോൾ ഓലയിൽ എഴുതുകയും ഗുരുവചനങ്ങൾ ഉരുവിടുകയും ചെയ്യുന്ന ഉത്തമനും അതൊന്നും ശ്രദ്ധിക്കാതെ ഇരുവശത്തും നോക്കി അസ്വസ്ഥത പ്രകടിപ്പിച്ച് ഇടയ്ക്കു ഗുരുവിൻെറ കണ്ണുവെട്ടിച്ച് തുമ്പിയെപ്പിടിക്കാനോടുന്ന മധ്യമനുമാണ് മുഖ്യ കഥാപാത്രങ്ങൾ. ശിഷ്യർ അറിഞ്ഞിരിക്കേണ്ട ശാസ്ത്രവിധികളെല്ലാം പഠിച്ചു കഴിഞ്ഞു. അതു ജീവിതത്തിൽ പകർത്താൻ മറ്റുള്ളവരിൽ നിന്നും കണ്ടും കേട്ടും കൂടുതൽ അറിവു ശേഖരിക്കണം. അതിനായി നാടു ചുറ്റി ദേശാടനം നടത്തി മനുഷ്യജീവിതത്തിൽ നടക്കുന്നതെല്ലാം നേരിൽക്കണ്ടു പഠിക്കാനായി ഗുരുനാഥൻ ആവശ്യപ്പെട്ടു. കിഴക്കോട്ടു നോക്കി നാൽപതു കാതം നടന്നാൽ കാടു വിട്ട് നാട്ടിലെത്തുമത്രെ.

യാത്രയിൽ വിശപ്പും ദാഹവും കൊണ്ടു തളരാതിരിക്കാൻ തൻെറ ശിഷ്യന്മാർക്ക് അദ്ദേഹം ഒരു എഴുത്തുപലക നൽകുന്നു. അവർക്കെന്താവശ്യമുണ്ടെങ്കിലും അതിലെഴുതാം. അടുത്ത ക്ഷണത്തിൽ സാധനങ്ങൾ ലഭ്യമാകും. പക്ഷേ ഒരിക്കൽ ആവശ്യപെട്ടത് വേണ്ടെന്നു വയ്ക്കാനോ തിരിച്ചു നൽകാനോ കഴിയില്ല. എന്തും ആലോചിച്ച ശേഷ

മേ എഴുതാവൂ. ഗുരുമുഖത്തു നിന്ന് അനുഗ്രഹവും വാങ്ങി അദ്ദേഹം നൽകിയ സ്ലേറ്റുകൾ കഴുത്തിൽ തൂക്കി ശിഷ്യന്മാർ യാത്രയാകുന്നു. ഇലച്ചില്ലകൾ പിടിച്ച് വൃക്ഷങ്ങളായി നിന്ന കുട്ടികൾ സ്ഥാനം മാറി കാറ്റിൻെറ മറ്റൊരു ഭാഗമായി മാറുന്നുണ്ട്. നടന്നു തളർന്നു ക്ഷീണിച്ച ഉത്തമനും മദ്ധ്യമനും ദാഹം മാറ്റാനുള്ള വഴി തേടുന്നു. ഓരോ പാത്രം തേൻ കുടിക്കാമെന്നു മദ്ധ്യമൻ പറയുമ്പോൾ തനിക്കു വെള്ളം മതി യെന്നു ഉത്തമൻ തീരുമാനിക്കുന്നു. ഇരുവരും സ്ലേറ്റിൽ എഴുതിയ ഉട നേ കൂർത്ത തിളങ്ങുന്ന തൊപ്പിയും അയഞ്ഞ കുപ്പായവും കൈയിൽ അറ്റം വളഞ്ഞ നീണ്ട ഒരു വടിയുമേന്തി നാടൻപാട്ടിൻെറ വായ്ത്താരി യോടെ ഒരു കോമാളിരൂപം താളം ചവിട്ടി അരങ്ങിലെത്തുന്നു. ഇരു ശിഷ്യന്മാരെയും വലം വച്ച് ഉത്തമൻെറ സ്ലേറ്റു വായിച്ച് പൊട്ടിച്ചിരിച്ച് അരങ്ങിൻെറ ഒരു ഭാഗത്തു നിന്ന് അന്തരീക്ഷത്തിലേക്കു കൈകൾ നീട്ടി ഉത്തമനു വെള്ളവും മദ്ധ്യമനു തേനും നൽകുന്നു. തേൻ കുടിച്ച് മത്ത നായ മടിയൻ മദ്ധ്യമൻ പാൽ കുടിച്ചു മത്തു മാറ്റാൻ തീരുമാനിക്കു ന്നു. ഉത്തമനും അവൻെറ തീരുമാനത്തെ അംഗീകരിക്കുന്നു. മദ്ധ്യമൻ പാലിനു പകരം 'വാൽ' എന്നെഴുതുന്നു. ഉത്തമനു പാലും മദ്ധ്യമനു വാലും ലഭിക്കുന്നു.

ശക്തമായ മഴയും മിന്നലും ബാധിക്കാതിരിക്കാൻ കുട നല്ലതാണെന്നു മദ്ധ്യമൻ ഉത്തമനോടു പറയുന്നു. ഉത്തമൻ കുടയെ ന്നും മദ്ധ്യമൻ കുട്ടയെന്നും എഴുതുന്നു. അതു വായിച്ച് കോമാളി പൊ ട്ടിച്ചിരിക്കുന്നു. മന്ത്ര ജപത്താൽ ഉത്തമനു കുടയും മദ്ധ്യമനു കുട്ടയും നൽകിപ്പോകുന്നു. താൻ കുടയെന്നു ശരിയായിട്ടു തന്നെയാണെഴുതിയ തെന്നായി മദ്ധ്യമൻ. യാത്രയ്ക്കിടയിൽ മദ്ധ്യമൻെറ കാലിൽ മുള്ളു

കൊള്ളുന്നു. ഉത്തമൻ താഴെയിരുന്ന് കൂട്ടുകാരന്റെ കാലിലെ മുള്ള് വലിച്ചൂരുന്നു. പാദസംരക്ഷണത്തിനായി ഇരുവരും ഒരു ജോടി ചെരുപ്പു വരുത്താൻ തീരുമാനിക്കുന്നു. ഉത്തമനെഴുതിയ ചെരുപ്പ് മദ്ധ്യമന്റെ എഴുത്തിൽ 'പെരുപ്പ്' ആയി മാറുന്നു. ഉത്തമനു ചെരുപ്പു നൽകിയ കോമാളി മദ്ധ്യമന്റെ കാൽപാദം മുതൽ തലവരെ ഇരു കൈകളും കൊണ്ട് തടവുന്നു. അവന്റെ കാലും വയറും കയ്യും തലയും പെരുക്കാൻ തുടങ്ങുന്നു.

യാത്രയ്ക്കിടയിൽ വിശപ്പു സഹിക്കാൻ കഴിയാതായപ്പോൾ ഉത്തമൻ ഭക്ഷണമെന്നു സ്ലേറ്റിൽ എഴുതുന്നു. മദ്ധ്യമനാകട്ടെ അതും തെറ്റിക്കുന്നു. ഭക്ഷണത്തിന്റെ സ്ഥാനത്ത് അയാൾ 'പാഷാണം' എന്നെഴുതുന്നു. കോമാളി മദ്ധ്യമന്റെ വായ തുറന്ന് അതിൽ പാഷാണം ഒഴിച്ചു കൊടുക്കുന്നു. തുപ്പുകയും ഓക്കാനിക്കുകയും ഉത്തമന്റെ മടിയിൽ തല വച്ചു കരയുകയും മയങ്ങി താഴെ വീഴുകയും ചെയ്യുമ്പോൾ ബാലമാസിക വായിച്ചുകൊണ്ടിരുന്ന പതിനാലു വയസ്സുകാരൻ അതുയർത്തിപ്പിടിച്ച് കിളിരൂരുരുളി വാലുരുളി എന്നുറക്കെ വിളിച്ചു പറയുന്നു. അകലെ ശബ്ദം നേർത്തില്ലാതേയാകുമ്പോൾ അരങ്ങിൽ വെളിച്ചം പൊലിയുന്നു.

കേവലം അക്ഷരത്തെറ്റിന്റെ കഥ പറയുന്ന നാടകമല്ലിത്. "ന ക്ഷീയതേ അക്ഷരം ഭവതി". ക്ഷയം സംഭവിക്കാത്തത് അക്ഷരമാകുന്നു. ഉത്തമന്റെയും മദ്ധ്യമന്റെയും കഥയിലൂടെ ശരിയായി അക്ഷരമെഴുതുന്ന ഉത്തമനു ലഭ്യമാകുന്ന നന്മയും തെറ്റായി അക്ഷരമെഴുതുന്ന മദ്ധ്യമന് അനുഭവിക്കേണ്ടി വരുന്ന ദുരിതവും കുട്ടികളെ ഇരുത്തിച്ചിന്തിപ്പി

ക്കുമെന്നു തീർച്ച. അക്ഷരം സ്വഭാവവും ആശയവുമായി ഇവിടെ വളർന്നു വികാസം പ്രാപിക്കുന്നുണ്ട്.

## 4.37. 'സ്വർഗ്ഗത്തിൻെറ മക്കൾ' (2000)

'സെൽഫിഷ് ജയൻറ്' എന്ന വിഖ്യാത കഥയെ അവലംബിച്ച് ഗീത വിശ്വനാഥൻ രചിച്ച കുട്ടികളുടെ നാടകമാണു 'സ്വർഗ്ഗത്തിൻെറ മക്കൾ'[62]. പുഷ്പങ്ങളെക്കാൾ എത്രയോ മനോഹരങ്ങളാണു കുഞ്ഞുങ്ങൾ. അവരുടെ മധുവാണിയും മൃദുസ്പർശവും ചെയ്തു കൂട്ടിയ പാപങ്ങളെ കഴുകിക്കളയുന്നതായി അനുഭവിക്കുന്ന ഭൂതത്തിൻെറ കഥയാണ് നാടകപ്രമേയം. പൂക്കളും കാറ്റും കുട്ടികളും കഥാപാത്രങ്ങളായി വരുന്ന ഈ നാടകത്തിലെ വില്ലൻ ഭീമനാണ്. പേരു പോലെ തന്നെ രാക്ഷസരൂപമാണവന്.

കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യമില്ലെങ്കിൽ മധുരമുള്ള ഫലങ്ങൾ പോലും കയ്പുള്ളതായി മാറും. വിശ്വമനോഹരമായ പൂക്കളെക്കാൾ നയനാനന്തകരമായ ഒന്നായിരുന്നു താൻ ആട്ടിയോടിച്ച കുഞ്ഞുങ്ങളെന്ന് വൈകിയെങ്കിലും ഭീമൻ തിരിച്ചറിയുന്നുണ്ട്.

മനു, വിനു, ജിനു തുടങ്ങിയ കുട്ടികൾ ധാരാളം ചെടികളും കളിസ്ഥലവും വിസ്തൃതമായ പുൽത്തകിടിയുമുള്ള കൊട്ടാരം പോലെയുള്ള വീട്ടിലേക്കു മന്ദമാരുതൻെറ സഹായത്തോടെ യാത്രയാകുന്നു. അവരുടെ സ്നേഹത്തലോടലാൽ ഉദ്യാനപുഷ്പങ്ങൾ വിടരുന്നു. ശാശ്വതനിദ്രയിലേക്കാണോയെന്നു ഭയപ്പെട്ട ഭീമൻെറ ഉദ്യാനത്തിൽ ഓരോ നിമിഷവും നിരാശയോടെ കഴിഞ്ഞിരുന്ന പുഷ്പങ്ങളെ വിളിച്ചുണർത്തിയത് കുട്ടികളാണ്. എന്നാൽ തൻെറ ഉദ്യാനത്തിൽ അതിക്രമിച്ചു കടന്ന കു

ട്ടികളെ ഭീമൻ തെമ്മാടികളായിക്കാണുന്നു. അവർക്കൊന്നും കയറുവാനുള്ളതല്ല തൻെറ ഉദ്യാനമെന്നും ഒന്നിനെയും കയറ്റില്ലെന്നും അതിനു ചുറ്റും ഒരു കൂറ്റൻ മതിൽ പണിയുമെന്നും അന്യർക്കു പ്രവേശനമില്ലെന്ന ബോർഡു വയ്ക്കുമെന്നും അവൻ പറയുന്നു.

കുട്ടികളില്ലാത്ത പൂന്തോട്ടത്തിൽ നിന്നും വസന്തം അകന്നു. കാറ്റും മഞ്ഞും കനത്ത തോതിൽ കടന്നെത്തി. മരങ്ങളിൽ ഒരു പച്ചില പോലും ഇല്ലാതായി. പാറി നടന്നിരുന്ന പറവകളും ചിത്രശലഭങ്ങളും സംഗീതാലാപനം നടത്തിയ കുയിലുകളും അപ്രത്യക്ഷമായി. പ്രകൃതിയുടെ സ്വഭാവം മാറി. നിരാശനായി നിൽക്കുന്ന ഭീമൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ട പ്രപഞ്ചമാതാവ് അവൻെറ സ്വാർത്ഥതയുടെ ഫലമാണിതെന്നും മധുരമുള്ള ഫലങ്ങൾ പോലും കയ്പുള്ളതാകാൻ കാരണമതാണെന്നും വ്യക്തമാക്കി. വിശ്വമനോഹര പുഷ്പങ്ങളേക്കാൾ നയനാനന്ദകരമായ ഒന്ന് ആ ഉദ്യാനത്തിലുണ്ടായിരുന്നുവെന്നും അതു കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യമായിരുന്നുവെന്നും അവരെ ആട്ടിയോടിച്ചതുകൊണ്ടാണിങ്ങനെയൊക്കെ സംഭവിച്ചതെന്നും ധരിപ്പിച്ചു. എപ്പോഴാണോ ഉദ്യാനത്തിൽ കുഞ്ഞുങ്ങൾ കാൽ കുത്തുന്നത് അപ്പോൾ ഉദ്യാനം പൂവണിയുമെന്നും പ്രപഞ്ചമാതാവ് അറിയിച്ചു. പശ്ചാത്താപവിവശനായ ഭീമനെ തിരിച്ചറിഞ്ഞ മാതാവ് മന്ദമാരുതനോട് കുഞ്ഞുങ്ങളെ മടക്കി വിളിക്കാനാവശ്യപ്പെടുന്നു. പുഷ്പങ്ങളേക്കാൾ എത്രയോ മനോഹരങ്ങളാണു കുഞ്ഞുങ്ങളെന്നു തിരിച്ചറിഞ്ഞ ഭീമൻ സ്വർഗ്ഗജാതരായ കുഞ്ഞുങ്ങൾ ഉള്ള സ്ഥലമാണു തൻെറ സ്വർഗ്ഗമെന്നും സ്വർഗ്ഗത്തിൻെറ മക്കളാണു തൻെറ മക്കളെന്നും പറയുന്നു. ഉദ്യാനത്തിൽ നിന്നും കുഞ്ഞുങ്ങളെ വേർപെടുത്തിയ വന്മതിൽ തകർക്കാൻ തന്നോടൊപ്പം ആ

യുധമെടുക്കാൻ ഭീമൻ ആഹ്വാനം ചെയ്യുന്നു. കുട്ടികൾ പാട്ടുപാടി നൃത്തം ചെയ്യുന്നു.

## 4.38. 'സമ്പത്ത്' (2000)

മനുഷ്യമനസ്സിൽ സ്വാർത്ഥത എന്ന വിഷം നിറയുകയും പ്രപഞ്ചനിയമത്തെ കയ്യിലെടുത്ത് വന്മരങ്ങൾ അരിഞ്ഞുവീഴ്ത്തുകയും മഴമേഘങ്ങളെ അനാഥപ്രേതങ്ങളെപ്പോലെ ആട്ടിയോടിക്കുകയും ചെയ്യുന്നതിനെതിരെയുള്ള ആഹ്വാനമാണ് ഗീതാ വിശ്വനാഥൻ രചിച്ച 'സമ്പത്ത്'[63] എന്ന നാടകം. അപ്സരസ്സുകൾ സഹർഷം നീന്തിത്തുടിച്ചു നടന്നിരുന്ന സ്ഫടികസമാനമായ പൂഞ്ചോലകൾ ഇന്ന് മാലിന്യങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നുവല്ലോയെന്നോർത്തു ദേവതമാർ ദു:ഖിക്കുന്നു. പ്രകൃതിസംരക്ഷണത്തിൻെറയും അന്തരീക്ഷസംരക്ഷണത്തിൻെറയും ആവശ്യകതെയെക്കുറിച്ച് ശരിയായ ദിശാബോധം സൃഷ്ടിക്കുവാൻ ഈ നാടകം വഴിതെളിക്കുന്നു. ആനയും മാനും മയിലും നദിയും കുന്നും ഈ നാടകത്തിൽ കഥാപാത്രങ്ങളായി വന്നുചേരുന്നുണ്ട്. അല്ലലില്ലാത്ത രാജ്യത്തുനിന്നും വന്ന ദേവതമാരിലൂടെയാണു നാടകത്തിൻെറ പ്രമേയം ചലിക്കുന്നത്. ആകാശത്തു നിന്നും ഒഴുകിയെത്തുന്ന സൂര്യകിരണം പോലുള്ള പ്രകാശം കണ്ട് അപ്പൂപ്പൻ പറഞ്ഞു തന്നിട്ടുള്ള കഥകളിലെ ദേവതകളുടെ വരവാണതെന്നു സംഘം തിരിച്ചറിയുന്നു. അവരുടെ അവശതയും വിഷാദം കുമിഞ്ഞു നിൽക്കുന്ന മുഖങ്ങളും ആശങ്കയുളവാക്കുന്നു. നിത്യഹരിതമെന്നും നിത്യവസന്തമെന്നും പ്രകീർത്തിച്ചിരുന്ന ഭൂമിയിലെ കുന്നുകൾ വെറും പുൽക്കൂട്ടങ്ങളും മൊട്ടക്കുന്നുകളുമായി മാറിയതിൽ അവർ ദു:ഖിക്കുന്നു.

മനുഷ്യൻെറ അന്വേഷണതൃഷ്ണയ്ക്കും വിചാരശീലത്തിനും വികാസമുണ്ടാക്കുവാൻ കാരണക്കാരായ ദേവതമാർ പ്രകൃതിയുടെ നാശത്തിനു കാരണക്കാരായി മാറിയ മനുഷ്യരെക്കുറിച്ച് ഉൽക്കണ്ഠപ്പെടുന്നു. മനുഷ്യർ പെരുകി; ഭാഷ പെരുകി; ശാസ്ത്രശാഖ പെരുകി; അങ്ങനെ ആവശ്യവും പെരുകി. മറ്റുള്ള വളർച്ചയോടൊപ്പം മനുഷ്യമനസ്സിനു മാത്രം വികാസമുണ്ടായില്ല. മൂഢനായ മനുഷ്യൻ പ്രപഞ്ചനിയമത്തെ കയ്യിലെടുക്കാൻ തുടങ്ങിയിരിക്കുന്നു. വനവൃക്ഷങ്ങൾ മുറിച്ച് കച്ചവടം ചെയ്യുന്ന മുതലാളിയെയും അയാളുടെ അനുവർത്തികളുടെയും വനദേവതമാർ വഴിമദ്ധ്യേ കണ്ടുമുട്ടുന്നുണ്ട്. എന്തുചെയ്തിട്ടാണെങ്കിലും പണമുണ്ടാക്കുകയെന്ന അയാളുടെ തത്ത്വത്തോടു യോജിക്കാത്ത കൂട്ടരെയും അവർ കണ്ടു മുട്ടുന്നുണ്ട്. കള്ളവും ചതിയും കണ്ടു യാത്ര നീങ്ങവേ ഒരു സമ്മേളനപ്പന്തലിനു പരിസരത്ത് അവർ വന്നെത്തുന്നു. നശിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിയെ രക്ഷിക്കാനും വനനശീകരണത്തിൻെറ ആഘാതങ്ങൾ മനസ്സിലാക്കാനും അവർ ചെയ്തുകൂട്ടുന്ന തെറ്റ് സ്വയം തിരുത്താനും രാജ്യത്തെ നാശത്തിൽ നിന്നും രക്ഷിക്കാനുമുള്ള ദൃഢപ്രതിജ്ഞയെടുക്കുകയായിരുന്നു ആ സമ്മേളനത്തിൻെറ ലക്ഷ്യം. അതുവരെ കണ്ടതിൽ നിന്നും വ്യത്യസ്തമായ കാഴ്ചകണ്ട് നന്മയ്ക്ക് എന്നും തിളക്കമുണ്ടാകുമെന്ന് ആവർത്തിച്ചുരുവിട്ടുകൊണ്ട് വനദേവതമാർ സമാധാനത്തോടെ തിരിച്ചുപോകുന്നു.

## 4.39. 'കുട്ടികളുടെ വീട്' (2001)

മുതിർന്നവരുടെ ഇരകളായി ജീവിക്കേണ്ടിവരുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന ആകുലതകളാണ് എൻ. ശശിധരനും എം. കെ. മനോഹരനും ചേർന്നെഴുതിയ 'കുട്ടികളുടെ വീട്'[64]. നാടകീയമായ നിരവധി

സംഭവങ്ങളിലൂടെയാണ് ഈ പ്രമേയം പ്രേക്ഷകരിലേക്കു സന്നി വേശിക്കുന്നത്. അച്ഛനമ്മമാർക്കു കുട്ടികളെ ലാളിക്കാനോ ഊട്ടാനോ ഉറക്കാനോ കുളിപ്പിക്കാനോ കണ്ണെഴുതിക്കാനോ നേരമില്ല. അവരുടെ ജീവിതം അത്രമേൽ തിരക്കു പിടിച്ചതാണ്. അതുകൊണ്ടാണ് അവർ വലിയ വില നൽകി കുഞ്ഞുങ്ങളെ കുട്ടികളുടെ വീട്ടിലേക്ക് അയയ്ക്കുന്നത്. അവർക്കു കുട്ടികളെ വേണ്ട. കുട്ടികളുടെ സ്നേഹവും ചാപല്യവും സഹിക്കാൻ അവർക്കാവില്ല. അവർക്കു മുതിർന്ന മനുഷ്യരെ മാത്രം മതി.

പതിനഞ്ചു വയസ്സു കഴിഞ്ഞ ആർക്കും കുട്ടികളുടെ വീട്ടിൽ ഇടമില്ല. അതിനു മുൻപുള്ള സുന്ദരമായ ബാല്യകാലം നാഗരികരായ അച്ഛനമ്മമാർക്കു കാണുകയും വേണ്ട. മുതിർന്നവരുടെ ലോകത്തിൽ കുട്ടികൾക്ക് അൽപം പോലും ഇടമില്ലെന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യത്തിലേക്ക് ഈ നാടകം വിരൽചൂണ്ടുന്നു. അവിടെ കുട്ടികൾ തികച്ചും അപരിചിതരാണ്. നാടകാരംഭത്തിൽ കുട്ടികളുടെ വീട്ടിലെ എട്ടാം നമ്പർ മുറിയാണു രംഗവേദി. ഇടനാഴിയിലൂടെ ധൃതിവച്ചു പോകുന്ന ഇളം നീല ഗൗൺ ധരിച്ച കണ്ണട വച്ചിട്ടുള്ള ഗൗരവം സ്ഫുരിക്കുന്നതെങ്കിലും സ്നേഹമയിയായ മദറാണു കുട്ടികളുടെ വീടിന്റെ സംരക്ഷക. മിന്നു, ടിൻറു, നിതിൻ, ശരത്, വിപിൻ, ലയ എന്നീ കുട്ടികളാണു നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ.

കളിച്ചുകൊണ്ട് ഓടിവരുന്ന കുട്ടികൾക്കിടയിൽ മദർ മിന്നു എസ്. നായരെ തിരയുന്നുണ്ട്. എല്ലാവരും അവളെത്തിരഞ്ഞുകൊണ്ടിരിക്കെ ഒഴിഞ്ഞ രംഗവേദിയിലേക്കു നിവർത്തിപ്പിടിച്ച വലിയ കഥാപുസ്തകവുമാ

യി ഒരു സ്വപ്നത്തിലെന്നപോലെ നടന്നു വന്ന മിന്നു നീലമലകൾക്കും തടാകങ്ങൾക്കുമപ്പുറം ഒരു ഗ്രാമത്തിൽ ജീവിച്ച, മക്കളെ ജീവനെപ്പോലെ സ്നേഹിച്ച അമ്മയുടെ കഥ വായിച്ചു കരഞ്ഞു പോകുന്നു. അമ്മയുടെ അഞ്ചു മക്കളായ നക്ഷത്രക്കുട്ടനും പൊന്നമ്പിളിയും ഇത്തിരിപ്പൂവും ആകാശക്കുട്ടനും പൂമ്പാറ്റക്കുഞ്ഞുമായി കുട്ടികളുടെ വീട്ടിലുള്ള അവളുടെ കൂട്ടുകാർ ആനന്ദനൃത്തം ചവിട്ടി സ്വയം മറന്നാടുന്നത് നാടകത്തിൻെറ ദൃശ്യാനുഭവങ്ങൾക്ക് മാറ്റുകൂട്ടുന്ന ഇടമാണ്. പൊട്ടിക്കരയുന്ന മിന്നുവിനോടു മദർ കാരണം തിരക്കിയപ്പോൾ അവർക്ക് നഗരത്തിൽ വസിക്കുന്ന അച്ഛനമ്മമാരുടെ അടുത്തേക്കു പോകാൻ താത്പര്യമില്ലെന്നായിരുന്നു മറുപടി.

അവളോടു പഴങ്കഥയിലെ കുട്ടിയെപ്പോലെ സംസാരിക്കരുതെന്നും അതു കുട്ടികളുടെ വീടാണെന്നും ആ നാട്ടിലെ ആയിരക്കണക്കിനുള്ള കുട്ടികളുടെ വീട്ടിൽ ഒന്നു മാത്രമാണതെന്നും മദർ അറിയിച്ചു. മിന്നുവിനെപ്പോലെയുള്ള ഒരുപാടു കുട്ടികൾ അവിടെയുണ്ട്. പെറ്റുവീണു മുലപ്പാലിൻെറ മണം മാറുന്നതിനു മുൻപ് ആശുപത്രിയിലെ പ്രസവവാർഡിൽ നിന്നും നേരെ അങ്ങോട്ടയക്കപ്പെട്ടവർ. മൂന്നു വയസ്സിലും അവിടെയെത്തിയവർ. അവരുടെ വീട് അതാണ്. അവരുടെ സ്വർഗ്ഗം അവിടമാണ്. ശരത്തിനോടു വഴക്കടിച്ച് കുട്ടികളുടെ വീട്ടിൽ നിന്നും ഒളിച്ചോടിപ്പോയി തിരിച്ചെത്തിയ വിപിൻ നഗരത്തിലെ ഒരു തെരുവിൽ ചെന്നുപെട്ടതിൻെറ ഞെട്ടിപ്പിക്കുന്ന ഒരനുഭവം പങ്കുവയ്ക്കുന്നു. ഒളിച്ചോടിപ്പോകുമ്പോൾ ഒരുപാടു പ്രതീക്ഷകളുണ്ടായിരുന്നു അവന്. എന്നാൽ തെരുവിലെ യാന്ത്രികമായ ചലനങ്ങളും അപരിചിതത്വവും ഒറ്റപ്പെടലും അവന് അസഹനീയമായി. നഗരത്തിൽ ആദ്യമായിട്ടാണ് ഒരു കുട്ടി പ്ര

ത്യക്ഷപ്പെടുന്നതത്രേ. തൻെറ വീടന്വേഷിച്ചു പോയ വിപിൻ പർഗാസ് ട്രീറ്റിലെ ചാർട്ടേർഡ് അക്കൗണ്ടൻറ് കൃഷ്ണമൂർത്തിയാണു തൻെറ പിതാവെന്നു ഒരു നാഗരികനോടു അറിയിച്ചപ്പോൾ അയാൾ വഴികാണിച്ചു കൊടുക്കുന്നു. സ്വന്തം വീടുപോലും നഷ്ടപ്പെട്ട കുട്ടികളുടെ ദുരിതപർവം നാടകം കാണുമ്പോൾ പ്രേക്ഷകർ ഓർത്തുപോകും. അച്ഛനും അമ്മയ്ക്കുമെല്ലാം ചെകുത്താൻേറതു പോലെ വെളുത്ത കൊമ്പുണ്ട്. പൈശാചികമായ ആർത്തിയോടെ അവർ എന്തോ തിന്നു കുടിച്ചു തിമിർക്കുന്നുമുണ്ട്. അവർക്കു വിപിനെ തിരിച്ചറിയാനാകുന്നില്ല. ഒട്ടു നേരത്തെ നിരീക്ഷണങ്ങൾക്കു ശേഷമാണ് അതൊരു കുട്ടിയാണെന്നു പോലും അവർ തിരിച്ചറിയുന്നത്. കുടുംബാംഗങ്ങൾ അഞ്ചു പേരും ഒന്നിച്ച് വേട്ടയാടുമ്പോൾ അവൻ ഓടി രക്ഷപ്പെടുന്നു.

പുസ്തകങ്ങളിലും പഴങ്കഥകളിലും മാത്രം പറഞ്ഞുകേട്ട സ്നേഹവും വാത്സല്യവും തന്ന് കുട്ടികളെ വളർത്തുന്ന കുട്ടികളുടെ വീടിൻെറ സംരക്ഷകയായ മദർ പക്ഷേ നിയമങ്ങൾ അനുസരിച്ചേ മതിയാകൂ. മിന്നുവിനെ പിറ്റേന്നു പുലർച്ചയ്ക്കു മാതാപിതാക്കൾക്കു കൈമാറിയേ മതിയാകൂ. രാത്രിയുറക്കത്തിൽ മിന്നു ആത്മഹത്യ ചെയ്തതായി മദർ സ്വപ്നം കാണുന്നു. പരിഭ്രമിച്ച് ഇടനാഴിയിലൂടെ ഓടിയെത്തിയപ്പോൾ രാത്രി മുഴുവൻ ഇടനാഴിയിൽ കാവൽ നിന്നിരുന്ന മിന്നുവിൻെറ കൂട്ടുകാരെ അവർ കാണുന്നു. ഇടനാഴിലൂടെ അകത്തു കടന്ന നാഗരികർ മിന്നുവിനെ ബലം പ്രയോഗിച്ചു കൊണ്ടുപോകുമ്പോൾ മദർ നിസ്സഹായായി നോക്കി നിൽക്കുന്നു. ഭീതി നിറഞ്ഞ കണ്ണുകളോടെ നോക്കി നിൽക്കുന്ന കുട്ടികളോട് ഓരോരുത്തരുടെയും വഴി അതാണെന്ന് ഓർമ്മിപ്പിക്കുന്നു. കൊമ്പും ദംഷ്ട്രയുമുള്ള പുറംലോകത്തെ

മനുഷ്യർ വാതിലിനപ്പുറത്ത് അവരെ കാത്തു നിൽക്കുന്നുണ്ട്. അവരുടെ ഇരയായിത്തീരുന്നതിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ ആർക്കും ആകില്ല. കുട്ടികളുടെ വീടു പോലും ഒരു ഇല്ലായ്മയാണൊയെന്നു മദറിനോടൊപ്പം പ്രേക്ഷകരും സംശയിച്ചു പോകും.

## 4.40. 'അയ്യേ പറ്റിച്ചേ' (2004)

പ്രീ പ്രൈമറി തലത്തിലുള്ള കുഞ്ഞുങ്ങൾക്കിണങ്ങുന്ന ഹൃദ്യമായ നാടകമാണ് ശ്രീപാദം ഈശ്വരൻ നമ്പൂതിരിയുടെ 'അയ്യേ പറ്റിച്ചേ'[65]. അവരുടെ യഥാർത്ഥലോകത്തിലെ ചെറിയ ചെറിയ കാര്യങ്ങളും അനുഭവങ്ങളുമാണ് നാടകത്തിലെ പ്രമേയം. ഉറിയിലെ കലത്തിൽ നെയ്യപ്പമുണ്ടെന്നു കരുതി അതിനു ചുറ്റും കൊതി പൂണ്ടു നിൽക്കുന്ന മകൻെറയും മകളുടെയും കഥയാണിത്. ഒടുവിൽ കലത്തിൽ അപ്പമില്ലെന്നു മുത്തശ്ശി കാണിച്ചുകൊടുക്കുന്നു. ജീവിതം വെറുമൊരു പൊള്ളക്കുടമാണെന്നും എന്നിട്ടും എന്തൊക്കെയോ ഉണ്ടെന്നുള്ള തോന്നലാണെന്നും അതിനുവേണ്ടിയിട്ടുള്ള തമ്മിത്തല്ലാണു നടക്കുന്നതെന്നുമുള്ള സന്ദേശം കുട്ടികളിലെത്തിക്കാൻ മുത്തശ്ശി കണ്ടെത്തുന്ന ഉപായമാണു നാടകത്തിൻെറ വളർച്ച.

മുത്തശ്ശി, മോൻ, മോൾ, വേലക്കാരി ഇങ്ങനെ നാലു കഥാപാത്രങ്ങളാണു നാടകത്തിലുള്ളത്. വീട്ടിലെ മുറിയും മുറിയുടെ മദ്ധ്യഭാഗത്തായി അഞ്ചടി ഉയരത്തിലുള്ള ഉറിയും അതിൽ അടപ്പുള്ള ഒരു കുടവുമാണു രംഗവേദി. കർട്ടൻ ഉയരുമ്പോൾ ഉറിയിലെ കുടത്തിൽ നിന്നും കൈയെടുത്ത് അടപ്പുകൊണ്ട് അത് അടച്ചിട്ട് അകത്തേക്കു പോകാൻ തുടങ്ങുകയാണ് മുത്തശ്ശി. രംഗത്തേക്കു പ്രവേശിച്ച് ഉടനേ കുട്ടി

കൾ ഇതു ശ്രദ്ധിക്കുന്നുണ്ട്. ഉറിയിലെന്താണെന്ന കുട്ടികളുടെ ചോദ്യത്തിന് ഒന്നുമില്ലെന്നു മുത്തശ്ശി പറഞ്ഞത് അവർക്കു വിശ്വസിക്കാനായില്ല. മുത്തശ്ശി മൂന്നു ചുടുനെയ്യപ്പം കൊണ്ടുവന്ന് ഉറിയിൽ വച്ചിട്ടുണ്ടെന്ന് വേലക്കാരി പറഞ്ഞതു വിശ്വസിച്ച് കുട്ടികൾ ഉറി പരിശോധിക്കാൻ ശ്രമിക്കുന്നു. അതിൽ പരാജയപ്പെട്ടു നിൽക്കേ മുത്തശ്ശി വന്ന് ഉറിയെടുത്ത് കുഞ്ഞുങ്ങൾക്കു കൊടുക്കുന്നു. കുട്ടികൾ രണ്ടുപേരും കൈയിട്ട് കുടത്തിനകം തപ്പി നോക്കുന്നു. കുടത്തിലൊന്നുമില്ലെന്നറിഞ്ഞ് അവർ ഇളിഭ്യരായിത്തീരുന്നു. ജീവിതവും ഇതുപോലെ ഒരു പൊള്ളക്കുടമാണെന്നും അതിൽ എന്തൊക്കെയോ ഉണ്ടെന്നു വിചാരിച്ച് നമ്മൾ ജീവിക്കുകയാണെന്നുമുള്ള ദർശനം മുത്തശ്ശി കുഞ്ഞുങ്ങൾക്ക് ലളിതമായി പകർന്നു കൊടുക്കുന്നു. വേലക്കാരിയും മുത്തശ്ശിയും ചേർന്ന് കുട്ടികൾക്കു ജീവിതബോധം ഉണ്ടാക്കാനൊരുക്കിയ ഉപായമായിരുന്നു അത്. മടിശ്ശീലയിൽ നിന്നും അപ്പമെടുത്ത് കുട്ടികൾക്കു നൽകി മുത്തശ്ശി അവരെ സന്തോഷിപ്പിക്കുന്നു.

## 4.41. 'നക്ഷത്രത്തിൻെറ മരണം' (2004)

നക്ഷത്രത്തിൻെറ മരണത്തെക്കുറിച്ച് അവഗാഹം ചിന്തിച്ച് അനവരതം അക്ഷീണപരീക്ഷണം നടത്തുന്ന വാന നിരീക്ഷകനായ ഒരു ശാസ്ത്രജ്ഞൻ അയാളുടെ മകളെയൊന്നു താലോലിക്കുവാൻ മറന്നു പോകുന്നതുകൊണ്ടു സംഭവിക്കുന്ന ദുരന്തമാണു ശ്രീപാദം ഈശ്വരൻ നമ്പൂതിരി രചിച്ച 'നക്ഷത്രത്തിൻെറ മരണം'[66] എന്ന നാടകം പറയുന്നത്. ഡോ. ശേഖരൻ ആറു വർഷമായി നക്ഷത്രത്തിൻെറ മരണത്തെക്കുറിച്ചുള്ള ഗവേഷണത്തിലാണ്. തൻെറ മകൾ താരയുടെ മാനസിക

മായ അസുഖത്തിനു കുറവുണ്ടോയെന്നന്വേഷിക്കുവാൻ അയാൾക്കു സമയം ലഭിക്കുന്നില്ല. തലേ ദിവസം അയാൾ മൂലമാണത്രെ മകൾക്കു പ്രത്യേകഭയം ഉടലെടുത്തത്. അത് അവളുടെ ഉപബോധമനസ്സിനെ മ ഥിച്ചുകൊണ്ടിരിക്കുന്നു. സ്നേഹവാത്സല്യങ്ങളോടു കൂടി ആ കുഞ്ഞി നോടു വല്ലതുമൊക്കെ ഉരിയാടിയാൽ ആ പിഞ്ചു ഹൃദയത്തിനേറ്റ ആ ഘാതത്തിൻെറ ക്ഷതം ഒഴിവായിക്കിട്ടുമെന്നു മാനസികാരോഗ്യവിദ ഗ്ദ്ധൻ കൂടിയായ ഭാര്യാസഹോദാരൻ പറയുന്നതൊന്നും അയാൾ പരി ഗണിക്കുന്നതേയില്ല. പിതൃലാളനയുടെ കുളിരും ശീതളതയും ആ പി ഞ്ചുഹൃദയത്തിനു ലഭിക്കനുള്ള ഭാഗ്യം ഉണ്ടാകുന്നില്ല. അച്ഛൻെറ സ്നേഹമസൃണമായ പെരുമാറ്റം അവൾക്കു ലഭിക്കുന്നില്ല.

ഒരു ശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം അയാൾ ചെയ്യുന്ന പരീക്ഷണത്തിൻെറ വിജയമാണ് ജീവിതലക്ഷ്യം. ആ വിജയം കൈവ രിക്കുന്നതു വരെ അയാളുടെ ഭാര്യ ലബോറട്ടറിയും കുട്ടികൾ ലൈബ്രറി പുസ്തകങ്ങളുമായിരിക്കുമെന്നുമാണ് ഡോ. ശേഖരൻ വിശ്വസിക്കുന്നത്. താരയെന്ന തൻെറ മകൾക്കു വേണ്ടി ഒരു കുഴിയെടുത്തിട്ടു വാനനിരീ ക്ഷണം ചെയ്യാൻ വന്നിരിക്കൂവെന്നു പോലും ഓർമ്മിപ്പിക്കുന്ന ഭാര്യ ശാന്തിയെക്കൂടി അവഗണിച്ചുകൊണ്ട് അയാൾ പരീക്ഷണം തുടരുന്നു. നോബൽ സമ്മാനത്തിൻെറ പടിവാതിൽക്കലോളം താൻ കൊണ്ടെത്തി ച്ച സ്വപ്നങ്ങളുടെ പളുങ്കുകലശമാണ് നാശവിത്തായ മകൾ ഉടച്ചുകള ഞ്ഞത്. ഏഴു വർഷക്കാലമായി അയാളുടെ നിരീക്ഷണതാരത്തിലുണ്ടാ യിക്കൊണ്ടിരുന്ന പ്രകാശക്ഷയത്തിൻെറ രേഖകളായിരുന്നത്രെ അവൾ ചന്നം ചുന്നം കീറിക്കളഞ്ഞത്.

താരയെന്ന പ്രകാശപൂരത്തിൻെറ പര്യവസാനം താൻ പുറത്തെ ദൂരദർശിനിയിലൂടെയല്ല, അകക്കണ്ണുകൊണ്ടു കണ്ടെത്തിയെന്നു പറഞ്ഞുകൊണ്ട് ഭാര്യ ശാന്ത രംഗപ്രവേശം ചെയ്യുന്നു. ശാന്തയുടെ ഭർത്താവ് അവരെ അഭിനന്ദിക്കുമ്പോൾ മരിച്ച നക്ഷത്രത്തിൻെറ മരവിച്ച ശരീരം (അയാളുടെ മകളുടെ മൃതദേഹം) മേശപ്പുറത്തു കാണുന്നു. നക്ഷത്രത്തിൻെറ മരണം തേടിയുള്ള ഗവേഷണത്തിനിടയിൽ മകൾ താരയുടെ മരണം അയാളെ മാനസാന്തരപ്പെടുത്തുന്നു.

കുട്ടികളുടെ താത്പര്യത്തിൻെറ കൂടി അടിസ്ഥാനത്തിലായിരിക്കണം ബാലനാടകങ്ങൾ പിറക്കേണ്ടത്. നിത്യജീവിതത്തിലെ യഥാർത്ഥ സംഭവങ്ങളുടെ ആവിഷ്കരണം അവർ കൗതുകത്തോടെ വീക്ഷിക്കുന്നു. കുട്ടികൾ മറ്റേതു തരത്തിലുള്ള ആഖ്യാനത്തേക്കാളും ക്രിയാംശത്തെ ഇഷ്ടപ്പെടുന്നു. അതുകൊണ്ടു തന്നെ നാടകരചന നടത്തുമ്പോൾ വളരെ ലഘുവും ലളിതവുമായ സംഭാഷണഭാഗങ്ങളേ പാടുള്ളൂ. അത്തരം സംഭാഷണങ്ങൾ കൊണ്ടു തന്നെ നല്ല ഇതിവൃത്തങ്ങൾ ജനിക്കും.

*"കുട്ടികൾക്കും ഒരു ലോകമുണ്ട്. കണക്കുകകൾ തെറ്റുന്ന കവിതയുടെയും, വിളക്കുകൾ തെളിയുന്ന പ്രതീക്ഷയുടെയും ഒരു ലോകമാണത്. പട്ടത്തിനും പമ്പരത്തിനും ഇടയിലുള്ളത് സ്വാതന്ത്ര്യത്തിൻെറ പാഠശാലയാണ്. മണ്ണും ചളിയും കല്ലും മുള്ളും ജീവിതത്തിൻെറ അക്ഷരങ്ങളാണ്. കുട്ടികൾ മുതിർന്നവരുടെ പതിപ്പുകളല്ല. സ്വന്തം മോഹം ബലാൽക്കാരമായി സാക്ഷാത്കരിക്കാനുള്ള സമ്മാനങ്ങളല്ല. കൊഞ്ചലുകൾക്കും ശാസനകൾക്കുമൊപ്പം അവർക്കും ഈ ഭൂമിയിൽ അവകാശങ്ങളുണ്ട്."*[67]

ബാലനാടകവേദിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ഘടകം കുട്ടികളുടെ പ്രേക്ഷകസദസ്സാണ്. ആ സദസ്സിൻെറ സ്വതന്ത്ര സ്വഭാവമാണ് ബാലനാടകങ്ങളെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്നത്. മുതിർന്നവരായ എഴുത്തുകാർ അവരുടെ പ്രായത്തിനൊത്ത ചിന്തയും കാഴ്ചപ്പാടും അഭിപ്രായവും കുട്ടികളുടെ നാടകരൂപത്തിൽ പ്രകാശിപ്പിക്കുന്നതുകൊണ്ട് യാതൊരർത്ഥവുമില്ല. അവരെക്കൊണ്ടു കഠിന ജോലികൾ ചെയ്യിക്കുന്നതിനു തുല്യമായിരിക്കും അത്.

## <u>അടിക്കുറിപ്പുകൾ</u>

1. നരേന്ദ്രനാഥ്. പി.
   *കുഞ്ഞിക്കാലുകൾ.* (തൃശൂർ: കറൻറ്. 1973)
2. ജോസഫ് ഏബ്രഹാം.
   *അ അധികം ആ.* (കോട്ടയം: എൻ. ബി. എസ്. 1979)
3. ബാബുദാസ്. കെ. പി.
   *സന്ദർശനം.* (കോട്ടയം: എൻ. ബി. എസ്. 1981)
4. ശങ്കരപ്പിള്ള. ജി.
   അവതാരിക. ബാബുദാസ്. കെ. പി.
   *സന്ദർശനം.* (കോട്ടയം: എൻ. ബി. എസ്. 1981)
5. നരേന്ദ്രനാഥ്. പി.
   *ഉണ്ടനും ഉണ്ടിയും.* (കോട്ടയം: ഡി. സി. 1985)
6. അ. ഗ്ര. പു. 20
7. നരേന്ദ്രനാഥ്. പി.
   കൊച്ചുബാബു. *ഉണ്ടനും ഉണ്ടിയും.* (കോട്ടയം: ഡി. സി. 1985)

8. തായാട്ട്. കെ.

വൽമീകം. *നാറാണത്തുഭ്രാന്തനും വൽമീകവും* (കോട്ടയം: എൻ. ബി. എസ്. 1989) പു. 51

9. ചന്ദ്രൻ പി. എൻ.

*ആനബോറൻ.* (കോട്ടയം: എൻ. ബി. എസ്. 1990)

10. ജയപ്രകാശ് കുളൂർ.

*പാൽപ്പായസം.* (കോഴിക്കോട്: ഗുരു പബ്ലിക്കേഷൻസ്. 1993)

11. അ. ഗ്ര. പു. 37

12. ജയപ്രകാശ് കുളൂർ.

മിണ്ടാപ്പൂച്ച. *പാൽപ്പായസം.* (കോഴിക്കോട്: ഗുരു പബ്ലിക്കേഷൻസ്. 1993)

13. അ. ഗ്ര. പു. 15

14. അ. ഗ്ര. പു. 21

15. അ. ഗ്ര. പു. 22

16. ജയപ്രകാശ് കുളൂർ.

നാറ്റം. *പാൽപ്പായസം.* (കോഴിക്കോട്: ഗുരു പബ്ലിക്കേഷൻസ്.1993)

17. അ. ഗ്ര. പു. 34

18. ആനന്ദക്കുട്ടൻ നായർ. വി. പ്രാഫ.

*പത്തുമുതൽ നാലുവരെ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1993)

19. ചന്ദ്രൻ. പി. ആർ.

*അപ്രിയസത്യം.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1995)

20. വിനയചന്ദ്രൻ. ഡി. എഡി.
*ഇടശ്ശേരിയുടെ തിരഞ്ഞെടുത്ത കവിതകൾ.*
(കോട്ടയം: ഡി. സി. 1996) പു. 105

21. പയ്യനെടം. കെ. പി. എസ്.
*പൂതവും കുട്ടികളും.* (കോഴിക്കോട്: പൂർണ. 2002)

22. മനോഹരൻ. എം. കെ.
സങ്കടക്കൂട്. *ചന്തുവിൻെറ വിശേഷങ്ങൾ.*
(കോട്ടയം: എൻ. ബി. എസ്.1997). പു. 24-42

23. അ. ഗ്ര. പു. 25

24. അ. ഗ്ര. പു. 29

25. അ. ഗ്ര. പു. 39

26. അ. ഗ്ര. പു. 42

27. മനോഹരൻ. എം. കെ.
*ചന്തുവിൻെറ വിശേഷങ്ങൾ.*
(കോട്ടയം: എൻ. ബി. എസ്.1997). പു. 7-23

28. അ. ഗ്ര. പു. 8

29. അ. ഗ്ര. പു. 18

30. കൃഷ്ണപിള്ള. ജി., ആലിന്തറ.
നടക്കുന്ന മരം. *ആനച്ചിലന്തികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 1997) പു. 87-102

31. അ. ഗ്ര. പു. 92

32. അ. ഗ്ര. പു. 101

33. കൃഷ്ണപിള്ള. ജി., ആലിന്തറ.
തിരുതുരപ്പപ്പെരുച്ചാഴി ശൂരമഹാരാജാവ്. *ആനച്ചിലന്തികൾ.*

(തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1997) പു. 37-81

34. അ. ഗ്ര. പു. 81

35. അ. ഗ്ര. പു. 45

36. അ. ഗ്ര. പു. 48

37. അ. ഗ്ര. പു. 53

38. കൃഷ്ണപിള്ള. ജി., ആലിന്തറ.
*ആനച്ചിലന്തികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1997) പു. 11-36

39. അ. ഗ്ര. പു. 33-35

40. അ. ഗ്ര. പു. 33

41. ശിവപ്രസാദ്. എം.
*ഞങ്ങൾ ദേശാടനക്കിളികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1997)

42. തായാട്ട്. കെ.
*പെരുന്തച്ചന്റെ പാവ* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1999)

43. അ. ഗ്ര. പു. 26

44. പാണി. ഡി.
*അപ്പമരം.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1998)

45. പാണി. ഡി.
രോഹിണി. *അപ്പമരം.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1998) പു. 95-125

46. കൃഷ്ണപിള്ള. ജി., ആലിന്തറ
നെന്മണിക്കൊട്ടാരത്തിലെ എലികൾ.
ശാന്തകുമാർ സി. ജി., എഡി. *വേനൽത്തുമ്പികൾ.*
(തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ
ഇൻറ്സ്റ്റിറ്റ്യൂട്ട്. 1998) പു. 11-42

47. നാരായണദാസ്. ടി. കെ.
ഗോപിയും ബാഘയും
ശാന്തകുമാർ സി. ജി., എഡി. *വേനൽത്തുമ്പികൾ.*
(തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ
ഇൻറ്സ്റ്റിറ്റ്യൂട്ട്. 1998) പു. 43-56

48. ഗംഗാധരൻ. പി.
രാജാവു നഗ്നനാണ്. ശാന്തകുമാർ സി. ജി., എഡി.
*വേനൽത്തുമ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന
ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 1998) പു. 57-74

49. ഗംഗാധരൻ. പി.
ജാലിയൻ വാലാബാഗ്. ശാന്തകുമാർ സി. ജി., എഡി.
*വേനൽത്തുമ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന
ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 1998) പു. 75-88

50. ഗംഗാധരൻ. പി.
ചന്ദ്രശേഖർ ആസാദ് ഒരു ചരിത്രപാഠം. ശാന്തകുമാർ സി. ജി.,
എഡി. *വേനൽത്തുമ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന
ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 1998) പു. 89-97

51. കേലു. എം. പി.
ആകാശം പൊട്ടി വീണു. ശാന്തകുമാർ സി. ജി., എഡി. *വേനൽത്തുമ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1998) പു. 98-105

52. ആര്യൻ, കണ്ണനൂർ. കറുത്ത വറ്റ്. ശാന്തകുമാർ സി. ജി., എഡി. *വേനൽത്തുമ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1998) പു. 106-111

53. ചിദംബരം. ഏ. ആർ. ഒരു പിടി നെല്ല്. ശാന്തകുമാർ സി. ജി., എഡി. *വേനൽത്തുമ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1998). പു. 112-129

54. കൃഷ്ണപിള്ള. ജി., ആലിന്തറ.
*പൂവൻ കോഴി മുട്ടയിട്ടു* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1999) പു. 55-87

55. അ. ഗ്ര. പു. 86

56. കുറ്റിക്കോൽ, ഗോപി.
*പൂതപ്പാട്ടിനു ശേഷം.* (കുറ്റിക്കോൽ: നെരുദ ബുക്സ്. 1972)

57. സാംസൺ, ജേക്കബ്.
*പറന്നു വന്ന പെരുച്ചാഴി.* (തിരുവനന്തപുരം: നവ സാക്ഷരതാ മിഷൻ. 2000)

58. അ. ഗ്ര. പു. 7

59. ചമ്പാട്, പ്രേമാനന്ദ്.
മനസ്സിലെ മുറിവുകൾ. *ഒന്നാനാം കുന്നിന്മേൽ* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 2000) പു. 34-57

60. ശിവപ്രസാദ്. എം.

*അപ്പൂപ്പൻ കത്തിച്ച കൈത്തിരി* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 2000) പു. 9-26

61. ശിവപ്രസാദ്. എം.

കിളിരൂരുരുളീ വാലുരുളീ. *അപ്പൂപ്പൻ കത്തിച്ച കൈത്തിരി* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 2000) പു. 40-51

62. വിശ്വനാഥൻ, ഗീത

*സ്വർഗ്ഗത്തിൻെറ മക്കൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 2000) പു. 24-41

63. വിശ്വനാഥൻ, ഗീത

സമ്പത്ത്. *സ്വർഗ്ഗത്തിൻെറ മക്കൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻറ്സ്റ്റിറ്റ്യൂട്ട്. 2000) പു. 8-21

64. ശശിധരൻ. എൻ., മനോഹരൻ. എം. കെ.

*കുട്ടികളുടെ വീട്.* (തൃശൂർ: കറൻറ്. 2001)

65. ഈശ്വരൻ നമ്പൂതിരി, ശ്രീപാദം.

*അയ്യേ പറ്റിച്ചേ. (*നൂറനാട്: ഉണ്മ പബ്ലിക്കേഷൻസ്. 2004)

66. ഈശ്വരൻ നമ്പൂതിരി, ശ്രീപാദം.

*നക്ഷത്രത്തിൻെറ മരണം.*(നൂറനാട്: ഉണ്മ പബ്ലിക്കേഷൻസ്. 2004)

67. കുഞ്ഞഹമ്മദ്. കെ. ഇ. എൻ.

അവതാരിക. *കരിയിലകളും കാറ്റും.* പ്രിയദർശൻ കാൽവരിഹിൽസ് (കോഴിക്കോട്: ആരവം പബ്ലിക്കേഷൻസ്. 2001)